# കൈരളി

| പുസ്തകം ൨൨. | ൧൧൧൨ മകരം | ലക്കം ൧൦. |
|---|---|---|

കൈരളീഭാഷണം.

## ഉതിർമണികൾ.

ഭാരതീയരായ മഹാന്മാരുടെ അതിരുകവിഞ്ഞ വിനയം സാഹിത്യത്തിന്നു വലിയൊരു നഷ്ടമായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഓലയും എഴുത്താണിയും സ്വാധീനമായിരുന്നിട്ടും തങ്ങളുടെ കൃതികൾപോലും എഴുതിവെയ്ക്കുവാൻ അവർ ശ്രദ്ധിച്ചിട്ടില്ല. ഓരോ സന്ദർഭത്തിൽ കറകളഞ്ഞ കവിതകൾ അനവധിയുണ്ടാക്കിയ രസികന്മാർ അവയെ പ്രചരിപ്പിക്കുവാൻ തൽപരന്മാരായിരുന്നില്ല. കേട്ടുകേൾപ്പിച്ച വല്ലവരും ഓർത്തിരുന്നെങ്കിൽ കവിതയുടെ ഭാഗ്യം എന്നേ പറയുവാൻ തരമുള്ളു. കേരളത്തെസ്സംബന്ധിച്ചേടത്തോളം ഇതു് അക്ഷരംപ്രതി പരമാർത്ഥമായിരുന്നു എന്നു പഴമക്കാരോടിടപെടുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവർക്കൊക്കെ അറിയാവുന്നതാണു്. ഏതാണ്ടിരുപത്തഞ്ചു കൊല്ലത്തിന്നുമുമ്പു മരിച്ചുപോയ കേരളീയസഹൃദയന്മാരിൽപ്പലരുടേയും സ്മൃതിപഥത്തിന്നു വിഷയമായിരുന്ന കവനശകലങ്ങൾ ഈ ലേഖകന്നു കേൾക്കുവാനിടവന്നിട്ടുണ്ടു്. അവയിൽച്ചിലതെല്ലാം പെറുക്കിയെടുത്തു കൈരളിയിൽ പ്രസിദ്ധം ചെയ്യാൽ ചിലരെങ്കിലും കണ്ടേക്കാം. അവരുടെ ആ ദർശനമാണു് ഈ ഉഞ്ഛവൃത്തിയുടെ ഉദ്ദേശ്യം.

എടവെട്ടിക്കാടിന്റേയും മററും പ്രസിദ്ധകൃതികൾ രസികരഞ്ജിനി മുതലായ മാസികകളിൽ പരസ്യംചെയ്തിട്ടുള്ളവയാണു്. മാസികാദ്വാരാ പ്രസിദ്ധപ്പെടുത്താത്ത പദ്യങ്ങൾ മാത്രം ഉദ്ധരിക്കുവാനാണു് ഇവിടെ ഉദ്യമിക്കുന്നതു്. എന്നാൽ മറെറാരു മാസികയിലോ പുസ്തകത്തിലോ പ്രസിദ്ധം ചെയ്യാത്തതിലേ കൈവെയ്ക്കു എന്നു ശപഥം

ചെയ്യുവാൻ ഒരുക്കമില്ല. ഒരു പ്രത്യേകവിഷയത്തിൻെറ ക്രമമായ ഗ്രന്ഥനമല്ലാസ്സയാൽ ചിന്താശീലന്മാരായ പണ്ഡിതന്മാർ നൊററി ചുളിച്ചേക്കാം. അവരോടു ക്ഷമാപണം മുൻകൂട്ടിത്തന്നെ ചെയ്തുകൊള്ളുന്നു.

## ഋഷിവിദ്വാൻ.

ഏതാണ്ട് ഒരു ശതാബ്ദത്തിന്നിപ്പുറം ജീവിച്ചിരുന്ന ഒരു സരസകവിയായിരുന്നു ഋഷിവിദ്വാൻ. 'ഋഷി' എന്നു ഇല്ലപ്പേരാണെന്നാണ് ഈ ലേഖകൻ ധരിച്ചിരിക്കുന്നതു്. ഇല്ലം തിരുവിതാംകൂറിൽ ആയാംകുടിക്കു സമീപമാണെന്നു കേട്ടിട്ടുണ്ടു്. ഇദ്ദേഹം കുന്നംകുളത്തിന്നടുത്തു ചൊവ്വല്ലൂർ എന്ന സ്ഥലത്തുള്ള സഭാമഠത്തിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു വിദ്വൽസങ്കേതമായിരുന്ന ആ സ്ഥലത്തു പരദേശത്തുനിന്നു് ഒരു പണ്ഡിതകവി വന്നു. അദ്ദേഹം "സരസിജകുമുദാനാം തുല്യകാലേ വികാസഃ" എന്നൊരു സമസ്യ കൊടുത്തതു

അഹനി ഖലു വിഹരന്ത്യാം കാപി തന്വ്യാം തടാകേ
ജലജകുമുദപൂർണ്ണേ പൂർണ്ണചന്ദ്രാനനായാഃ
അജനി കുതുകഹേതുഃ കോപി ലോകേ ജനാനാം
സരസിജകുമുദാനാം തുല്യകാലേ വികാസഃ

എന്നു പൂരിപ്പിച്ചതു ഋഷിയാണു്. പൂർണ്ണചന്ദ്രാനനയായ ഒരു സ്ത്രീ താമരയും ആമ്പലും നിറഞ്ഞ ഒരു കുളത്തിൽ പകൽ കിടന്നു കളിച്ചപ്പോൾ ആമ്പലും താമരയും ഒരുമിച്ചു വിടൎന്നു എന്നുള്ളതു മഹാജനങ്ങൾക്കു കൌതുകകരമായിരിക്കുന്നു എന്നാണു് ഈ പദ്യത്തിൻെറ താൽപൎയ്യം. ഋഷിയുടെ ഭാൎയ്യ സഭാമഠത്തിന്നടുത്തുള്ള ഒരു പ്രഭുകുടുംബത്തിലെ അംഗമായിരുന്നുവത്രെ. ഈ സ്ത്രീയെപ്പററി എഴുതിയതാണു്

കല്യാണാംഗ്യായുവതിരനയാ ഹന്ത തുല്യാ ഗുണൌഘൈഃ
സ്വർല്ലോകേ വാ ഭുവി ച ഫണിനാം മന്ദിരേ ചാന്യതോ വാ
കാവേത്യേവം ബഹുജനഗിരാ കാമിനീ സംപ്രപേദേ
കാവിത്യാഖ്യാ മകൃതസുകൃതൈൎദ്ദുൎല്ലഭാ വല്ലഭാ മേ.

എന്ന സരസപദ്യം.

സ്വൎഗ്ഗത്തിലോ ഭൂമിയിലോ പാതാളത്തിലോ ഇവളെപ്പോലെ ഗുണമുള്ള ഒരു യുവതി ആരാണു് (കാവാ) എന്നു ചോദിച്ച സുകൃതംകൊണ്ടു മാത്രം ലഭിക്കപ്പെടുന്ന എൻെറ ഭാൎയ്യക്കു പേരുതന്നെ കാവു എന്നായി. ഭൎത്താവുപേക്ഷിച്ച ഒരു സ്ത്രീക്കു് അവളുടെ ഭൎത്താവിന്നയപ്പാൻ എഴുതിക്കൊടുത്തതാണു താഴെ എഴുതുന്ന പദ്യം.

കാന്താരമദ്ധ്യ ഭവദീയവിയോഗതപ്താ
കാന്താരവഹ്നിപതിതാ ഹരിണാംഗനേവ
ഭസ്മീഭവേയമിതി ശങ്കിതമാനസാഹം
ഗാത്രാണിനേത്രസലിലൈഃ സ്നപയാമ്യജസ്രം.

ഭർത്താവേ, അങ്ങയുടെ വിയോഗത്താൽ കാട്ടുതീയിൽപ്പെട്ട മാൻപേടയെപ്പോലെ തപ്തയായ ഞാൻ അങ്ങുന്നു വരുന്നതിനു മുമ്പെങ്ങാനും ശരീരം ദഹിച്ചുപോയെങ്കിലോ എന്നു ഭയന്നു് ഇടവിടാതെ കണ്ണീർകൊണ്ടു കഴുകിക്കൊണ്ടിരിക്കയാണു്.

ഇത്തരത്തിൽ അനേകം പദ്യരത്നങ്ങൾ ഋഷിവിദ്വാൻ ഉണ്ടാക്കിയിട്ടുണ്ടു്.

## പട്ടത്തോൾ വിദ്വാൻനമ്പൂതിരിപ്പാട്ടു്.

വെൺമണി നമ്പൂതിരിയുടേയും മററു സമകാലികനായിന്ന പട്ടത്തോൾ വിദ്വാൻനമ്പൂതിരിപ്പാട്ടു സഭകളിൽ സാധാരണയായി അധികം പ്രസംഗിക്കാറില്ലായിരുന്നുവത്രേ. ഒരു ദിവസം പണ്ഡിതസദസ്സിൽക്കയറി ശാസ്ത്രവിഷയമായ ഒരു വലിയ പ്രസംഗം ചെയ്തു. അന്നു പ്രസംഗത്തിന്നു മുമ്പു് ആദ്യമായിച്ചൊല്ലിയ പദ്യം ഇതായിരുന്നു:

നാസ്തീദൃശോ വിധിരിഹ കവചനാപിതൂഷ്ണീ-
മാസ്താംജനോ ഗുണവിഹീന ഇതിത്രിലോക്യാം
കേകാവിലാസിനി കലാപിനി കിന്നു ഭേകാ
മൂകാ ഭവന്തി ഘനതുന്ദിലിതേ ദിഗന്തേ.

ഗുണഹീനൻ നിശ്ശബ്ദമായിരുന്നുകൊള്ളണമെന്നൊരു വിധി ഒരിടത്തുമില്ല; വർഷകാലത്തു ആകാശത്തെങ്ങും മേഘം നിറഞ്ഞിരിക്കുമ്പോൾ മയൂരങ്ങൾ മധുരഗാനം ചെയ്യുന്നുണ്ടല്ലോ എന്നു വിചാരിച്ചു തവളകൾ ശബ്ദിക്കാതിരിക്കുന്നില്ലല്ലോ.

## ആത്രർ അടിതിരിപ്പാട്ടു്.

പെരുമനത്തിന്നു സമീപമുള്ള ആത്രർ ഇല്ലത്തു അടിതിരിപ്പാട്ടു മനോരമത്തമ്പാട്ടിയുടെ ശിഷ്യനായിരുന്നുവെന്നു പ്രസിദ്ധമാണു്. സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ടിന്റെ കർത്താവെന്നറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ ഒററശ്ലോകങ്ങൾക്കുള്ള ഭംഗിയൊന്നു വേറെതന്നെയാണു്.
ശോഭാസർവ്വസ്വമേഷാം പ്രഥമമുപഹൃതം യത്ത്വയാലോചനാഭ്യാം

മാധ്വീമാധുൎയ്യഭാരഃ സഹ കളവചസാ മാൎദ്ദവം തൽപ്രതീകൈഃ
സ്ഥാനഭ്രംശോ മഹീയാനപിച വിരചിതസ്സ്വാനുഷസ്പൎദ്ധിനാം തൽ
പത്മാനാം ബന്ധനാത്ഥം വിരമ വരതനോ, പിഷ്ടപേഷേണ കിംസ്യാൽ

ഇപ്പദ്യം അടിതിരിപ്പാട്ട താമരമാല കെട്ടിക്കൊണ്ടിരുന്ന ഒരു സ്ത്രീയോട്ട പറഞ്ഞതാണത്രേ.

നീ കണ്ണുകൊണ്ടു കാന്തിയും വാക്കുകൊണ്ടു തേനിന്റെ മാധുരിയും അവയവങ്ങൾകൊണ്ടു മാൎദ്ദവവും മുമ്പുതന്നെ അപഹരിക്കുകയും അനന്തരം സ്ഥാനഭ്രംശം വരുത്തുകയും ചെയ്തു ഈ താമരപ്പൂക്കളെ ഇനി ബന്ധനത്തിൽപ്പെടുത്തുകകൂടി ചെയ്യരുതു്; പിഷ്ടപേഷണംകൊണ്ടിവിടെ എന്തു കാൎയ്യമാണുള്ളതു്?

അടിതിരിപ്പാട്ട പ്രഭാതത്തിൽ താൻ സ്നാനത്തിന്നു പോകുമ്പോൾ ഉറങ്ങിക്കൊണ്ടിരുന്ന ഒരു സ്നേഹിതൻ നമ്പൂരിയെ വിളിച്ചുണൎത്തിയ ഒരു പദ്യം മുത്തശ്ശി ചൊല്ലിക്കേട്ടിട്ടുണ്ടു്. കുട്ടിക്കാലത്തു മുത്തശ്ശിയിൽനിന്നു കിട്ടിയ ആ സമ്പാദ്യം ഇതാ താഴെ എഴുതുന്നു.

ഐന്ദ്രീമാശാ മരുണകിരണൈൎഭൂഷയത്യംശുമാലീ
പ്രീത്യുൽഫുല്ലം നളിനനയനാശ്ചാംബുജിന്യോ വിഭാന്തി
കൂജയന്തേശ്രവണകടുകം കുക്കുടാഃ കാമിനീനാം
നിദ്രാം മുഞ്ച ദ്വിജവരസഖേ സ്നാനവേളാ കിലൈഷാ.

ആദിത്യൻ തന്റെ ചെങ്കതിരുകളാൽ ആകാശത്തെ അലങ്കരിക്കുന്നു, താൎമിഴികളായ പൊയ്കകൾക്കു പരമാനന്ദത്താലെന്നപോലെ വികാസമുണ്ടായിക്കഴിഞ്ഞു, കാമിനികൾക്കു കണ്ണുകഠോരമായ വിധത്തിൽ കോഴികൾ കൂകിത്തുടങ്ങി; ഇനി അങ്ങുന്നു നിദ്രയെ ഉപേക്ഷിക്കണം, കുളിക്കേണ്ട സമയമായിരിക്കുന്നു.

## കിലാലൂർ കേശവൻനമ്പിയാർ.

കിലാലൂർ കേശവൻനമ്പിയാർ മുണ്ടോളി പാപ്പാത്തു വലിയ നീലകണ്ഠൻനമ്പിയാരുടെ ശിഷ്യനായിരുന്നു. ഇദ്ദേഹത്തിന്നു സരസപദ്യനിൎമ്മാണത്തിലെന്നപോലെ ദുഘ്ടം പിടിച്ച പദ്യങ്ങൾ ഉണ്ടാക്കുന്നതിലും അതിസാമൎത്ഥ്യമായിരുന്നു. കക്കാട്ടു കാരണവപ്പാടായിരുന്ന വിദ്വാൻ കുമരപുരത്തു കുഞ്ചുണ്ണിരാജാവവൎകൾക്കു ഇദ്ദേഹം സമൎപ്പിച്ച രണ്ടു പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

(1) യുഷ്മൽബുദ്ധിവിലാസശീതളകരേ ഭാഗ്യാംബുധേ രുദ്ധിതേ
വിദ്യാനന്ദചകോരതമശ്ശമകരേ വാക്യാമൃതം വൎഷതി

വിദ്വച്ചിത്തചകോരഹർഷിണിലസത്വത്രാന്തമന്തേ വസൽ-
പ്രജ്ഞാകൈരവിണീവികാസജനകേ കിംവാപരേണേന്ദുനാ.

(2) ജഗതിജയത്യപകാരക-
ബഹ്വസുരക്ഷപണകരണ നിപുണതമഃ
വിഭവാധികതാം പ്രാപ്തോ
ഹരിരിവകുമാരലയശ ധരണിപതിഃ

അർത്ഥം (1) ഭാഗ്യമാകുന്ന സമുദ്രത്തിൽനിന്നുണ്ടായവനും വിദ്യയാകുന്ന ആകാശത്തു സഞ്ചരിക്കുന്നവനും ഇരുട്ടിനെ ശമിപ്പിക്കുന്നവനും വാക്യാമൃതത്തെ വർഷിക്കുന്നവനും വിദ്വജ്ജനങ്ങളുടെ ഹൃദയചകോരങ്ങളെ ആനന്ദിപ്പിക്കുന്നവനും ശിഷ്യന്മാരുടെ ബുദ്ധിയാകുന്ന ആമ്പൽപ്പൊയ്കകൾക്കു വികാസമുണ്ടാക്കുന്നവനും ആയ ചന്ദ്രൻ എപ്പോഴും വിളങ്ങിക്കൊണ്ടിരിക്കെ മറെറാരു ചന്ദ്രനെക്കൊണ്ടുള്ള പ്രയോജനമെന്താണു്?

(2) അപകാരകബഹ്വസുരക്ഷപണകരണനിപുണതമനും (ശത്രുക്കളായ വളരെ അസുരന്മാരെ നശിപ്പിക്കുന്നതിൽ ഏററവും സമർത്ഥൻ എന്നും പകാരം കൂടാത്ത ബഹ്വസുരക്ഷപണത്തിൽ—ബഹ്വസുരക്ഷണത്തിൽ—ഏററവും സമർത്ഥൻ എന്നും അർത്ഥം) വിഭവാധികതയെ പ്രാപ്തനും (സംസാരബന്ധമില്ലാത്തവനെന്നും വിഭവശാലിഎന്നും) ആയ കുമരപുരത്തു രാജാവു് ഹരിയെപ്പോലെ ലോകത്തിൽ ജയിക്കുന്നു.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലേക്കു കേശവൻനമ്പിയാർ അടിയറവെച്ച പദ്യങ്ങളിൽ ഒന്നു്

പ്രതിശ്ലോകം ഭിന്നാൻ ശ്രുതിരസര
സാലംകൃതികൃതാൻ
ചമൽകാരാൻ സാരാൻ മനസിജ
നയൽഭിമ്മതിമതാം
മനോജ്ഞൈഃ ശബ്ദാർത്ഥൈഃ കളഹ
ഭവഭൂതി പ്രഭൃതിവൽ
പ്രബന്ധാൻ നിർമ്മാതും ഭവതിഭവ
ദന്യഃ കവിവരഃ

എന്നാണു്. (അർത്ഥം) ഓരോ ശ്ലോകത്തിലും ശ്രുതിരസം രസം അലങ്കാരം എന്നിവയുടെ ചമൽക്കാരം തോന്നിക്കുന്ന സുന്ദരശബ്ദാർത്ഥങ്ങളെക്കൊണ്ടു ഭവഭൂതിപ്രഭൃതികളെപ്പോലെ പ്രബന്ധനിർമ്മാണം ചെയ്യുവാൻ അങ്ങുന്നല്ലാതെ മറ്റാരുണ്ടു്?

ഒരു വിദ്യാരംഭത്തിൽ ഉണ്ടാക്കിയതാണ്

പ്രഭൂത പ്രബോധ പ്രമാണ പ്രദീപ-
പ്രധൂത പ്രപന്ന പ്രമോഹാന്ധകാരാം
നിശേശോപമാസ്യാമശേഷൈരുപാസ്യാം
പ്രജേശാസ്യരംഗാം ഭജേ സാദരംഗാം.

അർത്ഥം: വാഗ്ജ്ഞാനപ്രമാണത്തിന്റെ വെളിച്ചംകൊണ്ടു ആശ്രിതന്മാരുടെ അജ്ഞാനാന്ധകാരം നശിപ്പിക്കുന്നവളും മതിമുഖിയും ആരാലും ആരാദ്ധ്യയും വിധിവദനങ്ങളിൽ വിളയാടുന്നവളും ആയ സരസ്വതിയെ ഞാൻ ഭജിക്കുന്നു.

"രമാവല്ലഭം ഉപാസ്മഹേ" എന്നു വരത്തക്കവണ്ണം ഒരിക്കൽ ഒരു ശ്ലോകംതന്നെ കേശവൻനമ്പിയാർ എഴുതിയിട്ടുണ്ടു്.

രകാരാദ്യമരഭ്രാന്ത-
മാമ്രോന്നേത്യസ്യവാചകം
കൈരളം യൽ പദം തേന
വാച്യമർത്ഥമുപാസ്മഹേ.

രേഫംകൊണ്ടു തുടങ്ങുന്നതും രേഫമില്ലാത്ത 'ഭ്ര' കൊണ്ടു് അവസാനിക്കുന്നതും ആയ 'ആമ്രോന' എന്ന സംസ്കൃതവാചകത്തിന്റെ മലയാള വാചകംകൊണ്ടു വാച്യമായിരിക്കുന്ന അർത്ഥത്തെ ഞങ്ങൾ ഉപാസനം ചെയ്യുന്നു. രേഫംകൊണ്ടു തുടങ്ങി 'മാവല്ല' എന്നു ചേർത്തു രേഫമില്ലാത്ത 'ഭ്ര' കാരം കൂട്ടിയാൽ 'രമാവല്ലഭൻ' ആകുമെന്നു പറയേണ്ടതില്ലല്ലോ.

ഇതരവിരാഗപടോജ്ജ്വല
മിതരവിരാഗഃസ്മരാമിഗോവിന്ദം
സ്മരതാം തപം ദദതം
സ്മരതാം തപം ച ഗോപനാരീണാം

എന്നിങ്ങനെ ശബ്ദാലങ്കാരപ്രധാനങ്ങളായ അനേകം സ്തോത്രങ്ങളും രുഗ്മാംഗദചരിതം മുതലായ ചമ്പൂപ്രബന്ധങ്ങളും

പാകംവന്നോരു നേന്ത്രപ്പഴമഴ
കൊടരിഞ്ഞിട്ടു ധാരാളതോയേ
പാകംചെയ്യാശ്ശുവററിച്ചഥ കരി
വടിയാൽച്ചെറ്റുപററിച്ചെടുത്തു്

സാകം മൂപ്പിച്ചവൃത്തത്തൊടുവിധി
മനുജന്മാക്കുകല്പിച്ചശേഷം
നാകസ്ഥന്മാക്കു ശോകംകളവതിന
മൂത്തും തൽസമം നിശ്ചയിച്ചു

എന്നു തുടങ്ങിയ അനേകം ഭാഷാശ്ലോകങ്ങളും ചില തുള്ളൽക്കഥകളും കേശവൻനമ്പിയാർ എഴുതിയിട്ടുണ്ടു്. അതെല്ലാം അച്ചടിച്ചു പരസ്യപ്പെടുത്തുന്നതു് ഇക്കാലത്തും അനുചിതമായിരിക്കയില്ല.

പരേതന്മാരായ നാലുപേരുടെ കാവ്യക്ഷേത്രങ്ങളിൽനിന്നു മാത്രം പെറുക്കിയെടുത്തതാണു് ഈ ഉതിർമണികഠം. ആവശ്യം വരുന്നപക്ഷം ഈ വേലതന്നെ തുടരാമെന്നാണു് ഇപ്പോഴത്തെ വിചാരം. ഈ പഴഞ്ചൻപ്രസ്ഥാനം ആധുനികന്മാക്കു രുചിക്കുമോ എന്നറിഞ്ഞുകൂടല്ലോ.

കൈരളീദാസൻ.

····················

# കേരളത്തിലെ സംസ്കാരം.

കേരളത്തിലെ സംസ്കാരത്തെപ്പററി പ്രസംഗിക്കാറുള്ള മഹാന്മാരൊക്കെ ഇവിടെ പ്രാചീനകാലത്തു് ഉണ്ടായിരുന്ന ഒരു സുവർണ്ണകാലത്തെ വിവരിക്കുകയും കേരളീയസംസ്കാരം ശ്രേഷ്ഠമായ നിലയെ പ്രാപിച്ചതു് അക്കാലത്തായിരുന്നുവെന്നു സൂചിപ്പിക്കുകയും ചെയ്യാറുണ്ടല്ലോ. മാബലി നാടുവാണ കാലമായിരുന്നു അതു്. ഏററവും അടുത്ത അവസരത്തിൽ മേൽപ്രകാരം വിവരിക്കുകയും സൂചിപ്പിക്കുകയും ചെയ്തിരുന്നതു തിരുവനന്തപുരത്തെ മഹാരാജാസ് കോളേജിലെ പ്രിൻസിപ്പാളായ ശ്രീമാൻ എ. ഗോപാലമേനോൻ അവർകളായിരുന്നു. കേരളത്തിലെ കലാവിദ്യകളേയും സംസ്കാരത്തേയും പററി അദ്ദേഹം ഈയിടെ ചെയ്ത ഒരു അദ്ധ്യക്ഷപ്രസംഗത്തിൽ, മാബലി നാടുവാണ സുവർണ്ണകാലത്തെ വിവരിച്ചിരിക്കുന്നു.

ഒരു ദൈത്യരാജാവായിരുന്ന മാബലിയെ കൊല്ലത്തിൽ ഒരിക്കലെങ്കിലും ഓർമ്മിക്കാത്ത കേരളീയരില്ല. സുപ്രസിദ്ധ വിഷ്ണുഭക്തനായി പുരാണത്തിൽ വിവരിച്ചിരിക്കുന്ന പ്രഹ്ലാദന്റെ പുത്രനായ വിരോചനന്റെ പുത്രനായിരുന്നു അദ്ദേഹം. തപസ്സുചെയ്തു ഇന്ദ്രനെ തോല്പിച്ചു മൂന്നു ലോകത്തിനും അദ്ദേഹം നാഥനായി. ദേവന്മാർ അതു സഹിച്ചില്ല. അവർ വിഷ്ണുവിങ്കൽ അഭയംപ്രാപിക്കുകയാൽ, വിഷ്ണു ഒരു കുള്ളൻ ബ്രാഹ്മണന്റെ വേഷം ധരിച്ചു മാബലിയോടു മൂന്നടി സ്ഥലം യാചിക്കുകയും എടുത്തുകൊൾവാൻ അനുവാദം കിട്ടിയ ഉടനെ കുള്ളൻ പെട്ടെന്നു ദീഘകായനായി പരിണമിക്കയും ഒരടികൊണ്ടു ഭൂലോകം മുഴുവനും, രണ്ടാമത്തെ അടികൊണ്ടു സ്വർഗ്ഗലോകം മുഴുവനും അടക്കി അളക്കുകയും ചെയ്തു. താൻ യാചിച്ചതനുസരിച്ചു ദാനംചെയ്തു ധർമ്മതൽപരനായ മാബലിയുടെ മുത്തച്ഛന്റെ പരമഭക്തിയും അദ്ദേഹത്തെ രക്ഷിക്കാൻ വേണ്ടി നരസിംഹമായി ജനിച്ചതും തൽക്കാലം വിസ്മരിച്ചിട്ടു്, പക്ഷേ മുത്തച്ഛന്റേയും അച്ഛനായിരുന്ന ഹിരണ്യകശിവുവെ ഓർമ്മിച്ചായിരിക്കാം, മൂന്നാമത്തെ അടി ധമ്മശാലിയായിരുന്ന ആ ദൈത്യരാജാവിന്റെ തലയിൽവെച്ചു് അദ്ദേഹത്തേയും കൂട്ടരേയും പാതാളത്തിലേക്കു ചവുട്ടിത്താഴ്ത്തിക്കളഞ്ഞു. അന്നു തുടങ്ങിയാണെന്നു തോന്നുന്നു, "കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുതു്" എന്ന പഴഞ്ചൊല്ലു് ഉണ്ടായതു്.

മാബലി നാടുവാണകാലത്തു കേരളം സ്വർഗ്ഗതുല്യമായിരുന്നുവെന്നു് എല്ലാവരും ഗോപാലമേനോൻ അവർകളും പറയുന്നു.

രാജ്യത്തു് ആധിയുമില്ല വ്യാധിയുമില്ല; ബാലമരണം കേവലമില്ല, ജനങ്ങളൊക്കെ പത്തായിരത്താണ്ടു ജീവിച്ചിരുന്നു. അതുകൊണ്ടു വൈദ്യന്മാരുടേയും വൈദ്യശാലകളുടേയും മരുന്നുഷാപ്പുകളുടേയും വിശേഷിച്ചു നഴ്സുമാരുടേയും ആവശ്യം ഉണ്ടായിരുന്നില്ല. കള്ളവുമില്ല, കളവുമില്ല; അതിനാൽ കോടതിയും വിചാരണയും, പോലിസ്സുകാരും ലാത്തിയടിയും, മാത്രമല്ല വക്കീൽമാരും വക്കീൽഗുമസ്ഥന്മാരും ആവശ്യമുണ്ടായിരുന്നില്ല. അന്നു വിത്തിനു നൂറു വിളവു കിട്ടിയിരുന്നു. അതുകൊണ്ടു കർഷകസംഘത്തിന്റേയും കാർഷികാശ്വാസബില്ലിന്റേയും മററും ആവശ്യവും ഉണ്ടായിരുന്നില്ല. അങ്ങിനെയുള്ള സ്ഥിതിയിൽ അക്കാലത്തു ജനങ്ങളുടെ സംസ്കാരം എത്ര മഹനീയമായിരുന്നിരിക്കാം എന്നു പറയേണ്ടതില്ല.

തന്റെ പ്രജകളുടെ സന്തതികളെ കണ്ടു ക്ഷേമാദികൾ അറിഞ്ഞുപോകാൻ മാബലി കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വരും. അതു ചിങ്ങത്തിലെ തിരുവോണം നാളിലായിരിക്കും. ഇപ്പോൾ ശരീരത്തോടുകൂടി വല്ല ഗവർണ്ണരൊ വൈസറോയിയോ മറേറാ തീവണ്ടിയിലൊ കാറിലൊ വരുമ്പോൾ നാട്ടിലൊക്കെ വലിയ വാഴക്കുലയും തെങ്ങാക്കുലയും മററും കൊണ്ടുവന്നു രാജ്യം അലങ്കരിക്കുംപോലെ, മാബലി സങ്കല്പലോകത്തുകൂടി, സങ്കല്പവാഹനത്തിൽകയറി, സങ്കല്പശരീരത്തിൽ ഇവിടെ എത്തുമ്പോൾ, ജനങ്ങൾ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ മോടിയുള്ള കോടിവസ്ത്രം ഉടുത്തു വയറു നിറയെ ശാപ്പിട്ടു, തങ്ങൾക്കു ഇപ്പഴും മാബലി നാടുവാണിരുന്ന കാലത്തെപ്പോലെ സുഖംതന്നെയാണെന്നു കാണിച്ചുകൊടുക്കും. എന്നാൽ അന്നു മനുഷ്യരെല്ലാരും ഒന്നുപോലെയായിരുന്നുവെങ്കിലും ഇന്നു് ഓണം നാളിലും കേളനു കുമ്പിളിലാണു ചോറെന്നും അവൻ മററു ചിലരെ തീണ്ടാനും തൊടാനും പാടില്ലാതെ അകലെ നില്ക്കുകയാണു ചെയ്യുന്നതെന്നും മാബലി കാണുകയില്ല. തന്നെ ചവിട്ടി പാതാളത്തിലാക്കിക്കളഞ്ഞ വിഷ്ണുവെ ക്ഷേത്രത്തിൽവെച്ചു പൂജിച്ചുപോരുന്നവരും അതിൽ കടക്കാൻ പാടില്ലാതെ ദൂരെ നില്ക്കുന്നവരും തമ്മിലുള്ള വ്യത്യാസവും അതിലടങ്ങിയ അന്യായവും മാബലി കാണുകയില്ല. അഥവാ കണ്ടാലും, പണ്ടത്തെ കള്ളൻബ്രാഹ്മണൻ മൂർദ്ധാവിൽ ചവിട്ടിയതു ഓർമ്മിച്ചു ഭയപ്പെട്ടു മിണ്ടുകയില്ല. മാബലി പാതാളത്തിൽ താഴ്ത്തപ്പെട്ടശേഷം, ഇവിടെ അനേകലക്ഷം ജനങ്ങൾ പാതാളപര്യന്തം താണുകിടക്കാൻ ഇടയായ നിലയിൽ ഇവിടെയുള്ള സംസ്കാരം എന്താണെന്നാണു് ആലോചിച്ചു നോക്കേണ്ടതു്.

എന്താണു സംസ്കാരം? ആഭ്യന്തരമായ പരിഷ്കാരമാണു സംസ്കാരം എന്നു് ഒരു വിദ്വാൻ പറയുന്നു. ഇംഗ്ലീഷിലുള്ള "കൾച്ചർ" എന്ന വാക്കിനു പകരമായിട്ടാണു നമ്മൾ സംസ്കാരം എന്ന പദം ഉപയോഗിക്കുന്നതു്. ആ അർത്ഥത്തിൽ തന്നെയാണു് ഞാൻ ഇവിടെ ഉപയോഗിക്കുന്നതും. കൾച്ചർ എന്നതിന്നു നിഘണ്ടുവിലുള്ള ഒന്നാമത്തെ അർത്ഥം കൃഷിപ്രവൃത്തിയെന്നാണു്. ചെളിയിലും ചേറിലും മുഴുകിക്കിടന്നവിത്തു കാലാനുകൂലതകൊണ്ടും പരിപോഷണംകൊണ്ടും സാവധാനത്തിൽ മുളച്ചുവളൎന്നു, ചെടിയായും മരമായും തീൎന്നു മനോഹരമായി സൌരഭ്യമുള്ള പുഷ്പങ്ങൾ വഹിക്കുകയും രുചികരമായി പോഷണകരമായ ഫലങ്ങൾ കാച്ചുകയും ചെയ്യുന്നു. അതുതന്നെ കൃഷിയുടെ ഫലം. അതുതന്നെ കൾച്ചർ. അതുതന്നെ സംസ്കാരം. എന്നാൽ പുഷ്പത്തിൽ നിന്നു പുഷ്പവും, ഫലത്തിന്മേൽ ഫലവും ഉണ്ടാകാതെ, അവ പിന്നെയും വിത്തായി, വീണ്ടും ചെളിയിലും ചേറിലും കിടന്നു മുളച്ചു ക്രമേണ വളൎന്നു വേണം ഫലപുഷ്പങ്ങൾ ഉണ്ടാവാൻ എന്നു നമ്മൾ ഓൎമ്മിച്ചാൽ, സംസ്കാരം സിദ്ധിച്ച ആളുകളുടെ സന്താനങ്ങൾക്കു സംസ്കാരം ജന്മനാസിദ്ധമാകയില്ലെന്നു മനസ്സിലാക്കാം. ഈ പരമാൎത്ഥം എളുപ്പം മനസ്സിലാക്കാൻ ക്രിസ്തീയവേദപുസ്തകത്തിൽ പറഞ്ഞ ഒരു ഉപമ സഹായമായിത്തീരുന്നതാണു്. അതിൽ ഇങ്ങിനെ പറയുന്നു. "വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു് അവ തിന്നുകളഞ്ഞു. ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്ത സ്ഥലത്തു വീണു, മണ്ണിന്നു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു; സൂൎയ്യൻ ഉദിച്ചാറെ ചൂടുതട്ടി, വേരില്ലായ്കയാൽ അതു് ഉണങ്ങിപ്പോയി. മററു ചിലതു മുള്ളിന്നടിയിൽ വീണു; മുള്ളു മുളച്ചു വളൎന്നു, അതിനെ ഞെരുക്കിക്കളഞ്ഞു. മററുചിലതു നല്ല നിലത്തു വീണു; നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു."

നല്ല മരത്തിന്റെ വിത്തു ചിത്തയായി മുളച്ചുവളരുന്നതിലും സജ്ജനത്തിന്റെ സന്താനം ദുൎജ്ജനമായും സംസ്കൃതരുടെ സന്തതി അസംസ്കൃതനായും നേരെ മറിച്ചും വളരുന്നതിലും അന്തൎഭവിച്ച രഹസ്യം മേല്പറഞ്ഞ ഉപമയിൽനിന്നു മനസ്സിലാക്കാമല്ലൊ.

സാഹചര്യം, പരിശീലനം, വിജ്ഞാനസമ്പാദ്യം ഇവയെല്ലാം പ്രകൃതിയുടെ സഹായത്താൽ യോജിച്ചു വളൎന്നുണ്ടാകുന്ന ഫലമാണു

സംസ്കാരം. നമ്മൾ സംസ്കാരത്തെ സാഹിത്യോചിതമായ ഒരു പദമായി ഉപയോഗിക്കുന്നുവെന്നല്ലാതെ അതിനെപ്പററി അധികം ഗൌരവമായി ചിന്തിക്കുകയോ, അതിനെ അത്ര അധികം വിലവെക്കുകയൊ ചെയ്യുന്നുണ്ടോ എന്നു ഞാൻ വളരെ സംശയിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ സംസ്കാരം വ്യക്തികളുടെ ഏററവും മഹത്വമേറിയ ഗുണവും യോഗ്യതയുമായി കരുതപ്പെടുന്നു. അവിടെ ഒരു സ്നേഹിതനെപ്പററി അറിവില്ലാത്തവനെന്നോ, ആലോചനയില്ലാത്തവനെന്നോ മറേറാ ആക്ഷേപിച്ചാൽ അയാൾ അതു സഹിക്കുമെങ്കിലും, സംസ്കാരം കുറഞ്ഞവനാണെന്നു പറഞ്ഞാൽ അതു വലിയ നിന്ദയും അപകീർത്തിയുമായി കരുതുമെന്നു പ്രസ്താവിച്ചുകാണുന്നു.

“അപരിഷ്കൃതനിലയിൽ കശപിശകൂട്ടി കാലം കഴിക്കുന്ന ഒരു കൂട്ടം ജനങ്ങളിൽനിന്നു് അത്യുച്ചത്തിലുള്ള പർവ്വതശിഖരത്തിന്മേൽ കലാവിജ്ഞാനങ്ങളാൽ അലംകൃതമായ രാജധാനിയിലാണു സംസ്കാരത്തിൻെറ അധിവാസം” എന്നു് ഒരു ആംഗ്ലേയപണ്ഡിതൻ പറയുന്നു. “നിന്നെക്കാൾ പരിശുദ്ധനാണു ഞാൻ” എന്ന നാട്യം പലപ്പോഴും അഹങ്കാരത്തിൻെറയും ധിക്കാരത്തിൻെറയും ലക്ഷണമെന്നല്ലാതെ സംസ്കാരത്തിൻെറ ഫലമായിരിക്കുകയില്ല. എന്നാൽ സംസ്കാരത്തെത്തന്നെ, പലരും പലവിധത്തിൽ ധരിച്ചെന്നും വ്യാഖ്യാനിച്ചെന്നും വരാം. ടെനിസൻപ്രഭുവിൻെറ ക്രിക്കററ് ടീം കല്ക്കത്തയിൽവെച്ചു കളിച്ചതിൽ, ഇന്ത്യക്കാർക്കു് എത്ര “സ്കോർ” കിട്ടിയെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടെങ്കിൽ നിങ്ങൾക്കു സംസ്കാരമില്ലെന്നു് ഒരാൾ പറവാൻ മതി. ഗോദാവരിനദിയിലെ പാലത്തിൻെറ നീളവും നൈസാം മഹാരാജാവിൻെറ രത്നക്കല്ലുകളുടെ വിലയും സംഭാഷണാവസരത്തിൽ പറവാൻ കഴിഞ്ഞില്ലെങ്കിൽ വല്ലവരും നിങ്ങൾ അസംസ്കൃതനാണെന്നു പറഞ്ഞേക്കും. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾ സമ്മതിച്ച കോൺഗ്രസ്സിൽ അംഗമായി ചേർന്നില്ലെങ്കിൽ നിങ്ങൾ സംസ്കാരമില്ലാത്തവനാണു്. നിങ്ങൾ “പൂരസഹസ്രം” മനഃപാഠം പഠിച്ചിട്ടില്ല, ഇല്ലേ? എന്തൊരു സംസ്കാരമില്ലാത്ത ആളാണു്? എന്നു ചിലർ ചോദിക്കില്ലെന്നില്ല. അഞ്ചാറു സരസന്മാർ കൂടിയ കൂട്ടത്തിൽ നിങ്ങൾക്കു ശീട്ടുകളി അറിഞ്ഞുകൂടെന്നു കണ്ടാൽ നിങ്ങൾ നിശ്ചയമായും സംസ്കാരം ഇല്ലാത്ത ആളാണു്. പാശ്ചാത്യസമ്പ്രദായത്തിലുള്ള “ഡിന്നർ” കഴിക്കുന്ന അവസരത്തിൽ നിങ്ങൾ അല്പം മദ്യം കഴിച്ചില്ലെങ്കിൽ, നവീനസംസ്കാരം സിദ്ധിക്കാത്ത പാവമാണു നിങ്ങൾ എന്നു ധരിച്ചു പലരും നിങ്ങളെ പു

ഹരമായി നോക്കി മന്ദഹസിക്കും. നിങ്ങൾക്കു ചുരുട്ടും വേണ്ട, സിഗററും വേണ്ട, ചുരുക്കത്തിൽ ബീഡിയാണെങ്കിൽ അതും വേണ്ട. തീർച്ചയായും നിങ്ങൾക്കു സംസ്കാരമെന്താണെന്നുതന്നെ അറിഞ്ഞുകൂടാ. ഈ ഇരുപതാംനൂററാണ്ടിലും നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവനാണെങ്കിൽ, സംശയമില്ല, അശേഷം സംസ്കാരമില്ലാത്ത വെറും പാവംതന്നെ നിങ്ങൾ.

ഇതൊക്കെ കേൾക്കുമ്പോൾ സംസ്കാരമെന്നതു്, മായയെന്നും പരബ്രഹ്മമെന്നും മററും പറഞ്ഞു കേൾക്കുമ്പോൾ സാധാരണജനങ്ങൾക്കുണ്ടാകുന്ന ഒരു വിധം അമ്പരപ്പാണു് ഉണ്ടാകുക. ഒരോരുത്തനും ജീവിതത്തിൽ അന്യരെ അപേക്ഷിച്ചു മഹത്വമുണ്ടാകേണമെന്ന ആഗ്രഹമോ ഉണ്ടെന്നുള്ള വിശ്വാസമോ അനുസരിച്ചു് അതിലേക്കുള്ള പരിശ്രമത്തിന്റേയൊ, അതിന്റെ പ്രദർശനത്തിന്റേയൊ ഫലമല്ലാതെ ഇവയൊന്നും സംസ്കാരത്തിന്റെ ലക്ഷണമല്ലെന്നാണു മനശ്ശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം. ചില എഞ്ചിനിൽനിന്നു പുറത്തേക്കു ചിലപ്പോൾ ബാഷ്പം വിടാറുള്ളതുപോലെ, ഓരോരുത്തരുടേയും ഉള്ളിൽ നിറഞ്ഞു കിടക്കാറുള്ള മഹത്വചിന്ത പുറത്തേക്കുവിട്ടു അവരവരുടെ യോഗ്യതയും പ്രാപ്തിയും സ്ഥാപിക്കാനും അവരവരുടെ ദോഷത്തെപ്പോലും ഗുണമായി വ്യാഖ്യാനിക്കാനുമുള്ള പരിശ്രമമാണു് ഇവയൊക്കെ. അതേസമയത്തു് യഥാർത്ഥസംസ്കാരത്തിന്റെ സർവ്വസമ്മതമായ മഹത്വത്തെ ആ വഴിയായി ഓരോരുത്തരും സമ്മതിക്കുകയാണു ചെയ്യുന്നതു്.

ഒരു സമുദായത്തിന്റേയൊ വർഗ്ഗത്തിന്റേയൊ രാജ്യവാസികളുടേയൊ ഏററവും ഉൽകൃഷ്ടമായ ഗുണങ്ങളുടെ സമാഹരണം അനായാസേന പ്രത്യക്ഷപ്പെടുന്നതു അവരുടെ സംസ്കാരം വഴിയായിട്ടാകുന്നു. ഒരു കാടനും നാഗരികനും തമ്മിൽ അവരുടെ സംസ്കാരത്താൽ വ്യത്യാസപ്പെട്ടുകാണാം. എന്നാൽ പലതരം വിജ്ഞാനങ്ങളും നിറച്ചുവെച്ച ഒരു പെട്ടകംപോലെയുള്ള മനുഷ്യൻ സംസ്കൃതനായിരിക്കേണമെന്നില്ല. നമ്മുടെ രാജ്യത്തു, "തർക്കവ്യാകരണാദിശാസ്ത്രജലധികുംഭസംഭൂതനായി" അറിയപ്പെടുന്ന ഒരാൾപോലും സമജീവികളോടു പെരുമാറേണ്ടതു് എങ്ങിനെയാണെന്നു അറിയാതെ, സമഭാവനകൂടാതെ, സ്വച്ഛനും ഉൽകൃഷ്ടനുമാണെന്നു നടിച്ചുകാണുമ്പോൾ, പാശ്ചാത്യവിദ്യാഭ്യാസംകൊണ്ടും നാഗരികന്മാരുടെ സമ്പർക്കംകൊണ്ടും സംസ്കാരമെന്താണെന്നു് ഏകദേശമായ അറിവുസിദ്ധിച്ച കുട്ടികൾക്കുപോലും അയാളെ പരിഹാസമായിരിക്കുമെന്നു കാണാം, യുവജനങ്ങളുടെ ഒന്നിച്ചു തീവണ്ടിയിൽ സഞ്ച

രിച്ചവർ ഇതിന്നു അനേകം ദൃഷ്ടാന്തങ്ങൾ കണ്ടിരിക്കാം. ആ പരിഹാസശീലം യുവത്വത്തിന്റേയോ, യുവജനസാമാന്യമായി വ്യവഹരിക്കപ്പെടുന്ന എടുത്തുചാട്ടത്തിന്റേയോ ലക്ഷണമായി മാത്രം വിചാരിക്കുന്നതു ശരിയല്ല. ഒരാൾ വായ തുറന്നു സംഭാഷണം ആരംഭിക്കുമ്പോൾ തന്നെ, അയാൾ പണ്ഡിതനോ, അപണ്ഡിതനോ, എന്നു മാത്രമല്ല, പണ്ഡിതമൂഢനൊ എന്നും അറിയാം. ഈ ഒടുവിൽപറഞ്ഞ പ്രത്യേക ജീവിയാണു് ഇക്കാലത്തു പരിഹാസത്തിനു പാത്രമാകുന്നതു്. ശാസ്ത്രഗ്രന്ഥങ്ങൾ അടക്കിവെച്ച ജീവനോട്ടുകൂടിയ 'അൾമാറ" പോലെയുള്ള ആവക ജീവികളാണു വെറം പാണ്ഡിത്യവും സംസ്കാരവും തമ്മിൽ സംബന്ധമുണ്ടായിരിക്കേണമെന്നില്ലെന്നു തെളിയിക്കുന്ന ഉത്തമദൃഷ്ടാന്തങ്ങൾ. കേരളത്തിലെ പഴയ സംസ്കാരത്തെ അളന്നുനോക്കാൻ, ഇക്കാലത്തെ അളവുകോൽ ഉപയോഗിക്കുന്നതു യുക്തമായിരിക്കയില്ലെന്നു പറയാമെങ്കിലും, അന്നത്തെ സംസ്കാരത്തിന്നു പ്രകൃത്യാ സിദ്ധിച്ച ക്രമപ്രവൃദ്ധമായ വളൎച്ചയുടെ ഫലംതന്നെയാണൊ ഇന്നത്തെ സംസ്കാരമെന്നു നമ്മൾ ആലോചിച്ചു നോക്കേണ്ടതാണു്. ഇതരജലാശയങ്ങളുമായി സമ്പൎക്കമില്ലാതെ കെട്ടിനില്ക്കുന്ന വെള്ളം കെട്ടു നാറിപ്പോകാതെ നിവൃത്തിയില്ല. തങ്ങൾക്കുള്ള അറിവും പരിഷ്കാരവും സംസ്കാരവും ഇതരസമുദായങ്ങളിൽ പകരാനും, ഇതരസമുദായങ്ങളിലെ നല്ലകാൎയ്യങ്ങൾ സ്വീകരിക്കാനും സംഗതിയോ സൌകൎയ്യമോ ഉണ്ടാക്കാതെ ചുററം ജാതിഭിത്തി കെട്ടിപ്പൊക്കി അതിന്നുള്ളിൽ നിൎബ്ബാധമായി ജീവിച്ച സമുദായങ്ങൾ, ആ ഭിത്തി അവിടവിടെ ഉടഞ്ഞുവീണു് ആ പഴുതിൽക്കൂടി പുറമെയുള്ള പ്രകാശം കാണുമ്പോൾ, അമ്പരന്നു പരിഭ്രമിച്ചു വേവലാതിപ്പെടുന്നതിൽ അത്ഭുതമില്ല.

കേരളീയൎക്കു് ഏതെല്ലാം തരത്തിൽ എത്രയെല്ലാം സംസ്കാരം ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം നശിക്കുകയോ കണ്ടാൽ അറിയാത്തവിധം കോലം മാറുകയോ ചെയ്തിരിക്കുന്നു. നൃത്യകലയോ, സംഗീതകലയോ, കാവ്യകലയോ, ചിത്രമെഴുത്തോ, മറേറതെങ്കിലും കലകളോ എടുത്തുനോക്കിയാൽ ഇതിന്റെ പരമാൎത്ഥം വെളിവാകുന്നതാകുന്നു.

നൃത്യകല കേരളത്തിൽ പരശുരാമന്റെ കാലം മുതല്ക്കേ ഉണ്ടായിരുന്നുവെന്നു പറയുന്നു. അതിന്റെ ഉത്ഭവം ഭാഷാചരിത്രത്തിൽ പറയുന്നതു് ഇങ്ങിനെയാണു്.

"പണ്ടു പരശുരാമന്റെ കാലത്തു, പരദേശത്തുനിന്നും സൂതകാലജാതന്മാർ കേരളത്തിൽ വന്നു. കേരളത്തിലെ ഉത്തമകുലത്തിലെ ദമ്പ

തിമാരിൽ നിന്നു വ്യഭിചാരം കൊണ്ടു് അനുലോമമായി ദോഷപ്പെട്ടാൽ പാത്രമോ ബീജമോ ഒന്നു ശുദ്ധവും ഒന്നു് അശുദ്ധവും ആയിരിക്കുമ്പോൾ ജനിക്കുന്ന പുരുഷന്മാരെ പരശുരാമൻ ഈ സൂതകുലക്കാരോടു ചേർത്തു. ശ്ലാഘ്യകുലജന്യന്മാരായിരുന്നതിനാൽ അവർക്കു ചാക്യാർ എന്ന പേർ കൊടുക്കുകയും സംസ്കൃതനാടകം അലങ്കാരശാസ്ത്രം വ്യാകരണശാസ്ത്രം ഭാരതം രാമായണാദിപുരാണങ്ങൾ ഭരതനാട്യശാസ്ത്രം ഇവ പഠിച്ചു പുരാണകഥകളെ പ്രബന്ധമാക്കീട്ടുള്ളതിനെ സഭയിൽ പ്രവേശിപ്പിച്ചു ജനങ്ങൾക്കു് അറിവുണ്ടാക്കികൊടുക്കുകയും നാടകങ്ങൾ സഭയിൽ അഭിനയിച്ചു് ആടുകയും ചെയ്തു ദേവനും ജനങ്ങൾക്കും സന്തോഷം വരുത്തുന്നതു് അവർക്കു വൃത്തിയായി കല്പിക്കുകയും ചെയ്തു. ഈ ആജ്ഞാനുസാരം പ്രവർത്തിക്കുന്നതിനെ മലയാളത്തിൽ ചാക്യാർകൂത്തെന്നു പറയുന്നു.”

അതിൻശേഷം നമ്മൾ കൃഷ്ണാട്ടത്തെപ്പററി കേൾക്കുന്നു. അതിൻെറ അതിരസകരമായ ഉൽഭവവും ഭാഷാചരിത്രകാരൻതന്നെ പറയട്ടെ. അതു് ഇങ്ങിനെയാണു്.

“ഒരു ദിവസം കോഴിക്കോട്ടു മാനവേദൻ രാജാവും വില്വമംഗലത്തു സ്വാമിയാരും ഓരോ സല്ലാപം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഭഗവാനെ കാണിച്ചു കൊടുക്കേണമെന്നു രാജാവു സ്വാമിയാരോടു് അപേക്ഷിച്ചു. രാജാവിൻെറ വക ഒരു ക്ഷേത്രത്തിൽ ദർശനത്തിനു പോകുന്ന സമയം അവിടെയുള്ള ഒരു കൊന്നമരത്തിൻെറ ചുവട്ടിൽ ഉണ്ണികൃഷ്ണനായി പുഷ്പം ശേഖരിച്ചുകൊണ്ടിരിക്കുന്നതു കാണാമെന്നു സ്വാമിയാർ പറഞ്ഞു. അപ്രകാരം രാജാവു ക്ഷേത്രത്തിൽ ചെന്നസമയം ഭഗവാനെ കാണുകയും ഉടനെ അത്യന്തഭക്തികൊണ്ടു് ആനന്ദപരവശനായിട്ടു ഭഗവാനെ കെട്ടിപ്പിടിക്കാൻ ഭാവിച്ചപ്പോൾ ‘അതു വില്വമംഗലം പറഞ്ഞിട്ടില്ല’ എന്നു അരുളിചെയ്തു ഭഗവാൻ മറകയും ചെയ്തു. അപ്പോൾ ഭഗവാൻെറ തിരുമുടിയിൽ നിന്നും ഒരു മയിൽപീലി രാജാവിനു കിട്ടി. പരമഭക്തനായ രാജാവു് ഈ മയിൽപീലി കൂടെവെച്ചു് ഒരു കൃഷ്ണൻെറ കിരീടവും വേറെ ആട്ടക്കോപ്പുകളും തീർപ്പിക്കുകയും കൃഷ്ണാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കൃഷ്ണചരിതം കഥ മുഴുവൻ എട്ടു ദിവസത്തെ കഥയായിട്ടു സംസ്കൃതത്തിൽ ഉണ്ടാക്കുകയും ചെയ്തിട്ടു, അന്നു മുതൽ ഭക്തിയോടുകൂടി അതിനെ ആടിച്ചുവന്നു. ഇതാണു കൃഷ്ണാട്ടം.”
അതിനുശേഷം ആട്ടക്കഥയുണ്ടായി. അങ്ങെയിൽ ഇന്നു പുളിശ്ശേരിയാണെങ്കിൽ നമ്മൾക്കിന്നു സാമ്പാറാകട്ടെ, എന്നു പറഞ്ഞതുപോലെ വട

ക്കുക കൃഷ്ണാട്ടമാണെങ്കിൽ നമ്മൾക്കു രാമനാട്ടമാവട്ടെ എന്നു പറഞ്ഞു കൊട്ടാരക്കരതമ്പുരാൻ ഉണ്ടാക്കിയതാണത്രെ ആട്ടക്കഥ. അതിനെ കോട്ടയത്തു തമ്പുരാനും ചില നമ്പൂരിമാരും കുറെ പരിഷ്കരിച്ചു. നമ്മുടെ നൃത്യകല, കുറെ ശതവർഷം അവിടെ നിന്നു. യാതൊന്നും സ്ഥിരമായി നില്ക്കയില്ലെന്നും മുന്നോട്ടുപോയില്ലെങ്കിൽ പിന്നോട്ടു പോകേണമെന്നതു നിർബ്ബന്ധമാണെന്നും ഉള്ള തത്വം ശരിയാണെങ്കിൽ, കുറെ ശതവർഷം കേരളത്തിലെ നൃത്യകലക്കു് അധോഗതിയായിരുന്നു ഉണ്ടായിരുന്നതെന്നു സമ്മതിക്കേണ്ടിവരും. എങ്ങിനെ അതു സംഭവിക്കാതിരിക്കും? ചാക്യാർകൂത്താകട്ടെ, കൃഷ്ണാട്ടമാകട്ടെ, "ദേവന്നും ജനങ്ങൾക്കും" സന്തോഷം വരുത്താൻ ഉണ്ടാക്കിയവയാണെന്നാണു പറഞ്ഞിട്ടുള്ളതെങ്കിലും ജനങ്ങൾ എന്നതിന്നു കേരളത്തിലെ സവർണ്ണജാതിഹിന്തുക്കൾ എന്നു മാത്രമേ അർത്ഥമുള്ളുവെന്നും ദേവൻ എന്ന പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു സവർണ്ണജാതിഹിന്തുക്കൾക്കുമാത്രം പ്രവേശിക്കാവുന്ന ക്ഷേത്രത്തിൽ ആരാധനാമൂർത്തിയായി പ്രതിഷ്ഠിക്കപ്പെട്ട ദേവനാണെന്നും എല്ലാവർക്കും അറിയാം. ചാക്യാർകൂത്തും കൃഷ്ണാട്ടവും ഇന്നും നടപ്പുണ്ടെങ്കിൽ അവയെ കേൾപ്പാനൊ, കാണ്മാനൊ, അന്ത്യജാതിക്കാർക്കോ അന്യമതക്കാർക്കോ ഇന്നും പാടില്ല. ഞാൻ ആദ്യം പറഞ്ഞതുപോലെ ഇതരജലാശയങ്ങളുമായി സമ്പർക്കമില്ലാതെ കെട്ടിനിർത്തപ്പെട്ട ആ ജലം കെട്ടു നാറിയോ വററിക്കുറഞ്ഞോ നശിച്ചതിൽ എന്താണു് അത്ഭുതം? ഒരു സംസ്കാരം അങ്ങിനെ പോയി. ആട്ടക്കഥതന്നെ അടുത്തകാലംവരെ അവർണ്ണരുടെ വീടുകളിൽ കളിക്കാൻ പാടില്ലെന്നു കല്പിക്കപ്പെട്ടിരുന്നു. ഏതാണ്ടു നൂറുകൊല്ലം മുൻപു വടക്കെ മലബാറിലെ തീയ്യരും മററു ചില അവർണ്ണരും കൂടി, ഒരു കഥകളിയോഗം ഏർപ്പെടുത്തി അഭ്യസിക്കുകയും അവർണ്ണരുടെ വീടുകളിലെല്ലാം കളിക്കുകയും ചെയ്തു. അതിന്നുശേഷം ധനസമ്പാദ്യം കുറഞ്ഞുകണ്ടതിനാൽ സവർണ്ണരുടെ കളിയോഗങ്ങൾ അവർണ്ണവീടുകളിലും കളിച്ചുതുടങ്ങി. അതിന്നു് അവർണ്ണരുമായി സമ്പർക്കം ഇല്ലായിരുന്നുവെങ്കിൽ, കൃഷ്ണാട്ടം പോലെ അതും അധോഗതി പ്രാപിക്കുമായിരുന്നുവെന്നു മാത്രമല്ല, ഇന്നു മഹാകവി വള്ളത്തോൾ, അതിനെ പരിഷ്കരിക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ ഭസ്മമോ അവശിഷ്ടമോ വല്ല അമ്പലത്തിലോ കോവിലകത്തോ അന്വേഷിക്കേണ്ടിവരുമായിരുന്നു.

പ്രാചീനകാലത്തെ ഭാരതീയരുടെ ഇടയിൽ വിസ്മയകരമായ അഭിവൃദ്ധി പ്രാപിച്ചിരുന്നതായി ഭരതമുനിയുടെ ഗ്രന്ഥത്തിൽനിന്നു

നമ്മൾക്കു വിശ്വസിക്കാവുന്ന നാട്യകലയെ അനുസരിച്ചു മഹാപണ്ഡിതന്മാർ കേരളത്തിൽ ഏർപ്പെടുത്തിയതാണു് ആട്ടക്കഥയെന്നതിനു സംശയമില്ല. മനസ്സിലുള്ള ആശയത്തെ വാക്കുകൊണ്ടു പറയാതെ, അംഗപ്രത്യംഗോപാംഗങ്ങളുടെ ചലനത്താലും കൈമുദ്രകളാലും വിശദമാക്കാനുള്ള എല്ലാവിദ്യകളും അതിലുണ്ടു്. വല്ല കഥകളേയും ചിത്രീകരിച്ചുകൊണ്ടുള്ള നാട്യവും, പ്രത്യേകാശയങ്ങളെ വിശദമാക്കാതെയുള്ള മനോഹരമായ നൃത്തങ്ങളും ഭാവരസങ്ങളെ സ്ഫുരിപ്പിക്കുന്ന നൃത്യവും അതിലുണ്ടു്. നാട്യശാസ്ത്രത്തിൽ വിവരിച്ചു രണ്ടു കൈകൊണ്ടുമുള്ള സംയുതമുദ്രകളും ഒററക്കൈകൊണ്ടുള്ള അസംയുതമുദ്രകളും വഴിയായി, പതാകം, അർദ്ധപതാകം, മയൂരം, ശിഖരം, സൂചി, പത്മകോശം മുതലായവയെ ചിത്രീകരിക്കാനുള്ള വിദ്യകളും അതിൽ ഉണ്ടു്. പക്ഷേ പല തരത്തിലുള്ള പ്രേക്ഷകരുടെ അറിവും വാസനയും രുചിയും നോക്കാതെ, വിജ്ഞാനികളും ശാസ്ത്രജ്ഞന്മാരും പ്രത്യേകിച്ചു നന്ദികേശ്വരന്റെ അഭിനയദർപ്പണവും ഭരതമുനിയുടെ നാട്യശാസ്ത്രവും പഠിച്ചറിഞ്ഞവരും ആയ വിദ്വാന്മാർ ഉണ്ടെങ്കിൽ അവർ തനിയെ അറിഞ്ഞു രസിച്ചുകൊള്ളണം എന്നു വിചാരിച്ചു് ഏർപ്പെടുത്തിയതല്ലയോ ആട്ടക്കഥയെന്നു തോന്നിപ്പോകും.

അതിൽനിന്നു ഭാവരസങ്ങളെ സ്ഫുരിപ്പിക്കുന്ന നൃത്യവും ചില മനോഹരമായ നൃത്തങ്ങളും പകർത്തിയെടുത്തു് അനുകരിച്ചു പരിഷ്കരിച്ചു, നവീനകാലത്തെ പ്രേക്ഷകന്മാർക്കു രസിക്കത്തക്കവിധത്തിൽ ഉദയശങ്കരൻ അഭിനയിച്ചതു ഞാൻ കണ്ടിരുന്നു. ആ രംഗത്തു നമ്മളുടെ വലിയ വിളക്കും വെളിച്ചെണ്ണയും വാഴപ്പോളയും ഇല്ല; അർദ്ധനഗ്നരായ രണ്ടു മനുഷ്യർ ഉറക്കം തൂങ്ങി കോട്ടുവായിട്ടു, പൊക്കിപ്പിടിക്കുന്ന മറയല്ല ഉള്ളതു്. ചിലപ്പോൾ ഇരിക്കാനും ചിലപ്പോൾ ചവിട്ടിനില്ക്കാനും ചിലപ്പോൾ രാക്ഷസവേഷക്കാർക്കു് എതിരാളികളുടെ നേരെ എടുത്തെറിവാനും ഉപയോഗിക്കുന്ന ഉരൽ അവിടെ ഇല്ല. ചെണ്ട മദ്ദളം ചെറാങ്ങലം മുതലായവയ്ക്കു പകരം, നവീനരീതിയിലുള്ള ഉപകരണങ്ങളാണുള്ളതു്. വനവർണ്ണനയോ സ്വർഗ്ഗവർണ്ണനയോ കേകിയാട്ടമോ എന്താണു് അഭിനയിക്കുന്നതെന്നു് അറിയാതെ വിഷമിക്കേണ്ടുന്ന ആവശ്യം ആർക്കും ഇല്ല. ഇന്നിന്ന രംഗത്തിൽ ഇന്നിന്ന ആട്ടമാണെന്നു് അച്ചടിച്ച കാര്യപരിപാടിയിൽനിന്നു് അറിയാം. കഥകളി പരിഷ്കരിച്ചതാണു് ഉദയശങ്കരന്റെ ആട്ടമെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. നമ്മളുടെ രാജ്യത്തെ കൊപ്രയും, കൊപ്രയുപയോഗിച്ചു് ഇംഗ്ലണ്ടിൽ ഉണ്ടാ

കുന്ന ബിസ്കറ്റും തമ്മിൽ രസത്തിനുള്ള വ്യത്യാസം അവ തമ്മിലുണ്ട്. എന്നാൽ കൊപ്രയുടെ അപരിഷ്കൃതനിലയിലുള്ള ഗുണവും ഉപയോഗവും ബിസ്കറ്റിന് ഇല്ലാത്തതുപോലെ കഥകളിക്കു പ്രകൃത്യാ ഉള്ള വിശേഷതകൾ ആ നാട്യത്തിനും ഇല്ലാത്തതിനെ ഓർമ്മിച്ചായിരിക്കാം, കഥകളിയെ പരിഷ്കരിക്കുന്നതു ദോഷകരമായിരിക്കും എന്ന് ഉദയശങ്കരൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

ജനങ്ങൾക്കുണ്ടാകുന്ന സംസ്കാരമനുസരിച്ച് കലാവിദ്യകൾക്കും, കലാവിദ്യകളുടെ അഭിവൃദ്ധിയനുസരിച്ച് ജനങ്ങളുടെ സംസ്കാരത്തിനും വ്യത്യാസം വരുന്നു. സൌന്ദര്യമെന്നതു മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുടേയും മനസ്സിന്റേയും സൃഷ്ടിയല്ലാതെ പ്രത്യേകമാണോ എന്നു ശ്രീ അരവിന്ദോ ചോദിക്കുന്നു. അങ്ങിനെയാണെങ്കിൽ പ്രകൃതിയിൽ സ്ഥായിയായ സൌന്ദര്യം ഇല്ലെന്നു വരുമല്ലോ എന്നാണ് അദ്ദേഹം പറയുന്നത്. പ്രകൃതിയുടെ സൌന്ദര്യവും കണ്ടറിവാൻ മനസ്സിനു പ്രത്യേകം സംസ്കാരം ഉണ്ടായിരിക്കണം.

കേരളത്തിലെ നൃത്യകലക്ക്, ആട്ടക്കഥയ്ക്കുശേഷം ക്രമമായ അഭിവൃദ്ധി ഉണ്ടായിരുന്നുവെങ്കിൽ, ഇപ്പോൾ പല വിദ്വാന്മാരുടെയും ഖണ്ഡനവിമർശനത്തിനും ആക്ഷേപത്തിനും പാത്രമായ തമിഴുനാടകം നമ്മളുടെ രാജ്യത്തു വന്ന് ഇത്ര അധികം ജനങ്ങളെ ആകർഷിക്കാനും പല നാടകസംഘക്കാരും അതിനെ അനുകരിക്കാനും ഇടവരുന്നതല്ലായിരുന്നു.

സംഗീതത്തിലും നമ്മൾക്കു വലിയ സംസ്കാരം ഉണ്ടായിരുന്നുപോൽ. എന്നാൽ ബങ്കാളിസംഗീതം തെലുങ്കുസംഗീതം കർണ്ണാടകസംഗീതം തമിഴുസംഗീതം ഹിന്തുസ്ഥാനിസംഗീതം എന്നൊക്കെ പറയുംപോലെ മലയാളിസംഗീതം എന്ന് ആരും എവിടെയും പറഞ്ഞു കേൾക്കാത്തതു് എന്തുകൊണ്ടായിരിക്കാം. തിരുവിതാംകൂർമഹാരാജാവായിരുന്ന സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ട് കേരളത്തിലെ സംഗീതകലയെ പരിഷ്കരിക്കാൻവേണ്ടി ചെയ്ത പരിശ്രമം അവിടുത്തെയോടുകൂടി അവസാനിക്കുകയാണു ചെയ്തതു്. ഹരിപ്പാട്ടു ഗോവിന്ദമാരാരെയും നമ്മൾ ആ സംഗതിയിൽ സ്മരിക്കേണ്ടതുതന്നെയാണ്. ഇപ്പോഴും കേരളത്തിൽ വല്ല ആവശ്യത്തിനും സംഗീതവിദ്വാന്മാർ വേണമെങ്കിൽ തഞ്ചാവൂരിൽനിന്നൊ കിഴക്കൻകരയിൽ വേറെ വല്ല ദിക്കിൽനിന്നൊ വരുന്നു. ഇവിടങ്ങളിലുള്ള സംഗീതജ്ഞന്മാർ ഇവിടങ്ങളിൽ മററാക്കും, എന്നല്ല അവരവർക്കുതന്നെയും മനസ്സിലാകാത്ത

തെലുങ്കിലോ കർണ്ണാടകത്തിലോ മററൊ ഉള്ള കീർത്തനങ്ങൾ മാത്രമേ പാടാവൂ. സ്വാതിതിരുനാൾ കല്പിച്ചുണ്ടാക്കിയ കീർത്തനങ്ങളൊ, കഥകളിപ്പാട്ടുകകളൊ പാടുന്നതു പോരായ്മയാണെന്നുംപോലും വിചാരിക്കുന്നു. സംഗീതകലയിൽ കേരളീയക്കുള്ള സംസ്കാരം ആ നിലയിൽ എത്തിയിരിക്കുന്നു.

ഇന്ത്യാരാജ്യത്തെ ചിത്രമെഴുത്തിനെപ്പററി വല്ലവരും പ്രസ്താവിക്കുമ്പോൾ എത്ര കേരളീയരുടെ പേർ എടുത്തു പറയാറുണ്ടെന്നു നിങ്ങൾക്കൊക്കെ അറിയാം. രവീന്ദ്രനാഥടാഗോർ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"എൻെറ ചെറുപ്പകാലത്തെ വിദ്യാഭ്യാസത്തിൽ മനുഷ്യസ്വഭാവത്തിനു സൌന്ദയ്യത്തെ കണ്ടു് അഭിനന്ദിക്കാനുള്ള ശീലത്തെ പരിപോഷിപ്പിക്കാനുള്ള ഉദ്യമം ഉണ്ടായിരുന്നില്ല. കലാവിദ്യാൎത്ഥികൾക്കു സ്ഥാനമുണ്ടായിരുന്നില്ല. വിദ്യാൎത്ഥികൾ അന്നു് യൂക്ലിഡും ഇംഗ്ലീഷുവ്യാകരണവും ഇംഗ്ലീഷുഭാഷയിലെ പ്രയാസമേറിയ വർണ്ണവിന്യാസക്രമവും പഠിച്ചു് അവക്കു് എല്ലാ സംസ്കാരവും തികഞ്ഞുകഴിഞ്ഞായി എന്നു വിശ്വസിച്ചു." കേരളത്തിലെ സ്ഥിതി ഇതിലും മോശമായിരുന്നു.

കൊത്തുപണികളെപ്പററി പറയുമ്പോൾ, ശുചീന്ദ്രം ക്ഷേത്രത്തിലെ ചുവരിന്മേലും മററും ഉള്ളവയും, തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രത്തിലുള്ളവയും, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ മാർത്താണ്ഡവർമ്മമഹാരാജാവിൻെറയും അന്നത്തെ രാജകുമാരന്മാരുടേയും ആണെന്നു് ഊഹിച്ചുവരുന്ന രൂപങ്ങൾ കൊത്തിവെച്ചവയും മററും ആ കലക്കു പഴയ കാലത്തുണ്ടായിരുന്ന അഭിവൃദ്ധിക്കു് ഉദാഹരണമായി എടുത്തുകാണിക്കുന്നു. അവയൊക്കെ മലയാളികൾ ചെയ്തതാണോ? മലയാളികളാണെങ്കിൽ പിന്നീടുണ്ടായവരാൽ പ്രോത്സാഹനത്തിനു അനൎഹരായി കരുതപ്പെട്ട കീഴ്ജാതിക്കാരായ ആശാരിയൊ, കൊല്ലനൊ, കല്ലാശാരിയൊ മററൊ കൊത്തിയുണ്ടാക്കിയവയായിരുന്നില്ലേ? വല്ല ബ്രാഹ്മണനോ മററു സവർണ്ണനോ ഉളിയെടുത്തു കൊത്തിയുണ്ടാക്കിയതായിരിക്കുമോ? ശൂന്യംപിടിച്ച ജാതിവ്യത്യാസത്താലല്ലയോ അവയൊക്കെ നശിച്ചുപോയതു്. 'കാടുവീടായാൽ ആശാരി കാട്ടിൽ' എന്നു പറഞ്ഞതുപോലെ അവക കാൎയ്യത്തിൽ പാരമ്പൎയ്യമായ വാസനയും സാമൎത്ഥ്യവും ഉണ്ടായിരുന്നവരെ ആവശ്യം കഴിഞ്ഞാൽ പിന്നെ അകററി ഓടിച്ചു. അതിൻെറ ഫലമായി കേരളത്തിൽ വല്ല സംസ്കാരവും ഉണ്ടായിരുന്നുവെങ്കിൽ അവയെല്ലാം വർണ്ണാശ്രമക്ഷേത്രത്തിൽ നിത്ത്യം ബലികഴിച്ചു, ഇപ്പോൾ ഉപയോഗത്തിനു വിദേശീയരോടു് ഇരന്നുവാങ്ങേണ്ടിവന്നിരിക്കുന്നു. ഇതിനെപ്പററി അ

ധികം പറവാൻ സമയമില്ല. ഒന്നു മാത്രം പറയാം. യൂറോപ്യന്മാർ വന്നും ക്രിസ്ത്യൻ മിഷ്യനറിമാർ സ്കൂളുകൾ സ്ഥാപിച്ചും ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചരിപ്പിച്ചിരുന്നതിനാൽ സാഹിത്യകലയെ ഇപ്രകാരം അടച്ചുമൂടാനൊ ആട്ടിയകററാനൊ സാധിക്കാതെ വന്നു. അങ്ങിനെ സാധിച്ചിരുന്നുവെങ്കിൽ, കുമാരനാശാനെപ്പോലെയും മററുമുള്ള മഹാകവികൾ ഉണ്ടാകയില്ലായിരുന്നുവെന്നും കാവ്യകലക്കു ഇന്നു സിദ്ധിച്ച അഭിവൃദ്ധി സിദ്ധിക്കുമായിരുന്നില്ലെന്നും ശാന്തമായും ഗാഢമായും ആലോചിച്ചാൽ ഏതൊരാളും സമ്മതിക്കേണ്ടിവരും. ബ്രാഹ്മണക്കും ബ്രാഹ്മണരുടെ സന്താനങ്ങൾക്കും അല്ലാതെ കാവ്യരചന സാദ്ധ്യമല്ലെന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ ജനിച്ച അതിധീരനും പണ്ഡിതാഗ്രേസരനും ആയ എഴുത്തച്ഛൻ മഹാകവിയായി പ്രത്യക്ഷപ്പെട്ടു. അസംഭാവ്യമായി കരുതപ്പെട്ട ആ കാര്യം അവിതക്കിതമായി സംഭവിച്ചുകണ്ടപ്പോൾ, എഴുത്തച്ഛൻ ഒരു നമ്പൂരിബ്രാഹ്മണന്നു രഹസ്യത്തിലുണ്ടായ സന്താനമാണെന്നു് ഒരു ഐതിഹ്യം സൃഷ്ടിക്കേണ്ടിവന്നു.

കലാവിദ്യകളുടെ സ്ഥിതി അങ്ങിനെ ഇരിക്കട്ടെ. മതസംബന്ധമായും സാമുദായികമായും കേരളീയക്കുണ്ടായ സംസ്കാരം എന്താണെന്നു സാവധാനം ആലോചിച്ചുനോക്കുവിൻ. ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും മററും സ്ഥിതിയെപ്പററിയല്ല പറയുന്നതു്. ഹിന്തുക്കളാണെന്നു പറയപ്പെടുന്ന എല്ലാവരുടേയും സ്ഥിതിയാണു് ആലോചിച്ചുനോക്കേണ്ടതു്. ഹിന്തുക്കളായ എല്ലാവക്കും ഹിന്തുമതം എന്താണെന്നു പറവാൻപോലും സാധിക്കയില്ലെന്നുള്ളതാണു പരമാത്ഥം. സനാതനമതം എന്താണെന്നു്, വിവേകാനന്ദസ്വാമികളുടെയോ ആനിബസൻ്റ് മദാമ്മയുടെയോ ഇംഗ്ലീഷിലുള്ള പ്രസംഗങ്ങൾ വായിച്ചാണു് അധികംപേരും മനസ്സിലാക്കാൻ ശ്രമിക്കുന്നതു്. ജർമ്മൻകാരുടെ സംസ്കാരമെന്നോ, ഇംഗ്ലീഷുകാരുടെ സംസ്കാരമെന്നോ അഥവാ യൂറോപ്യന്മാരുടെ സംസ്കാരമെന്നോ പറഞ്ഞാൽ അതിന്നു് അത്ഥമുണ്ടെങ്കിലും കേരളീയസമുദായത്തിൻെറ സംസ്കാരമെന്നു പറയുന്നതിന്നു യാതൊരു അത്ഥവും ഇല്ല. അങ്ങിനെ ഒരു സമുദായം തന്നെ ഇല്ല. ബ്രാഹ്മണൻെറ സംസ്കാരമല്ല നായരുടേതു്, നായരുടെ സംസ്കാരമല്ല തിയ്യൻേറതു്, തിയ്യൻെറ സംസ്കാരമല്ല പുലയൻേറതു്. ഗൃഹസംബന്ധമായും വിവാഹസംബന്ധമായും മററു പലതും സംബന്ധമായും ഇവരുടെയെല്ലാം സംസ്കാരത്തിൻെറ സമ്പ്രദായവും തോതും

വെവ്വേറെയാണു്. ഇവിടെ ഹിന്തുക്കളുടെ ഇടയിൽ മക്കത്തായവും മരുമക്കത്തായവും കൂടികലൎന്നു കഴഞ്ഞുമറിഞ്ഞു കിടക്കുന്ന നിലയിൽ ഗൃഹസംബന്ധമായ എന്തു സംസ്കാരമാണു സാദ്ധ്യമാകുന്നതു്? ഈ സന്ദൎഭത്തിൽ ഒരു കോഴിയുടെ കഥയാണു് എനിക്കു ഓൎമ്മവരുന്നതു്. പൊരുന്നുകാലമായ ഒരു കോഴിക്കു കുറെ താറാവുകളുടെ മുട്ടകൾ വിരിയാൻ വെച്ചുകൊടുത്തു. വിരിഞ്ഞശേഷം കുഞ്ഞുകളേയും കൂട്ടി തള്ളക്കോഴി സഞ്ചരിച്ചു. ഒരു കുളത്തിൻകരയിൽ എത്തിയപ്പോൾ കുഞ്ഞുങ്ങളൊക്കെ വെള്ളത്തിൽ ചാടി നീന്തിത്തുടങ്ങി. തള്ളക്കോഴി കരയിൽനിന്നു പരിഭ്രമിച്ചതേ ഉള്ളു.

സമയകൃത്യത, അന്യോന്യപെരുമാററം മുതലായവയെ സംബന്ധിച്ച നമ്മൾക്കുള്ള സംസ്കാരത്തെപ്പററി പ്രത്യേക ഗ്രന്ഥംതന്നെ രചിക്കേണ്ടതാണു്.

തീവണ്ടി പുറപ്പെടുന്നതിന്നു് അരമണിക്കൂറം ഒരു മണിക്കൂറം മുമ്പേ, സ്റ്റേഷനിൽ ചെന്നു പാടിരുന്നു മുറുക്കിത്തുപ്പി വെടിപറഞ്ഞു കാലം കഴിക്കുന്നതും വല്ല സഭയോ അടിയന്തരമോ ഉണ്ടെങ്കിൽ അതിൻ നിശ്ചയിച്ച സമയത്തിന്നുശേഷം കാൽ മണിക്കൂറോ അര മണിക്കൂറോ കഴിഞ്ഞു ചെല്ലുന്നതും നമ്മളുടെ എന്തൊരു സംസ്കാരത്തെയാണു കാണിക്കുന്നതെന്നു ഞാൻ പലപ്പോഴും ആലോചിച്ചു വിസ്മയിക്കാറുണ്ടു്. മററൊരാളുടെ ജോലിത്തിരക്കോ അസൌകൎയ്യമോ അശേഷം ആലോചിക്കാതെ, അയാളുടെ വീട്ടിൽ ചെന്നിരുന്നു ആവശ്യമില്ലാതെ വല്ല വെടിയും പറഞ്ഞു അയാളെ മുഷിപ്പിക്കാറുള്ളവർ നമ്മളുടെ ഇടയിൽ എത്രയുണ്ടു്. യൂറോപ്പിൽ വല്ല തീവണ്ടിസ്റ്റേഷനിലോ നാടകശാലകളിലോ ടിക്കററു വാങ്ങാൻ ചെല്ലുന്നവർ, ആദ്യമാദ്യം വന്നവർ മുന്നിൽ മുന്നിലായി വരിയായിനിന്നു ഓരോരുത്തരായി ചെന്നു സാവധാനത്തിൽ ടിക്കററുവാങ്ങി പോകുകയാണു പതിവെന്നു് അവിടെ ചെന്നുകണ്ടവർ പറഞ്ഞു കേട്ടിട്ടുണ്ടു്. നമ്മളുടെ സംസ്കാരവും കൊണ്ടു നമ്മൾ ടിക്കററു വാങ്ങുന്ന സമ്പ്രദായം എന്താണെന്നു നമ്മൾക്കല്ലെ അറിഞ്ഞുകൂടു. ഈ വക കാൎയ്യങ്ങൾ വിവരിക്കാൻ തൽക്കാലം സമയമില്ലാത്തതിൽ വ്യസനിക്കുന്നു.

ഏതായാലും കേരളത്തിന്നു് ഒട്ടുക്കുമില്ലെങ്കിലും അതിലെ ഒരു മുഖ്യഭാഗത്തിന്നു, മേലിൽ ഉണ്ടാകേണ്ടുന്ന ഗണ്യമായ സംസ്കാരത്തിന്നു് അടിസ്ഥാനമിട്ടുകഴിഞ്ഞിരിക്കുന്നുവെന്നാണല്ലോ വിശ്വസിക്കേണ്ടതു്. തിരുവിതാംകൂറിൽ, ഒരു കലാശാല സ്ഥാപിക്കുന്നു. കലാപരമായും സാ

ഹിത്യപരമായും, വ്യവസായപരമായും മററുമുള്ള വിദ്യാഭ്യാസം നൽകാൻ വിദഗ്ദ്ധന്മാരായവരെ നിയമിക്കാൻ ഏൎപ്പാടുകൾ ഉണ്ടായി. അങ്ങിനെയുള്ള വിദ്യാഭ്യാസം പ്രയോജനകരമായിത്തീരുകയും അഭിവൃദ്ധിപ്രാപിക്കുകയും വേണമെങ്കിൽ കേരളത്തിൽ അതിന്നു തടസ്സമായിരുന്ന ജാതിവ്യത്യാസം നശിക്കേണമെന്നു ബുദ്ധിമാനായ മഹാരാജാവുതിരുമനസ്സുകൊണ്ടു മനസ്സിലാക്കി, ക്ഷേത്രപ്രവേശവിളംബരംകൊണ്ടു അതിന്റെ നട്ടെല്ലു് അടിച്ചുടച്ചിരിക്കുന്നു. ഇതൊക്കെ പലരും ആശിക്കുംപോലെ ഫലപ്രദമാകുമെങ്കിൽ തിരുവിതാംകൂറിലെങ്കിലും മേലിൽ ഗണ്യമായ സംസ്കാരം സിദ്ധിച്ചു് അതുവഴിയായി കേരളീയരുടെ പേരിന്നു ലോകം മുഴുവൻ, വലിയ വിജ്ഞാനികളും കലാവിദഗ്ദ്ധന്മാരും വ്യവസായതൽപരന്മാരും സംസ്കൃതരും ആണെന്ന വിഖ്യാതി മേലിൽ സിദ്ധിക്കാൻ ഇടവരട്ടെ എന്നു് ആശംസിക്കുകയല്ലാതെ കൊച്ചിയിലും മലബാറിലും ഉള്ളവൎക്കു തൽക്കാലം മറെറാന്നും നിവൃത്തിയില്ല.

മൂൎക്കോത്തു കുമാരൻ.

# സംസ്കൃതം വ്യവഹാരഭാഷയായാലോ?

ഭാരതത്തിലെ നാനാജനപദങ്ങൾക്കു തമ്മിൽ വിചാരവിനിമയം ചെയ്യുവാൻ സംസ്കൃതഭാഷയെത്തന്നെ ഉപകരണമാക്കാമെന്നുള്ള അഭിപ്രായം, ആശങ്കയ്ക്കു് ഇടമില്ലാത്തവിധം അത്ര ഭ്രഷ്ടമായിട്ടില്ലെന്നു എനിക്കു തോന്നുന്നു. ഉൽകൃഷ്ടഗവേഷണോപായം എന്ന നിലയിൽ ആ ഭാഷ ഇന്നും അവസാദമൊന്നും തട്ടാതെ ഊർജ്ജസ്വലമായി വിളങ്ങുന്നു. നവനവങ്ങളായ ഉപജ്ഞകൾ വഴിക്കു സംസ്കൃതത്തിന്റെ അപ്രമേയമായ പ്രഭാവം പ്രകടീഭവിച്ചിട്ടുണ്ടു്. ചരിത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും ഭാണ്ഡങ്ങൾ അഴിക്കുവാൻ സംസ്കൃതത്തിന്റെ സാഹായ്യം ഒഴിച്ചുകൂടെന്നു വന്നിരിക്കുന്നു. മനുഷ്യസ്വഭാവോന്മീലകമായ വിദ്യാഭ്യാസത്തിന്നു ഭാരതത്തിൽ അഭിവൃദ്ധിവരുത്തണമെങ്കിൽ സംസ്കൃതഭാഷ അനുപേക്ഷ്യമാണ്. സാമുദായികവും സാംസ്കാരികവും ഐതിഹാസികവുമായ സംഗതികളിൽ നിക്ഷിപ്താവധാനരായ ഭാരതീയർക്കു സ്വന്തം കർമ്മരംഗത്തിലെ സ്ഥിതിഗതികൾ മനസ്സിലാക്കുവാൻ ഏററവും ഉപകരിക്കുന്ന സംസ്കൃതഭാഷയുമായി യാതൊരു സമ്പർക്കവുമില്ലെങ്കിൽ അവരുടെ ശ്രമം എത്രമാത്രം അനുപപന്നമായിരിക്കുമെന്നു് ഊഹിക്കാമല്ലോ.

ഇക്കാലത്തു പരിഷ്കാരം കൊടികയറിയിട്ടുള്ള ഏതാനും നഗരങ്ങളിൽ ഇംഗ്ലീഷിന്റെ ഹസ്താവലംബത്തോടുകൂടി ഏവനും, ഇന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ വിവിധാഭിനിവേശങ്ങൾ സാധിച്ചുമാറു, വിശ്വത്തിന്റെ ഗതിവിഗതികളോടെല്ലാം അനുഷക്തനായി ജീവിക്കുവാൻ കഴിഞ്ഞേയ്ക്കും. എന്നാൽ പരദേശോപജീവിതങ്ങളായ ശക്തികളെ അവലംബിച്ചുള്ള ആ ജീവിതം പരമാർത്ഥത്തിൽ നാരായവേരില്ലാത്തതാണ്. പരശക്തികളെ അവലംബിക്കുന്നതോ നിർബ്ബന്ധത്താൽ മാത്രം. ഇതരഗതിയില്ലായ്കയാൽ അരിശമശേഷം ദന്തഘർഷണത്താൽ ഒതുക്കി, സ്വാഭിലാഷവിരുദ്ധമായി അതു് അങ്ങനെ ചെയ്തുവരികയാണ്. സകലവും യൂറോപ്പിൽനിന്നു ഇറക്കുമതി ചെയ്തുവരുന്ന ഈ ഘട്ടത്തിൽനിന്നു മാറി ഭാരതത്തിന്നു ഉപര്യുപരി ഉൽക്കർഷം നേടുവാൻ വിദേശീയവും സ്വദേശീയവുമായ സംസ്കാരവിഭവങ്ങളെ സമനിലയിൽ കൈക്കൊള്ളേണ്ടിവരുന്ന ഒരു സുവർണ്ണകാലത്തെ നാം ഇപ്പോൾതന്നെ സങ്കല്പിക്കേണ്ടിയിരിക്കുന്നു.

എണ്ണൂറിൽ പരം ഭിന്നഭാഷകൾ പരസ്പരം മല്ലടിക്കുന്ന ഭാരതത്തെ ഒരൊററ ഭാഷയാൽ ഏകീകരിക്കുന്നതിന്നു് ഉത്സാഹിക്കേ, വൈയാകരണന്റെ അങ്കുശത്തിൽനിന്നു വേർപെട്ടു കുറേക്കൂടി സ്വാതന്ത്ര്യവും സുഗമവുമായ രൂപത്തിൽ സംസ്കൃതഭാഷയെ സ്വീകരിക്കുവാൻ പാടില്ലേ" എന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഈ ചോദ്യം അനാസ്പദവും അയുക്തവുമാണെന്നു തോന്നാം. എന്നാൽ കാശി സൎവ്വകലാശാലയിൽ വെച്ചു ഡാക്ടർ ബാലൻറൈൻ ഒരു നൂററാണ്ടിനു മുമ്പു സംസ്കൃതത്തെ സംഭാഷണമണ്ഡലത്തിലേക്കു് ഉയൎത്തുവാൻ ചെയ്ത ശ്രമം ആ ചോദ്യം യുക്തിവിരുദ്ധമല്ലെന്നു തെളിയിക്കുന്നുണ്ടു്. ആൎയ്യദ്രാവിഡഭാഷകളിൽനിന്നു നിഷ്പന്നങ്ങളായ ദേശഭാഷകൾക്കെല്ലാം സംസ്കൃതം പണ്ടേ പരിചിതമാണു്. ശബ്ദസമ്പത്തിന്നു ദേശഭാഷകൾക്കു് ഇന്നും സംസ്കൃതമാണു് ഈടുവെപ്പു്. ആൎയ്യധൎമ്മത്തിൽ അടിയുറച്ചിട്ടുള്ള ഒരു സാമ്രാജ്യത്തിന്നു സംസ്കൃതംവഴിക്കു് ഉണ്ടാകാവുന്ന ഏകീഭാവം ഒന്നു വേറെയായിരിക്കും.

ഡാക്ടർ എഫ്. ഡബ്ളിയു. തോമസ്,

ബോഡൻ പ്രൊഫസർ ഓഫ് സാൻസ്ക്രിററ്.

(ഓക്സ്ഫോർഡ്)

# പ്രാചീനഭാരതത്തിലെ ഗ്രാമഭരണം.

ഗ്രാമോദ്ധാരണത്തെപ്പററി പലവിധത്തിലുള്ള അഭിപ്രായങ്ങളും പറഞ്ഞുകേൾക്കുന്ന ഒരു സമയമാണല്ലൊ ഇതു്. ഗ്രാമങ്ങളെയാണു് ആദ്യം പരിഷ്കരിച്ചു നേരെയാക്കേണ്ടതെന്നും ഗ്രാമോദ്ധാരണം നഗരപരിഷ്കരണത്തെ സുകരമാക്കുമെന്നുമാണു പ്രബലമായ ഒരഭിപ്രായം. നഗരങ്ങളുടെ പരിഷ്കരണത്തിൽ പരിശ്രമിക്കുന്നതുപോലെ ഗ്രാമോദ്ധാരണത്തിൽ പരിശ്രമം ചെയ്യാതിരിക്കുന്ന കാലത്തോളം ഏതൊരു രാജ്യത്തിന്റേയും ഭരണം നന്നാവുകയില്ലെന്നു് എവരും സമ്മതിക്കുന്നുണ്ടു്. ഈ അഭിപ്രായം നവീനമായ ഒരു ആവിഷ്കരണമല്ല; പ്രാചീനകാലത്തുതന്നെ ഭാരതീയരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠമായിരുന്നതും നിർഭാഗ്യവശാൽ കാലാന്തരത്തിൽ നശിച്ചുപോയതുമായ വിജ്ഞാനത്തിന്റെ ഒരു പുനഃപ്രകാശനം മാത്രമാണു്. ഭാരതഖണ്ഡത്തിന്റെ പ്രാചീനചരിത്രം പരിശോധിക്കുമ്പോൾ അക്കാലത്തു ഗ്രാമങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം വ്യക്തമായി അറിയുന്നുണ്ടു്. രാജ്യചരിത്രത്തിൽ സമൂലപരിവർത്തനങ്ങൾ വരുത്തിയവരായ പല മഹാന്മാരും ഗ്രാമാന്തരങ്ങളിൽ ജനിച്ചുവളർന്നവരായിരുന്നു. ഗ്രാമവാസികളായ പടയാളികളാണു വലിയ യോദ്ധാക്കളെന്നു ശ്രുതിപ്പെട്ടവർ. ഗ്രാമങ്ങളിൽ ജനിച്ചുവളർന്ന പണ്ഡിതന്മാരാണു വലിയ യശസ്വികളായി പരിണമിച്ചവർ. ചുരുക്കത്തിൽ പറയുന്നതായാൽ, പ്രാചീനഭാരതത്തിൽ, പരിഷ്കാരത്തിന്റെ ഉല്പത്തിതന്നെ ഗ്രാമങ്ങളിൽനിന്നാണെന്നു പറയാവുന്നതാണു്. ഇങ്ങനെ, നാനാപ്രകാരത്തിൽ പ്രാധാന്യം വഹിക്കുന്ന ഗ്രാമങ്ങളുടെ പ്രാചീനഭരണസമ്പ്രദായം എപ്രകാരമായിരുന്നുവെന്നറിയുന്നതു വായനക്കാൎക്കു വിജ്ഞാനപ്രദവും, കൌതുകാവഹവുമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പ്രാചീനഭാരതത്തിലെ ഗ്രാമങ്ങളുടെ സ്ഥിതിയേയും, ഭരണസമ്പ്രദായത്തേയും കുറിച്ചു കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽനിന്നു പല വിവരങ്ങളും ലഭിക്കുന്നുണ്ടു്. ഓരോ ഗ്രാമത്തിൽ കുറഞ്ഞതു് നൂറും കവിഞ്ഞതു് അഞ്ഞൂറും കുടുംബങ്ങൾ ഉണ്ടായിരിക്കത്തക്കവിധവും, ഒരു ക്രോശമോ (കാൽ യോജന, ആയിരം വിൽപാട്ട) രണ്ടു ക്രോശമോ ഓരോ ഗ്രാമത്തിന്നും അതിർവിസ്താരം ഉണ്ടാകത്തക്കവിധത്തിലും, ഒന്നിനൊന്നു രക്ഷയായി വരത്തക്കവിധത്തിലും, ആണു പ്രാചീനഭാരതത്തിൽ ഗ്രാമങ്ങളെ നിവേശിപ്പിച്ചിരുന്നതു്. ഗ്രാമവാസികളിൽ ഭൂരിപക്ഷം കൃഷകന്മാരായിരുന്നു. അങ്ങനെയുള്ള എണ്ണൂറു ഗ്രാമങ്ങളുടെ

മദ്ധ്യത്തിലാണ സ്ഥാനീയം (തലസ്ഥാനനഗരം= capital city) സ്ഥാപിച്ചിരുന്നതു്. നാനൂറ ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ 'ദ്രോണമുഖം' എന്നു പറയപ്പെടുന്ന ഒരു നഗരവും, ഇരുനൂറ ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ 'ഖാൎവ്വടികം' എന്നു പേർ പറയുന്ന ഒരു ഉപനഗരവും, പത്തു ഗ്രാമങ്ങളെക്കൂട്ടിച്ചേൎത്തു 'സംഗ്രഹണം' എന്നു പറയപ്പെടുന്ന ഒരു ചെറിയ നഗരവും സ്ഥാപിച്ചിരുന്നു. ഗ്രാമങ്ങളിലെ ഉല്പന്നങ്ങൾ ആദ്യം 'സംഗ്രഹണ'ത്തിലും, അതിൽനിന്നു 'ഖാൎവ്വടിക'ത്തിലും, അവിടെനിന്നു ദ്രോണമുഖ'ത്തിലും, അതിൽനിന്നു 'സ്ഥാനീയ'ത്തിലും എത്തിച്ചേരുകയും, അതുമുഖേന സൎവ്വദേശവ്യാപകമായ വാണിജ്യം അഭിവൃദ്ധിയോടുകൂടി പ്രചരിച്ചുവരികയും ചെയ്യും. രാജ്യഭരണസംബന്ധമായും, ധൎമ്മസ്ഥീയമായും (Concerning Law and Justice)ഉള്ള കാൎയ്യങ്ങളും മേല്പറഞ്ഞ പ്രകാരം തന്നെ 'സംഗ്രഹണം' മുതൽക്കു സ്ഥാനീയംവരെ ക്രമത്തിൽ എത്തിച്ചേൎന്നിരുന്നു. നഗരത്തെ രാജ്യത്തിൻെറ ഹൃദയമായും, ഗ്രാമങ്ങളെ അതിലേയ്ക്കു രക്താപ്ലാവനം വരുത്തുന്ന സിരകളായും കല്പിച്ചാൽ അബദ്ധമില്ല.

ഗ്രാമങ്ങളുടെ കണക്കുകൾ വെയ്ക്കേണ്ടുന്ന സമ്പ്രദായത്തെപ്പററി കൌടില്യൻ നൽകിയിരിക്കുന്ന നിർദ്ദേശം ഏററവും പരിഷ്കൃതമാണെന്നു് എവരും സമ്മതിക്കും. ഗ്രാമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചേർക്കുന്ന ഒരു നിബന്ധപുസ്തകം (Register book ) സൂക്ഷിക്കേണ്ടതു സമാഹൎത്താവു് (Collecter General) എന്ന ഉദ്യോഗസ്ഥൻെറ ചുമതലയായിരുന്നു. ഈ നിബന്ധപുസ്തകം ഇന്നത്തെ "വില്ലേജുരജിസ്റ്റാ"നേക്കാൾ അധികം വിവരങ്ങൾ അടങ്ങിയതായിരുന്നു. നിബന്ധപുസ്തകം തയ്യാറാക്കേണ്ടതിനു സമാഹൎത്താവു, ഗോപൻ (A rural Officer keeping accounts of villages) എന്നൊരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു. ഓരോ ഗോപനും, അഞ്ചു ഗ്രാമങ്ങളുടേയോ, പത്തു ഗ്രാമങ്ങളുടേയോ കണക്കുകൾ എടുക്കേണ്ട ഭാരമാണ് ഏല്പിച്ചിരുന്നതു്. ഓരോ ഗ്രാമത്തിൻെറയും വലിപ്പം, ഇത്രയെന്നും, ആ ഗ്രാമത്തിലുള്ള ഭൂമിപരിമാണം ഇത്രയെന്നും നിബന്ധപുസ്തകത്തിൽ കാണുന്നതാണു്. ഗ്രാമത്തിൽ കൃഷിചെയ്യുന്ന ഭൂമി ഇത്ര, കൃഷി ചെയ്യാത്ത ഭൂമി ഇത്ര, സ്ഥലം (പറമ്പ്) ഇത്ര, കേദാരം (വയൽ) ഇത്ര, ആരാമം (ഉപവനം) ഇത്ര, ഷണ്ഡം (വാഴ മുതലായവയുടെ തോട്ടം) ഇത്ര, വാടം (കരിമ്പു മുതലായവയുടെ തോട്ടം) ഇത്ര, വനം ഇത്ര, വാസ്തു (കുടിയി

രുപ്പ്) ഇത്ര, ചൈത്യം- ദേവാലയം- ചിറ- ശ്മശാനം- സത്രം- (ഊട്ടുപുര)- പ്രപ (തണ്ണീർപന്തൽ)- പുണ്യസ്ഥാനം- വിവീതം, (Pasture ground)- വെട്ടുവഴി മുതലായവ ഇത്ര എന്നിങ്ങനെ എല്ലാററിന്റേയും വിവരം കാണിക്കുന്ന ക്ഷേത്രാഗ്രം (Survey number of field) കൃത്യമായി തയ്യാറാക്കേണ്ടതു ഗോപന്റെ ചുമതലയാണ്. കൂടാതെ ഓരോ ക്ഷേത്രത്തിനും തമ്മിൽ തമ്മിലുള്ള മര്യാദ (അവധി) ഓരോ ഭൂമിയുടേയും സംപ്രദാനം (ദാനവിവരം) വിക്രയം (വില്പനവിവരം) മുതലായവയും നിബന്ധപുസ്തകത്തിൽ കാണിക്കേണ്ടതാണ്.

ഓരോ ഗ്രാമത്തിലേയും ജംഘാഗ്രം (Censess account) എടുക്കുന്ന പ്രവൃത്തിയും ഗോപൻതന്നെ നടത്തേണ്ടതും, അതിന്റെ മേൽനോട്ടം സമാഹർത്താവുതന്നെ വഹിക്കേണ്ടതുമാണ്. ഈ ജംഘാഗ്രം കൊണ്ടു് ഒരു കാനേഷുമാരിക്കണക്കിന്റേയും സാമ്പത്തികമായ ഒരു ഗവേഷണത്തിന്റേയും ഫലം സിദ്ധിക്കത്തക്കവിധമാണ് അതു തയ്യാറാക്കേണ്ടതിന്നു കൌടില്യൻ നിർദ്ദേശിച്ചുകാണുന്ന രീതി. ഓരോ ഗ്രാമത്തിലും ഉള്ള ഗൃഹങ്ങളെ കരദങ്ങൾ (കരമടയ്ക്കുന്നവ) അകരദങ്ങൾ (കരമടയ്ക്കാത്തവ) എന്നിങ്ങനെ രണ്ടായി തിരിച്ചു രണ്ടിലും പെടുന്ന ഗൃഹങ്ങളുടെ എണ്ണം വെവ്വേറെ കാണിക്കേണ്ടതാണ്. ഗ്രാമത്തിൽ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങിനെയുള്ള നാലു ജാതിക്കാരുടേയും എണ്ണം കണക്കിൽ കയറണം. അവരിൽ ഗോരക്ഷന്മാർ (Cattle creeders) ഇത്ര, കർഷകന്മാർ ഇത്ര, വൈദേഹകന്മാർ (കച്ചവടക്കാർ) ഇത്ര, കാരുക്കൾ (Artisans) ഇത്ര, കർമ്മകരന്മാർ (Labourers) ഇത്ര, ദാസന്മാർ (Slaves) ഇത്ര എന്നിങ്ങനെ തൊഴിൽ അടിസ്ഥാനപ്പെടുത്തിയും കണക്കിൽ കാണിക്കേണ്ടതാണ്. ഒരു ഗ്രാമത്തിൽ ആകെ ഇത്ര ആളുകൾ ഉണ്ടെന്നും, ഇത്ര കാലികൾ ഉണ്ടെന്നും, ആ ഗ്രാമത്തിൽ നിന്നു രാജഭണ്ഡാരത്തിലേക്കു പണമായും ശുല്ക്കമായും ഇത്ര സംഖ്യ പിരിയേണ്ടതുണ്ടെന്നും, രാജകീയകാര്യങ്ങൾക്കു് ആവശ്യം വരുമ്പോൾ വിഷ്ടികൾ (Free labourers) ആയും സൈനികന്മാർ ആയും ഇത്രഇത്ര ആളുകൾ വരുവാനുണ്ടെന്നും മേൽപറഞ്ഞ കണക്കിൽ കാണിക്കണം. കൂടാതെ ഓരോ കുടുംബത്തിലും സ്ത്രീകൾ ഇത്ര, പുരുഷന്മാർ ഇത്ര, ബാലന്മാർ ഇത്ര, വൃദ്ധന്മാർ ഇത്ര എന്നും കുടുംബത്തിലുള്ളവരുടെ തൊഴിലും ആചാരവും ഇന്നതെന്നും ആയവ്യയങ്ങൾ ഇത്രയെന്നും പ്രത്യേകം കണക്കിൽ കാണിക്കേണ്ടതാണ്. ഇങ്ങിനെയുള്ള ഒരു കണക്കു് ഓരോ

ഗ്രാമത്തെ സംബന്ധിച്ചും ഖേറെവേറെ ഉണ്ടായിരുന്നാൽ ഭരണാധികാരികൾക്കു ഗ്രാമവാസികളുടെ സാമുദായികമായും സാമ്പത്തികമായും ഉള്ള സ്ഥിതികൾ കരതലാമലകംപോലെ കാണ്മാൻ സാധിക്കുന്നതാണ്. ഗ്രാമീണരുടെ ധനസ്ഥിതി അറിയുവാൻ ഇക്കാലത്തു സാമ്പത്തികസർവ്വേ എന്ന പേരിൽ ചില പരിശോധനകൾ ഗ്രാമംതോറും നടത്തിവരാറുണ്ടല്ലോ. ആ പ്രവൃത്തിയിൽ ഏർപ്പെടുന്നവർക്കു കൌടില്യൻ കാണിച്ച കണക്കെടുക്കുന്ന രീതി സാരമായ സാഹായ്യം ചെയ്യുന്നതാണ്. ഗോപന്മാർ തയ്യാറാക്കുന്ന ഇപ്രകാരമുള്ള കണക്കുകളെ മേൽനോട്ടം ചെയ്യേണ്ടതു സമാഹർത്താവ് എന്ന ഉദ്യോഗസ്ഥന്റെ ഭാരമാണെന്നു പറഞ്ഞുവല്ലോ. എന്നാൽ, ഗോപന്മാരുടെ മേലെയും സമാഹർത്താവിന്റെ താഴെയും ആയി സ്ഥാനികന്മാർ എന്ന ചില ഉദ്യോഗസ്ഥന്മാരെക്കൂടി കൌടില്യൻ പറയുന്നുണ്ട്. ജനപദത്തിന്റെ ചതുർഭാഗത്തെ (നാലായി ഭാഗിച്ചതിൽ ഒരു ഭാഗത്തെ) പരിശോധിക്കുകയും അതിലെ കണക്കുകളുടെ മേലന്വേഷണം നടത്തുകയുമാണു സ്ഥാനികന്റെ കൃത്യം.

ഗ്രാമസംബന്ധമായ മേൽപറഞ്ഞ കണക്കുകൾ ഗോപന്മാർ തെയ്യാറാക്കി സ്ഥാനികന്മാർ പരിശോധിച്ച സമാഹർത്താവിന്നു സമർപ്പിച്ചാൽ ആ കണക്കുകളെ അങ്ങനെതന്നെ കണ്ണടച്ചു വിശ്വസിക്കുവാൻ പാടില്ലെന്നാണു കൌടില്യന്റെ മതം. സമാഹർത്താവു ഗ്രാമംതോറും ഗൃഹപതിവ്യഞ്ജനന്മാരായ ഗൂഢപുരുഷന്മാരെ ഏർപ്പെടുത്തി അവർമുഖേനയും ഒരു കണക്ക് എടുപ്പിക്കേണ്ടതാണ്. അപ്രകാരംതന്നെ ഗ്രാമങ്ങളിലെ ഉല്പന്നങ്ങളുടെയും വാണിജ്യത്തിന്റെയും സ്ഥിതിഗതികൾ പരീക്ഷിക്കുന്നതിന്നു വൈദേഹകവ്യഞ്ജനന്മാരായ ഗൂഢപുരുഷന്മാരെയും സമാഹർത്താവു ഏർപ്പെടുത്തേണ്ടതാണ്. ഗ്രാമങ്ങളിലുള്ള കർഷകന്മാർ, ഗോരക്ഷകന്മാർ, വൈദേഹകന്മാർ എന്നിവരുടെ ശൌചാശൌചങ്ങളെ പരീക്ഷിക്കുവാൻ താപസവ്യഞ്ജനന്മാരായ ഗൂഢപുരുഷന്മാരെയും സമാഹർത്താവു നിയോഗിക്കേണ്ടതാണ്. ആ വക ഗൂഢപുരുഷന്മാർ ഗ്രാമങ്ങളെ പററി ശരിയായ വിവരങ്ങൾ ഗ്രഹിക്കുവാൻ തുലോം ഉപയോഗപ്പെടുന്നുണ്ട്.

ഗ്രാമങ്ങളെപ്പററി പറയുമ്പോൾ അതിലെ വാസ്തുവിക്രയം, സീമാവിവാദം മുതലായവയെപററിയും വിചാരിക്കേണ്ടതാണ്. ഈ വിചാരത്തിന്നു കൌടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ ഒരദ്ധ്യായം വിനിയോഗിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വ്യവസ്ഥകൾ ഗ്രാമങ്ങളുടെ

നിലനില്പിന്നും ഗ്രാമീണരുടെ ഐശ്വൎയ്യത്തിന്നും പരക്കെയുള്ള ഐകമത്യത്തിന്നും ഉപയുക്തമാകുംവിധത്തിലാണു നിർദ്ദേശിച്ചുകാണുന്നതു്. ഗ്രാമവാസികളിൽ ഒരുവന്റെ കൈവശമുള്ള ഭൂമിപരിഗ്രഹങ്ങൾ (വസ്തുവഹകൾ) ഋണഭാരം നിമിത്തമായോ മററാ വിൽക്കേണ്ടിവരുന്നു എന്നിരിക്കട്ടെ. അവ വിക്രേതാവിന്റെ ഇച്ഛപോലെ വല്ലവൎക്കും വിൽക്കുവാനോ വാങ്ങുവാനോ അധികാരമില്ല. വസ്തുവിക്രയത്തിൽ ഒന്നാമതു വിക്രേതാവിന്റെ ജ്ഞാതികൾക്കും, അവരെക്കഴിച്ചാൽ സാമന്തന്മാൎക്കും (അയൽപക്കക്കാൎക്കു) അവരെയും കഴിച്ചാൽ വിക്രേതാവിന്നു കടം കൊടുത്തവൎക്കും വാങ്ങുവാൻ അധികാരമിരിക്കുന്നതാണു്. ഗ്രാമവാസികളിലൊരുവന്റെ കുടിയിരുപ്പു വിൽക്കേണ്ടിവന്നാൽ അയൽപക്കക്കാരായ നാല്പതു ഗൃഹക്കാർ വിൽക്കുവാൻ പോകുന്ന ഗൃഹത്തിന്റെ മുൻഭാഗത്തു് ഒത്തുചേൎന്നു സാമന്തന്മാരായ ഗ്രാമവൃദ്ധന്മാർ കേൾക്കെ "ഈ ഗൃഹം ഇന്ന വിലയ്ക്കു വാങ്ങുവാനാളുണ്ടോ" എന്നു മൂന്നുവട്ടം ഉറക്കെ വിളിച്ചു ചോദിച്ച ലേലത്തിൽ വിൽക്കേണ്ടതാണു്. അങ്ങനെ ചെയ്യുമ്പോൾ പ്രതിക്രോശം (Bidding for a property) ചെയ്യുന്നതിന്നു മേൽപ്പറഞ്ഞ ജ്ഞാതികൾ മുതലായവൎക്കു മുന്നവകാശമിരിക്കുന്നതാണു്. ഗൃഹമല്ല നിലം, തോട്ടം, ചിറ, തടാകം മുതലായവയാണു ഗ്രാമത്തിൽ വിൽക്കുന്നതെങ്കിലും വില്പനയുടെ സമ്പ്രദായം ഇങ്ങനെതന്നെയാണു്. ഗ്രാമത്തിലെ എല്ലാ വസ്തുവഹകളും അവ നിൽക്കുന്ന സ്ഥലത്തുവെച്ചും അയൽപക്കക്കാരെ അറിയിച്ചും ഗ്രാമമുഖ്യന്മാരുടെ മുമ്പാകെയും മാത്രമേ വിൽക്കുവാൻ പാടുള്ളു. ഇതിനെ അതിക്രമിച്ചു നടക്കുന്നതായാൽ വിക്രേതാവിന്നും ക്രേതാവിന്നും ദണ്ഡം വിധിക്കുന്നതാണു്. ഗ്രാമങ്ങളിലെ വസ്തുവഹകൾ തക്കതായ വില കിട്ടാതെ വിററുപോകുന്നതിന്നു കുറച്ചൊരു നിവാരണം വരുവാൻ ഈ വ്യവസ്ഥകൾ കാരണമാകുന്നു. രണ്ടു ഗ്രാമങ്ങളുടെ സീമയെക്കുറിച്ചു വിവാദം നേരിട്ടാൽ അയൽപക്കക്കാരോ അല്ലെങ്കിൽ അഞ്ചു ഗ്രാമങ്ങളിലോ പത്തു ഗ്രാമങ്ങളിലോ വസിക്കുന്ന വൃദ്ധന്മാരോ പരിശോധിച്ചു സ്ഥാവരങ്ങളോ കൃത്രിമങ്ങളോ ആയ സീമാചിഹ്നങ്ങൾ കല്പിച്ചു വാദം നിൎണ്ണയിക്കണമെന്നാണു പറഞ്ഞുകാണുന്നതു്. വൃദ്ധന്മാരായ കൎഷകന്മാർ, പശുപാലകന്മാർ, പൂൎവ്വഭുക്തികന്മാർ (മുൻകൈവശക്കാർ=Persons having previous possession) എന്നിവരോ സ്ഥലത്തിന്നടുത്തു് അതിരിനെസ്സംബന്ധിച്ചറിവുള്ളവരായിട്ടുള്ള ഒന്നോ അധികമോ ആളുകളോ സീമാചിഹ്നങ്ങൾ ഇന്നിന്നവയാണെന്നു നിൎദ്ദേശിക്കയും, അവരുടെ നിൎദ്ദേശം

ശരിയാണെന്നു പരിശോധനയിൽ തെളിഞ്ഞാൽ അതനുസരിച്ചു വാദം നിർണ്ണയിക്കയും ചെയ്യണമെന്നാണു വ്യവസ്ഥ. പണ്ടത്തെ സീമാചിഹ്നങ്ങൾ തീരെ നശിച്ചും പണ്ടത്തെ കൈവശക്കാരാരെന്നറിവില്ലാതെയും കിടക്കുന്ന വഹകൾ രാജാവുതന്നെ ജനങ്ങൾക്കുപകാരം വരുമാറു വിഭജിക്കണം. ഗ്രാമവാസികൾ തമ്മിൽതമ്മിലുണ്ടാകുന്ന വസ്തുസംബന്ധമായ വിവാദത്തേയും അയൽപക്കക്കാരായ ഗ്രാമവൃദ്ധന്മാരാണു പ്രാചീനകാലത്തു നിർണ്ണയിച്ചുപോന്നതു്. വാദനിർണ്ണായകന്മാരായ ഗ്രാമവൃദ്ധന്മാർ രണ്ടു പക്ഷക്കാരായിവന്നാൽ ഏതു പക്ഷത്തിലാണോ ശുചികളും ജനസമ്മതന്മാരുമായ അധികം പേർ ചേർന്നിരിക്കുന്നതു് ആ പക്ഷമനുസരിച്ചു നിർണ്ണയിക്കുകയോ അല്ലെങ്കിൽ മധ്യപക്ഷമനുസരിച്ചു രണ്ടു ഭാഗത്തേക്കും സമമായി ഭാഗിക്കയോ ആയിരുന്നു പതിവു്. ഇതു രണ്ടും കക്ഷികൾ സമ്മതിക്കാത്തപക്ഷം രാജാവു വാദത്തിൽപ്പെട്ട വസ്തുക്കൾ മുതൽക്കൂട്ടുവാൻ കല്പിക്കും. ക്ഷേത്രവിവാദത്തിൽ ഗ്രാമവൃദ്ധന്മാരുടെ തീർപ്പിന്നു നിയമപ്രാബല്യമുണ്ടായിരുന്നു. വാസ്തുസംബന്ധമായിട്ടു മാത്രമല്ല, മററു വിഷയങ്ങൾ സംബന്ധിച്ചും ഗ്രാമവാസികളുടെ ഇടയിൽ ഉണ്ടാകുന്ന വിവാദങ്ങൾ മിക്കവാറും ഗ്രാമമുഖ്യന്മാർ മുഖേനതന്നെയാണു നിർണ്ണയിച്ചിരുന്നതു്. ഒരാളുടെ വസ്തുവഹകൾ മററൊരാൾ ബലാൽകാരേണ കൈവശപ്പെടുത്തിയാൽ അതു് ഒരുവക കളവുകുററമായിട്ടാണു പരിഗണിച്ചിരുന്നതു്. ആ കുററം ചെയ്യുന്നവൎക്കു സ്തേയദണ്ഡം (Punishment for theft) ആണു വിധിച്ചിരുന്നതു്. സകാരണമായിട്ടാണു കൈവശപ്പെടുത്തിയതെങ്കിൽ അതിൽ അവനുള്ള പ്രയാസവും (Consideration for improvement) അതിൽനിന്നവന്നു ലഭിക്കുന്ന ആജിവവും (അനുഭവം) കണക്കാക്കി ഉണ്ടന്നം കഴിച്ചു ബാക്കിയുള്ളതു് ഉടമസ്ഥന്നു കൊടുപ്പിക്കണം. മൎയ്യാദയെ (Boundary) അപഹരിക്കുകയോ ഭേദിക്കുകയോ ചെയ്യുന്നവരെ യഥോചിതം ദണ്ഡിക്കുകയും ചെയ്യും. വസ്തുവഹകളുടെ മൎയ്യാദയെ അപഹരിക്കുകയോ ഭേദിക്കുകയോ ചെയ്യുന്നതുപോലെതന്നെ ഗ്രാമത്തിലുള്ള മഹാപഥം (പെരുവഴി), വിവീതം (Pasture ground), ശ്മശാനം, ദേവാലയം എന്നിവയുടെ അതിൎത്തികൾ അപഹരിക്കുകയോ ആക്രമിക്കുകയോ ചെയ്യുന്നതും പരിഗണിക്കപ്പെട്ടിരുന്നു. ഗ്രാമവാസികളുടെ വാഹനകോഷ്ഠം (ഗവാശ്വാദിസ്ഥാനം) ഗൃഹം, ഖലം (നെല്ലു കൊയ്തുവെച്ചു മെതിക്കുന്ന സ്ഥലം), തോട്ടം, വയൽ, പറമ്പു്, വിവീതം എന്നിവയിൽ മുൻപുമുൻപു പറഞ്ഞവയ്ക്കു പിൻപുപിൻപു പറഞ്ഞവയേക്കാൾ

അധികം പ്രാധാന്യം കല്പിച്ചിരുന്നു. മുൻപുമുൻപു പറഞ്ഞവയുടെ പ്രവൎത്തനത്തിൽ പിൻപുപിൻപു പറഞ്ഞവയ്ക്കുണ്ടാകുന്ന ചില്ലറ ബാധകൾ (Miscellanious hindrances) സഹിക്കേണ്ടതാണു്. ഗ്രാമങ്ങളിലുള്ള ജലാശയം, പരിവാഹം (നീർച്ചാല്), വയൽ എന്നിവയെ ഒരുവൻ ഉപയോഗിക്കുമ്പോൾ പരക്ഷേത്രത്തിൽ കൃഷി ചെയ്യുണ്ടാക്കിയ വിളയ്ക്കു് ഉപദ്രവം വരാതെ സൂക്ഷിക്കുകയും ഉപദ്രവം വന്നാൽ തക്കതായ നഷ്ടം കൊടുക്കുകയും വേണ്ടതാണു്. ഗ്രാമത്തിൽ കൃഷിയുടെ ആവശ്യത്തിനു തടാകം മുതലായ സേതുബന്ധങ്ങൾ (Irrigational works) ഗ്രാമീണർ പുതുതായി നിർമ്മിക്കുമ്പോൾ അഞ്ചു് സംവത്സരത്തേക്കും, കേടു വന്നു് ഉപയോഗിക്കാതെ കിടന്നിരുന്ന അവയെ കേടു പോക്കി നവീകരിക്കുമ്പോൾ നാലുസംവത്സരത്തേക്കും, നികന്നുപോയ അവയെ നവീകരിക്കുമ്പോൾ മൂന്നു വൎഷത്തേക്കും പരിഹാരം (കരമിളവു് Remission of taxes) അനുവദിക്കേണ്ടതാണു്. വസ്തുക്കളെ ഒരുത്തൻ മറ്റൊരാൾക്കു വിക്രയം ചെയ്കയോ ആധാനം (Mortgaging) ചെയ്കയോ ചെയ്താൽ അവൻ ആ വസ്തുക്കൾ നവീകരിക്കുന്നതു പതിവാണല്ലോ. അങ്ങനെയുള്ള സന്ദൎഭങ്ങളിൽ രണ്ടു സംവത്സരത്തേക്കും പരിഹാരം നൽകേണ്ടതാണു്.

ഗ്രാമഭരണത്തിൽ ഗ്രാമീണരുടെ ഐശ്വര്യാഭിവൃദ്ധിയെ പുരസ്കരിച്ചുകൊണ്ടാണു പ്രാചീനഭാരതത്തിലെ ഭരണാധികാരികൾ വൎത്തിച്ചിരുന്നതെന്നു മേൽകാണിച്ച സംഗതികളിൽനിന്നു വിശദമാകുന്നതാണല്ലോ. ഗ്രാമങ്ങളുടെ സ്വാതന്ത്ര്യത്തേയും പരസ്പരസംരക്ഷണ സ്വഭാവത്തേയും വിശദമാക്കുന്ന പല സംഗതികൾ ഇനിയും പറയുവാനുണ്ടു്. അവയെ നമുക്കു് ഉപരിവിചിന്തനം ചെയ്യാം.

(തുടരും.)

# അവരും ജീവിച്ചുകൊള്ളട്ടെ.

നിരൂപകന്മാർ! ഒരുമാതിരി ദ്രോഹികളാണവർ. എന്തിലും ദോഷം അന്വേഷിച്ചു പിടിക്കണമെന്നേ അവക്കു വിചാരമുള്ളു. അല്ലെങ്കിൽ പണ്ടുകുപണ്ടേ കുഞ്ചൻനമ്പ്യാർ

കുറവും കുററവും നോക്കി പറവാനുണ്ടൊരു കൂട്ടർ
തുറകണ്ണും മിഴിച്ചുണ്ടു മറുഭാഗേ വസിക്കുന്നു.

എന്നെല്ലാം അവരെപ്പററി പറയുമായിരുന്നോ? "എത്രനാൾ ക്ലേശിച്ചിട്ടാണ് ഒരു കവി എന്തെങ്കിലുമൊന്നെഴുതിയിറക്കുക? പുറത്തിറങ്ങിപ്പോയാൽ പിന്നെ അതു നിരൂപകന്മാരുടെ കളിപ്പാട്ടം പോലെയായി. അവക്കുണ്ടോ അതിനെപ്പററി വല്ലതും അറിയുന്നു?" ഇതാണ് ഓസ്കർ വൈൽഡ് സൃഷ്ടിച്ച ഏർണെസ്റ്റിൻെറ ആക്ഷേപം. അയാൾ പറയുന്നതിൽ കാര്യമില്ലെന്നില്ല. പല നിരൂപകന്മാരും കവികളെ നിർദ്ദയം ശകാരിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ അങ്ങനെയുള്ളവർ എത്രയാണെന്നോ! ജോൺ കീററ്സെന്ന കവി അകാലമൃത്യു അടഞ്ഞതു് The Quarterly Review എന്ന പത്രഗ്രന്ഥത്തിൻെറ നിശിതമായ ബാണമേററിട്ടാണെന്നു കൂടി ചിലർ പറയാറുണ്ട്. ഡോക്ടർ ജോൺസൻെറ നിരൂപണം വിശിഷ്ടകവിയായ തോമസ്സ് ഗ്രേയെ നിരുത്സാഹനാക്കിയെന്നാണ് കേൾവി. അതൊക്കെയിരിക്കട്ടെ. നമ്മുടെ മലയാളത്തിലെ കഥ നോക്കുക. രാമക്കുറുപ്പ്, കുഞ്ഞിരാമൻ നായനാർ, അന്തപ്പായി, രാമകൃഷ്ണപിള്ള ഇവരൊരു ചതുരംഗപ്പടയായിരുന്നില്ലേ? എത്രയെത്ര സാഹിതീസേവകന്മാർ ആ പടയെ പേടിച്ച് ഓടിയൊളിച്ചിട്ടുണ്ട്? ബാലാകലേശവും മററും അടിയോടെ വീണതിൽപിന്നെ ഇന്നേവരെ തലപൊക്കിയിട്ടില്ല. ഇപ്പോഴൊരു 'സഞ്ജയൻ'—അല്ല, സംഹാരരുദ്രൻ ഇറങ്ങിയിട്ടുണ്ട്. അയാളെ പേടിച്ചു പേനയെടുക്കാത്ത കവികൾ ഇന്നു വളരെയാണ്. 'മിസ്റ്റിസിസം'—അങ്ങനെയൊന്നിൻെറ ഒച്ചപ്പാട് എത്രയധികമായിരുന്നു? ഇപ്പോഴതിൻെറ പേരേ കേൾപ്പാനില്ല. 'വിഷാദാത്മകത്വ'വും അക്കൂട്ടത്തിൽ തല താഴ്ത്തിയിരിക്കുന്നു. മനസ്സിരുത്തിയാലോചിച്ചാൽ, നിരൂപകന്മാരുടെ കഠിനക്കയ്യുകൾ ഒട്ടുവളരെ എടുത്തു വിളമ്പുവാനുണ്ടാകും.

പക്ഷേ ഒരു കാര്യം. നിരൂപകന്മാരെ നിരൂപിക്കുന്ന ഒരുകൂട്ടം കവികളുണ്ട്—മഹാകവികൾ. അവരോട് ഉപമിക്കുമ്പോൾ നിരൂ

പകന്മാർ അത്ര നിർദ്ദയന്മാരോ നിർവിവേകന്മാരോ അല്ലെന്നു തെളിയും.

'അറിയാത്ത മഹാമൂഢർ തെറിവാക്കു പറയുമ്പോ-
ളറിഞ്ഞു കാലൊടിക്കാമെന്നറിഞ്ഞുകൊൾവിനെല്ലാരും

എന്നു പാടുവാൻ കുഞ്ചൻനമ്പ്യാൎക്കു കൂസലുണ്ടായില്ല. കൂട്ടില്ലാത്ത ശകാരം പഠിക്കണമെങ്കിൽ ആരും അദ്ദേഹത്തിനു ശിഷ്യപ്പെടണം. ഇംഗ്ലീഷിൽ തത്വജ്ഞനായൊരു മഹാകവിയാണല്ലോ വേർഡ്സ്വർത്തു് (Wordsworth). അദ്ദേഹത്തിന്റെ ഒരു കവിതയെപ്പററി 'ജഫ്രി' എന്ന വിമൎശകൻ This will never do എന്നഭിപ്രായപ്പെടുകയുണ്ടായി. അതിനെക്കുറിച്ചു മഹാകവി രോഷാകുലതയോടെ എഴുതിയതിപ്രകാരമാണു്:—As to the Edinburgh Review, I hold the author of it in entire contempt. 'And therefore I shall not pollute my fingers with the touch of it. His impertinences, to use the mildst term, if ever they had a place in my memory would for a time at least stick there. If the mind were under the power of the will, I should read Mr. Jeffrey merely to expose his stupidity to his still more stupid admirers. ഇതിൽപരം ഒരാളെ അധിക്ഷേപിക്കുവാനുണ്ടോ? തന്റെ ഉത്തമമിത്രവും ഉൽകൃഷ്ടവിമൎശകനുമായ കോളറിഡ്ജ് (Coleridge) അതേ കവിതയെക്കുറിച്ചു പറഞ്ഞ അഭിപ്രായവും വേർഡ്സ്വർത്തിനു രസിച്ചില്ല. അതുകൊണ്ടു കോളറിഡ്ജിന്റെ Biographia എന്നുള്ള വിശിഷ്ടഗ്രന്ഥം വേർഡ്സ്വർത്ത് നിവൎത്തിനോക്കുകകൂടി ചെയ്തില്ലത്രേ. നാസിക്കക്ഷിയുടെ സൎവ്വാധിപതിയായിരുന്നു മഹാകവിയെങ്കിൽ തീൎച്ചയായും അദ്ദേഹം സാഹിത്യവിഷയകമായ ഖണ്ഡനവിമൎശമാകമാനം നിരോധിക്കുമായിരുന്നു. മലയാളത്തിൽ പത്രങ്ങളും മാസികകളും വേണ്ടുവോളമായതിനുശേഷം വിമൎശകന്മാരോടു കണക്കിലധികം കയക്കുവാൻ പല കവികളും തുനിഞ്ഞിട്ടുണ്ടു്. നാലോ അഞ്ചോ കൊല്ലങ്ങൾക്കു മുമ്പു ചില യുവകവികൾ, തങ്ങളുടെ കവിതകളെക്കുറിച്ചാക്ഷേപങ്ങൾ പുറപ്പെട്ടപ്പോൾ, കേരളത്തിൽ സഹൃദയന്മാരില്ലെന്നും, കാൽനൂററാണ്ടു കഴിഞ്ഞാലേ തങ്ങളുടെ ആശയങ്ങൾ ഗ്രഹിച്ചാനന്ദിക്കാവുന്നവർ ഉണ്ടാകയുള്ളുവെന്നും പറഞ്ഞതായോൎക്കുന്നു. കേരളീയരുടെ ഹൃദയത്തോടും ബുദ്ധിയോടും ചെയ്യപ്പെട്ട എത്ര ഉദ്ധതമായൊരു എതിൎപ്പാണു് ആ പ്രസ്താവം! പ്രരോദനത്തിലൊരു ശ്ലോകത്തിൽ 'കൊത്തിട്ടുമോൎത്തിട്ടുവിൻ'

എന്നുള്ള ഭാഗം വിമർശനത്തിനു വിഷയമായപ്പോൾ കുമാരനാശാൻ പറഞ്ഞ മറുപടി പ്രസിദ്ധമാണല്ലോ. ഇന്നത്തെ നമ്മുടെ കേളിപ്പെട്ട കവികുഞ്ജരന്മാർ യാതൊരങ്കുശത്തേയും വക വെക്കുന്ന കൂട്ടത്തിലല്ല. ചില്ലറക്കാർ അതിനപ്പുറവും. സംസ്കൃതത്തിലും കവികൾ നിരൂപണക്ഷമരല്ലായിരുന്നു. സ്വകൃതികളിൽ പാട്ടുള്ളേടത്തെല്ലാം അവർ നിരൂപകന്മാരുടെ നേക്കു അസ്ത്രങ്ങൾ തൊടുത്തുവെച്ചിട്ടുണ്ട്. ഭവഭൂതി ഉത്തരരാമചരിതത്തിന്റെ തുടക്കത്തിൽ

സർവ്വഥാവ്യവഹർത്തവ്യം കുതോഽപ്യവചനീയതാ
യഥാസ്ത്രീണാം തഥാവാചാം സാധുത്വേ ദുർജ്ജനോജനഃ

എന്നു തീപ്പു ചെയ്തിരിക്കുന്നു.

കവികൾ നിരൂപകന്മാരെ വികാരാവേശത്തോടുകൂടി ശപിക്കുന്ന രീതി കാണുമ്പോൾ കവികൾക്കല്ലാതെ നിരൂപകന്മാക്കു ഭാഷാമണ്ഡലത്തിൽ സ്ഥാനമില്ലേ എന്നു ചോദിക്കേണ്ടിവരുന്നു. കവികളെല്ലാം കുററം തീന്നവരും നിരൂപകന്മാരെല്ലാം കുററവാളികളുമെന്നു വല്ലവരും പറയുമോ? ഇരുകൂട്ടരിലുമുണ്ട് കൊള്ളാവുന്നവരും കൊള്ളരുതാത്തവരും. കൊള്ളാവുന്ന നിരൂപകന്മാർ പായുന്നതു കൊണ്ടിരിക്കാൻ കഴിയാത്ത കവികൾ കൊള്ളാവുന്നവരോ? അല്ലെന്നായിരിക്കും ബർണ്ണാഡ്ഷായുടെ ഉത്തരം. തന്റെ ആശയങ്ങളെ നിഷ്കരുണം നിരൂപിച്ചുകൊണ്ട് ജി. കെ. ചെസ്റ്റർട്ടൺ എഴുതിയ Bernard Shaw എന്ന പുസ്തകത്തെപ്പററി 'That is the greatest work I have provoked' എന്നു പറയാനുള്ള മനോബലം ആ മഹാകവിക്കുണ്ട്. നമ്മുടെ എഴുത്തുകാക്കു ആ സ്വഭാവം വല്ലവരോടും കടംവാങ്ങേണ്ടിയിരിക്കുന്നു. തങ്ങളെഴുതിയ പുസ്തകങ്ങളെക്കുറിച്ചു കേരളത്തിൽ ആക്കും ഒന്നും പറയാൻ പാടില്ലെന്നും പറയുന്നവരുടെ വായടക്കാൻ യുക്തിയെക്കാളധികം അസംബന്ധപ്രവചനങ്ങൾ ഉപയോഗപ്പെട്ടുത്താമെന്നും വിശ്വസിക്കുന്നവർ അധികം സാഹിതീസേവനം ചെയ്യാതിരിക്കയാണു ഭേദം. ഈയിടെ ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു, അയാളുടെ പുസ്തകത്തിലെ തെററുകൾ പലരും ചൂണ്ടിക്കാണിക്കുന്നതു് അയാൾക്കുണ്ടാകാനിരിക്കുന്ന യശസ്സിൽ അവക്കുള്ള അസൂയകൊണ്ടാണെന്നു്. ചോരേ കാരണം? ഏതായാലും നിരൂപകന്മാർ മനുഷ്യരല്ലേ? അവരും കിടന്നു പൊറുത്തുകൊള്ളട്ടെ.

ജെ. എം.

# അമ്മയുടെ സമ്മാനം.

I

അരത്തെമ്മാടിയും എന്തും ചെയ്യാൻ കൂസലില്ലാത്തവനുമായ വേലു തൻെറ അച്ഛൻപെങ്ങളുടെ ആഭരണപ്പെട്ടിയുംകൊണ്ടു 'ചാടിപ്പോയി' എന്നു കേട്ടപ്പോൾ നാട്ടുകാരാരുംതന്നെ അത്ഭുതപ്പെട്ടില്ല. 'ഞങ്ങൾ അപ്പോഴും പറയാറില്ലേ?' എന്നേ അവർ പറഞ്ഞുള്ളു. മുപ്പതു കൊല്ലത്തിനു ശേഷം മിസ്റ്റർ പി. വി. നായർ എന്ന പരിഷ്കരിച്ച പേരോടും രണ്ടു ലക്ഷം രൂപ ഇമ്പീരിയൽ ബാങ്കിലടച്ചതിനുള്ള രശീതികളോടുംകൂടി അയാൾ മടങ്ങിവന്നപ്പോഴും ആളുകൾ അത്ര വളരെ അത്ഭുതപ്പെട്ടില്ല. "അയാൾ എന്തിനും പോന്നവനാണു്" എന്നേ അവർ പറഞ്ഞുള്ളു. പക്ഷേ, മൂർഖസ്വഭാവനും 'അരക്കനും,' സ്ത്രീവിമുഖനെന്നു കുപ്രസിദ്ധനുമായ, ആ മനുഷ്യൻ ഈ അമ്പതു വയസ്സിനുശേഷം, വിലാസവതിയും പതിനേഴുവയസ്സു തികയാത്തവളുമായ ജാനകിയെ സംബന്ധം ചെയ്യുന്നു എന്നു കേട്ടപ്പോഴാണു് അവരൊക്കെ അത്ഭുതംകൊണ്ടു മിണ്ടാൻപോലും വയ്യാത്തവരായതു്. ആ അമ്പരപ്പിൽ നിന്നു കുറഞ്ഞൊന്നു വിമുക്തരായപ്പോൾ ഈ സംബന്ധത്തിനു പല കാരണങ്ങളും അവർ പറഞ്ഞുതുടങ്ങി. "സ്ത്രീവിമുഖനത്രെ! കള്ളസ്സന്ന്യാസി! ഇൗവിടങ്ങളിലേക്കു വെച്ചു് ഏററവും നല്ല പെണ്ണിനു പ്രായമാവാൻ വേണ്ടി കാത്തിരിക്കുകയായിരുന്നു" എന്നു ചിലർ. "പാവം, ആ ഭാസ്കരൻെറ കഥയാണു കഷ്ടമായതു്!" ചില മെനപ്പക്കാർ പറഞ്ഞു. "പക്ഷിയുടെ കഥപോലെയായി. പൂളക്കായ മൂക്കട്ടെ മൂക്കട്ടെ എന്നുവെച്ചു കാത്തു കാത്തിരുന്നു. മൂത്തപ്പോൾ മറെറാരുത്തൻെറ കിടക്കയിൽ നിറക്കാനുള്ള പഞ്ഞിയായിപ്പോയി!" അതു കേട്ടുകൊണ്ടിരുന്ന ഒരു കാരണവർ പറഞ്ഞു. "പണത്തിനു മീതെ പരുന്തും പറക്കില്ല, പിള്ളേരേ!" മിസ്റ്റർ പി. വി. നായരുടെ വാലിയക്കാരൻ പറഞ്ഞതു ഇങ്ങിനെയാണു് "കാരണവന്മാരായിട്ടു ഉണ്ടാക്കിയ ബന്ധം അങ്ങിനെയങ്ങട്ടു് വിടരുതല്ലോ എന്നു വെച്ചാണു്, ഏമാനൻ. പ്രായത്തിൽ കുറച്ചൊരു ചേർച്ചകേടുണ്ടെങ്കിലും അച്ഛൻെറ മരുമകളല്ലേ, പിന്നേ, ആ കുടുംബത്തിലെ ഒരു കുഞ്ഞിനെങ്കിലും ഇപ്പോൾ കഞ്ഞികുടിക്കാറുമായല്ലോ".—ഈ പ്രസംഗം കേട്ടുകൊണ്ടുവന്ന 'ഏമാനൻ' കുതിരച്ചവുക്കുകൊണ്ടു നാലു പൊട്ടിച്ചാണു് അയാളോടു ഇങ്ങിനെ ചോദിച്ചതു്. 'എൻെറ പ്രവൃത്തികളെപ്പ

ററി വിചാരണനടത്താൻ നീയാരെടാ ശപ്പാ!' ഇതാണു് ആ മനുഷ്യന്റെ പ്രകൃതി. കുട്ടിക്കാലം മുതല്ക്കേ ഇങ്ങിനെയാണു്. മൂക്കത്താണു ശുണ്ഠി. ശുണ്ഠിവന്നാൽ ആരേയും കയറിത്തല്ലും. അതിനുമാത്രം കരുത്തു അന്നും ഇന്നും ദേഹത്തിനുണ്ടു്. പെനാങ്കിൽ പോയി ചായത്തോട്ടങ്ങളിൽ കൂലിക്കാരെക്കൊണ്ടു വേലയെടുപ്പിക്കുമ്പോഴാം തുടങ്ങിയതാണു് ഈ ചാവുക്കപ്രയോഗം. ഇന്നും ആ ചാവുക്ക താഴത്തു വെച്ചിട്ടില്ല. അയാൾ ആൎക്കെങ്കിലും ഒരു സഹായം ചെയ്യുകയാവട്ടേ, ആരുടേയെങ്കിലും ഒരു സഹായം ആവശ്യപ്പെടുകയാവട്ടെ ഉണ്ടായില്ല. അതുകൊണ്ടു നാട്ടിൽ വന്നിട്ടു കൊല്ലങ്ങൾ മൂന്നു കഴിഞ്ഞെങ്കിലും ഒരൊററ സുഹൃത്തുപോലുമില്ല ആ മനുഷ്യനു്. ഉണ്ടെങ്കിൽ ഈ സംബന്ധത്തെപ്പററി ഇങ്ങിനെ പറഞ്ഞേനെ. അവളുടെ അമ്മയുടെ ആഭരണപ്പെട്ടി അയാൾ തട്ടിക്കൊണ്ടു പോയതുകൊണ്ടു് ആഭരണങ്ങൾ ഒന്നും അണിയാതെ തന്നെ ജാനകിയുടെ ബാല്യം കഴിഞ്ഞു. ഇനി അവളുടെ സുന്ദരമായ യൌവ്വനമെങ്കിലും അതിനു അനുയോജ്യമായ അന്തസ്സോടും സുഖത്തോടുംകൂടി കഴിവാൻ തന്റെ അസാമാന്യമായ സമ്പാദ്യത്തെ വിനിയോഗിക്കാമെന്നുകൂടി വിചാരിച്ചായിരിക്കാം, ഒരു പക്ഷേ, അദ്ദേഹം ഈ ബന്ധത്തിൽ ഏൎപ്പെടുന്നതു്. പക്ഷേ ഇതു പറയുവാൻ ആരുമാരും ഉണ്ടായില്ല.

എങ്ങിനെയായാലും നല്ലൊരു നാളിൽ നിറഞ്ഞൊരു സദസ്സിൽ വെച്ചു, ജാനകി മിസിസ്സ് പി. വി. നായരായി.

II

വിലാസവതിയായ ഈ പെൺകുട്ടി, അരപിശുക്കനും അരമുഷിപ്പനുമായ ഈ പുരുഷനൊന്നിച്ചു നാൾകഴിക്കുവാൻ വളരെ ക്ലേശിക്കേണ്ടിവരുമെന്നു പറഞ്ഞവരായിരുന്നു എല്ലാവരും. എന്നാൽ വളരെ കാലതാമസം വേണ്ടിവന്നില്ല, അവൎക്കു തങ്ങളുടെ തെററു സമ്മതിക്കുവാൻ. സംബന്ധം കഴിഞ്ഞു പിറേറ ദിവസം തന്നെ നായർ ഭാൎയ്യാസമേതം മദ്രാസിലേക്കു പോയി. അവിടെ വളരെ നല്ല ഒരു കെട്ടിടം വാങ്ങി അവിടെത്തന്നെയായി സ്ഥിരതാമസം. മദിരാശിയിൽ ഭേദപ്പെട്ട ഏതെങ്കിലും ഒരു സദസ്സോ ഒരു സൽക്കാരമൊ ഉണ്ടെങ്കിൽ മിസ്ററരും മിസിസ്സും നായർ അവിടെയുണ്ടു്. ഏതെങ്കിലും പുതിയതായൊരു ആഭരണമോ സാരിയോ കണ്ടിട്ടു ജാനകി പറഞ്ഞാൽമതി, "നല്ല ഭംഗിയുള്ള സധനം!" പിററദിവസം അതു അവളുടേതായി. ഇങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുവന്നു. വലിയ ശൃംഗാരവും പ്രണയഗാനങ്ങളുമൊന്നുമില്ലെങ്കിലും വളരെ സുഖകരങ്ങളായ ദിവസങ്ങൾ.

## III

അങ്ങിനെയിരിക്കുമ്പോഴാണ് ഒരു ദിവസം അല്പമൊന്നു മെലിഞ്ഞു നല്ല മുഖശ്രീയുള്ള ഒരു ചെറുപ്പക്കാരൻ ഒരു തുരുമ്പു കയറിയ ട്രങ്കുപെട്ടിയുംകൊണ്ടു മി. നായരുടെ ആപ്പീസ്സുമുറിയിൽ കയറിച്ചെന്നതു്. അയാൾ ആരെന്നു നായർ ചോദിച്ചു മനസ്സിലാക്കുമ്പോഴെയ്ക്കും അയാളെക്കണ്ടിട്ടു് ഓടിവന്ന ജാനകി ചോദിച്ചു. "ഭാസി, ഭാസി എവിട്ടുന്നു വരുന്നു? വീട്ടിൽനിന്നുതന്നെയാണോ? അയ്യയ്യോ! എന്തൊരു പൊടിയാണിതു! വരൂ, ഇതൊക്കെ മാററിയൊന്നു കുളിക്കൂ."

കുറച്ചു കഴിഞ്ഞു, നായർ പുസ്തകം നോക്കിയിരിക്കുമ്പോൾ, തന്റെ ആ അതിമനോഹരമായ പുഞ്ചിരിയോടുകൂടി അവൾ അദ്ദേഹത്തെ സമീപിച്ചു.

"അപ്പോഴേ, ഇവിട്ടുന്നു ഭാസിയെ അറിയില്ലല്ലോ. എന്റെ അമ്മാമന്റെ മകനാണ്."

അദ്ദേഹം പുസ്തകത്തിൽനിന്നു കണ്ണെടുക്കാതെതന്നെ ഒന്നു മൂളി: "ഉം."

"ഭാസി ഇപ്പോൾ എന്തിനാണു വന്നതെന്നു് ഇവിട്ടുന്നു ചോദിച്ചില്ലല്ലോ."

തന്റെ മൂക്കത്തുനിന്നും കണ്ണടയെടുത്തുകൊണ്ടു് അദ്ദേഹം ചോദിച്ചു: "നിനക്കു വേണ്ടപ്പെട്ട ആളുകൾ നിന്നെ കാണ്മാൻ വരുന്നതു് എന്തിനാണെന്നു ചോദിക്കേണ്ടതുണ്ടോ?"

"അല്ല, അങ്ങിനെ വെറുതെ ഒന്നു കണ്ടു പോവാനായിട്ടു വന്നതല്ല ഭാസി. അയാൾ വീട്ടിൽനിന്നു കലഹിച്ചു പോന്നവനാണ്. അയാൾക്കു് ഇവിടെ ഒരു തൊഴിലുണ്ടാക്കിക്കൊടുക്കണം. അതു പറയുവാനാണു ഞാൻ വന്നതു്."

"നമ്മളെന്തു തൊഴിലുണ്ടാക്കിക്കൊടുക്കാനാണ്?"

"ഭാസിക്കു ഡ്രൈവിങ്ങ് അറിയാം. ഭേദപ്പെട്ട മറെറാരു ജോലി കിട്ടുന്നതുവരെ അയാൾ നമ്മുടെ ഡ്രൈവറായിക്കൊള്ളട്ടെ എന്നു വെച്ചാലോ?"

കുറച്ചുനേരം അവളുടെ ഇരുകൈകളും കൂട്ടിപ്പിടിച്ചതിനു ശേഷം അദ്ദേഹം ചോദിച്ചു: "അതു വേണമോ ജാനു? എന്തോ എനിക്കു് ആ ചെറുപ്പക്കാരനെ അത്ര പിടിച്ചില്ല."

ജാനകി വിട്ടുമാറുവാനല്ലായിരുന്നു ഭാവം. "അതു അവിടേക്കു വെറുതെ തോന്നുകയാണു്. ഭാസി എത്ര നല്ല കൂട്ടത്തിലാണെന്നോ!

ഞങ്ങളൊന്നിച്ചു കളിച്ചു വളൎന്നവരാണു്. അയാൾക്കു് എന്നെക്കൊണ്ടു ഒരു ഉപകാരം ചെയ്യാൻ കഴിവുള്ളപ്പോൾ അതു ചെയ്യാൻ അങ്ങു് അനുവദിക്കില്ലേ?" അവൾ അദ്ദേഹത്തിന്റെ തോളുകളിൽക്കൂടി കൈകളിട്ടു തന്റെ ചുണ്ടുകൾ അല്പം വിടൎത്തി അദ്ദേഹത്തിന്റെ ചുണ്ടുകളോടു അടുപ്പിച്ചുനിന്നു. അവളുടെ കാതുകളിലെ ലോലക്കുകൾ ഇളകുമാറു തലയൊന്നു വെട്ടിച്ചുകൊണ്ടു് അവൾ ചോദിച്ചു: "ഇല്ലേ?"

അവളുടെ കൈപ്പടത്തെ ഒന്നു് അമൎത്തിയതിനുശേഷം അദ്ദേഹം പറഞ്ഞു: "ഉം, എന്നാൽ അങ്ങിനെയാവട്ടെ."

അങ്ങിനെ 'ഭാസി' അവിടുത്തെ ഡ്രൈവറായി, അവിടെ സ്ഥിരതാമസമായി.

ക്രമേണ മി. നായൎക്കും ഭാസിയെ വലിയ സ്നേഹവും വിശ്വാസവുമായി. സ്വതവേ മറ്റൊരുത്തനോടു സംസാരിക്കുവാനോ സമുദായത്തിൽ കൂട്ടുകൂടുവാനോ നിശ്ചയമില്ലാത്ത ആ മനുഷ്യനു പ്രസരിപ്പും, വൈഭവവും, സൌമുഖ്യവും ഉള്ള തന്റെ ഈ യുവബന്ധുവിന്റെ സന്തതസാഹചര്യം വളരെ പ്രയോജനകരമായി തോന്നി. ജാനുവിന്റെ ഇഷ്ടങ്ങൾ സാധിപ്പിച്ചുകൊടുക്കുക അദ്ദേഹത്തിനു വളരെ സന്തോഷപ്രദമായ ഒരു കാൎയ്യമായിരുന്നു. പക്ഷേ പരിഷ്കാരിയായ ഒരു യുവതിയുടെ ഇഷ്ടാനിഷ്ടങ്ങളെ അവൾ പറയാതെതന്നെ അറിഞ്ഞു പ്രവൎത്തിക്കുവാൻ വേണ്ട സാരസ്യം അദ്ദേഹത്തിന്റെ പ്രകൃതത്തിനുണ്ടായിരുന്നില്ല. ഇപ്പോൾ ഭാസി വന്നതിൽപിന്നെ ഇക്കാൎയ്യവും അദ്ദേഹത്തിനു വലിയ എളുപ്പമായി. ഒരു നല്ല ഡോക്ടർ തന്റെ സ്റ്റെതസ്കോപ്പുകൊണ്ടു രോഗിയെ പരിശോധിച്ചു രോഗനിൎണ്ണയം ചെയ്യുന്നതിലും വൈദഗ്ദ്ധ്യത്തോടും അനായാസമായും ഭാസി അവളുടെ ഇഷ്ടാനിഷ്ടങ്ങളെ സൂക്ഷ്മമായി കണ്ടറിഞ്ഞു. അതുകൊണ്ടു മി. നായൎക്കു ഭാസി പ്രിയതരനായി.

ഇക്കാലത്തു് അവൎക്കു് ഒരു പെൺകുട്ടിയുണ്ടായി. 'തങ്ക'ത്തിനെ കണ്ടാൽ ഒന്നു് ഉമ്മവെക്കുവാൻ തോന്നാത്തവരുണ്ടായിരുന്നില്ല.

അങ്ങിനെ കൊല്ലങ്ങൾ ഒന്നുരണ്ടു കഴിഞ്ഞു. ശരൽക്കാലത്തെ ആകാശത്തെ അനുസ്മരിപ്പിക്കുന്ന രണ്ടു കൊല്ലങ്ങൾ. പറയത്തക്ക സംഭവങ്ങളൊന്നുമുണ്ടായില്ല. അവരുടെ ആകൃതിയിൽ കുറേശ്ശ മാററങ്ങൾ വന്നുവെന്നുമാത്രം. നായരുടെ ചെവിക്കടെക്കൽക്കൂടി നര കുറേശ്ശ കയറിത്തുടങ്ങി; പുറംപോള അടൎന്ന ഒരു പൂവിന്റെ ഛായവന്നു ജാനകിക്കു്; ഭാസ്കരനു് ഒരു 'തൊടംവെച്ചു'; തങ്കത്തിന്റെ കുഞ്ഞുവായിൽ രണ്ടു കുരുന്നുമൊട്ടിട്ടു.

## IV

ഈയിടെയായി, ഭാസി ഓടിച്ചുചെന്ന കാറിൽനിന്നു മി. നായർ സഭാര്യനായി ഇറങ്ങിച്ചെല്ലുമ്പോൾ ചിലപ്പോൾ ചിലരെല്ലാം ‘കുശുകുശു’ക്കാറുണ്ടു്. മി. നായരെ സംബന്ധിച്ചിടത്തോളം, ആ വകയൊന്നും കാണ്മാൻ അദ്ദേഹത്തിന്നു കണ്ണുണ്ടായിരുന്നില്ല. എന്നാൽ ജാനകിയുടെ മുഖത്തു് അതു കാണുമ്പോൾ കുറേശ്ശ കാറ കേറാറുണ്ടു്. വീട്ടിൽ ചെന്നാൽ ഭൃത്യജനങ്ങൾ, പുറത്തുവന്നാൽ സുഹൃത്തുക്കൾ—ആരെങ്കിലും തന്റെ മുഖത്തേയ്ക്കു രണ്ടാമതൊരുകുറി നോക്കിയാൽ, അവൾക്കു അത്ര നിസ്സാരമല്ലാത്ത ഒരു പരിഭ്രമം ഉള്ളതായി തോന്നി. തന്റെ കുട്ടിയെ പുറത്തേക്കു കൊണ്ടുപോകുന്നതിലോ, പുറമെനിന്നു ആരെങ്കിലും ചെന്നു കാണുന്നതിലോ അവൾക്കത്ര താല്പര്യമില്ലാത്തതുപോലെ കാണപ്പെട്ടു. എന്നുതന്നെയല്ല, അവൾ ഒരുതരം തടസ്ഥം തന്നെ ചെയ്യാറുണ്ടു്. "എന്താണു ജാനു, തങ്കത്തിനെ നമ്മുടെയൊപ്പം ബീച്ചിലേയ്ക്കു കൊണ്ടുപോകാൻ നിനക്കിത്ര വിരോധം?" വേലുനായർ ഇടക്കിടയ്ക്കു ചോദിക്കും.

"അതേ, അവൾക്കു കണ്ണുപാറിക്കോട്ടെ എന്നിട്ടു്!" തന്റെ ഓമനയെ ഉമ്മവെച്ചുകൊണ്ടു് അവൾ പറയും: "എന്റെ തങ്കത്തിനെ കണ്ടാൽ ആരാണു കണ്ണിടാതിരിക്കുക!"

അതോടുകൂടി നായരുടെ വാദവും നില്ക്കും.

(തുടരും)

ഉള്ളാട്ടിൽ ശങ്കരൻകുട്ടിമേനോൻ ബി. എ.

കവിതം

# നിത്യഗാനം.

അഞ്ചിതാത്മനയായി, സ്സുകൃതാച്ഛനയായി,-
പ്പുഞ്ചിരികൊണ്ടു പ്രേമം വിസ്മൃതിത്തിരനീക്കി;
പരിവേഷത്തിൻകുടസ്സുള്ളിലാക്കാടിൻമൂട-
പടത്തിന്നകത്തായി പാതിരച്ചന്ദ്രൻമിന്നീ;
പൂനിലാവൊളിപൂശും യാമിനിയീമന്നിൻെറ
പൂന്തോപ്പിലുലാത്തുന്നൊരപ്സരസ്സായിത്തോന്നീ,
അച്ചന്ദ്രമുഖിയാംതന്നഴകിൽ സാരിത്തുമ്പു
കൊച്ചലകളിൽക്കിടന്നിഴഞ്ഞു മന്ദംമന്ദം
തൻകൊച്ചുമണിത്തോണിതന്നിലേറിയൊരുഴി
തൻഭർത്തൃഗൃഹംനോക്കിയേകയായ്ത്തുഴയുന്നു!

എൻമുന്നിൽവിണ്ണിൽനിന്നുമൊരുതുലിഴതാണു
എങ്ങനിന്നറിഞ്ഞില്ല—ഒരു പാട്ടു ഞാൻ കേട്ടു!
നോക്കിക്കൊണ്ടിരിക്കവേ വ്യോമത്തിലായും മുക്കി-
മുക്കിവന്നലച്ചിതഗ്ഗാനത്തിൻ വെള്ളപ്പൊക്കം;
സ്വച്ഛമായ്, മധുരമായുള്ളൊരാഗാനത്തിൻെറ
ഉച്ചമാം സ്വരംപോലെ താരകൾ തെളിയവെ,
ഭൌതികലോകത്തിൻെറയേകാന്തമനോലയം-
പോലെയാവാനിൻനിത്യനിലിമവിരാജിക്കെ,
പച്ചതേച്ചങ്ങിങ്ങേതുമുദ്രയോകാട്ടിക്കൊണ്ടു-
നിശ്ചലക്കാൽവെപ്പോടെ മാമല നിലകൊൾകെ,
സൂനത്തിൻപരിമളംപോലെയാമനോഹര-
ഗാനത്തിൻസ്വരങ്ങൾചെന്നടങ്ങി മെല്ലെമെല്ലെ
മാതാവിൻവാത്സല്യത്തി-ലുഷസ്സിൻവികാസത്തിൽ-
പ്പൈതലിൻ പൈക്കൊഞ്ചലിൽ-സ്സാദ്ധ്വിതൻവിരഹത്തിൽ;
കവിതൻവികാരത്തി-ലൃഷിതൻസമാധിയിൽ-
ക്കനകനക്ഷത്രത്തിനുജ്ജ്വലരഹസ്യത്തിൽ!
മാമകാത്മാവിലേയ്ക്കാഗാനധാരയിൽക്കൂടി-
യീമഹാവിശ്വത്തിൻെറ സൌന്ദര്യം പ്രവഹിക്കെ,-

ള്ളമയിൽക്കുളപ്പിച്ചു മാനവജനിദയേയും,
പ്രേമത്തിൻസുകൃതൈകലഭ്യമാം തീർത്ഥസ്നാനം!
മാമകാത്മാവിന്നുമസ്സംഗീതമയമായൊ-
രാമഹാലോകത്തിന്നും നടുവിലായന്നേരം;
ഗീതിതൻമധുരമാമമൃതമൊഴുക്കാനീ
ഭൗതികപ്രപഞ്ചമൊരോമനമുരളിയായ്!
മുട്ടിയെൻഹൃദയത്തിൻ വാതില്ക്കലസ്സംഗീതം—
ഞെട്ടിഞാനുണർന്നിതു ദീർഘനിദ്രയിൽനിന്നും,
കേവലമൊരുമുക്കിൽ മരിച്ചുകിടക്കുമെൻ
ജീവിതകാലത്തൊരു നിമിഷം ജീവിച്ചുഞാൻ.

മിന്നുമാചിളക്കൊളിപറന്നി;തിരുളുറി,-
പ്പിന്നെയുമുറങ്ങിഞാ;നിപ്പൊഴുമുറങ്ങുന്നു!

പി. കുഞ്ഞിരാമൻനായർ.

# പ്രേമപ്രവാഹം. *

ആഴിയിലേയ്ക്കതിവേഗ-
മാറണയുംപോലെ
എന്നകക്കാമ്പൊഴുകിനിൻ-
സന്നിധി പൂകുന്നു:
വെൺകുളിർനിലാവൊഴുക്കും
തിങ്കളെത്താൻനോക്കി
രാത്രിയെച്ചകോരംപോലെൻ
രാജാവിനെത്തന്നെ
നോക്കിനോക്കിഞാനുമിതാ
പോക്കിടുന്നു കാലം.

അംബുജപത്രങ്ങളവ-
ലംബിച്ചിരിക്കുന്നു,
വെള്ളത്തെത്താനെന്നപോൽഞാ-
നെന്റെ രാജാവിന്റെ,
തൃപ്പാദങ്ങളാശ്രയിച്ചു
തൃപ്തിയടയുന്നു!

അങ്ങയ്ക്കുമെനിക്കും ചേർന്ന
മംഗളപ്രേമത്തെ
നീക്കുവാനിപ്രപഞ്ചത്തി-
ലാർക്കുസാധിക്കുന്നു!

ആദിമുതലന്തംവരെ-
യ്ക്കല്ലിതമ്പുരാനേ!
നീണ്ടുനീണ്ടങ്ങിനേനിന്നീ-
ടേണ്ടതസ്മൽ പ്രേമം
എങ്ങിനെനശിക്കുമീയ-
ഭംഗുരപ്രവാഹം.

കെ. ടീ. ലോനപ്പൻ.

---

* മൂലം മഹാകവി കബീറിന്റെ ഒരു കൃതി. തർജ്ജിമ സ്വതന്ത്രം. 'ഓടക്കുഴലൂതീകൃഷ്ണൻ ഗീതങ്ങളും പാടി' എന്ന മട്ട്.

# സാഹിത്യപഞ്ചാനനൻ.

സുപ്രസിദ്ധനായ ജി. കെ. ചെസ്റ്റർട്ടൻ പെട്ടെന്നു പരലോകഗതനായപ്പോൾ ഏതോ ഒരു ലേഖകൻ, മഹാന്മാർ സ്വജീവിതസ്മരണകൾ എഴുതിക്കഴിഞ്ഞാൽ അവർ ലോകത്തോടു യാത്ര പറഞ്ഞതായിക്കരുതാം എന്നു പ്രസ്താവിക്കയുണ്ടായി. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകളുടെ അപ്രതീക്ഷിതമായ നിര്യാണം ആ പ്രസ്താവത്തെ ഓർമ്മിപ്പിക്കുന്നു. ഒരു മാസമേ ആയുള്ളുവെന്നു തോന്നുന്നു, അദ്ദേഹം സ്മരണമണ്ഡലം എന്ന അഭിധാനത്തിൽ ജീവിതപൂർവ്വാർദ്ധത്തെക്കുറിച്ചു് എഴുതിക്കഴിഞ്ഞിട്ടു്. അപ്പോഴേക്കും അതാ വിധി ആ മഹാശയനെ അപഹരിച്ചുകളഞ്ഞു. "ദിവ്യോക്തിനാം നിധാനം നിധനമുപഗതം ഹാ ഹതാ ദിവ്യവാണി."

ഒരിക്കലേ ഇയ്യുള്ളവൻ അദ്ദേഹത്തെ കണ്ടിട്ടുള്ളു. അതോടേ എനിക്കു ബോദ്ധ്യമായി അദ്ദേഹത്തിന്റെ സാഹിത്യപഞ്ചാനനത്വം. ക്രോപ്പുചെയ്യ തലമുടി, വിരിഞ്ഞ നെററി, ഊർജ്ജസ്വലങ്ങളായ നേത്രങ്ങൾ, ആകപ്പാടെ ഗാംഭീര്യം തുളുമ്പുന്ന വദനം, പൌരുഷത്തിന്റെ അവതാരമെന്നു തോന്നുമാറു നീണ്ടുനിവന്ന ശരീരം, ഇവയിണങ്ങിയ ആ പുരുഷപുംഗവൻ പണ്ഡിതസഭാമണ്ഡപത്തിൽ എണീററുനിന്നു്, കയ്യിലുള്ള വടി മേശമേൽ മീതെ വലിച്ചെറിഞ്ഞു്, ഒരു കാൽ അല്പമൊന്നുയർത്തി പീഠോപരി മടക്കിവെച്ചുകൊണ്ടു് അനർഗ്ഗളമായി ഗർജ്ജനമാരംഭിച്ചപ്പോൾ അന്നു ശ്രോതാക്കൾക്കുണ്ടായ വികാരവിശേഷങ്ങൾ എനിക്കു് ഒരു നാളും മറക്കുവാൻ കഴികയില്ല. ആപത്തിനൊന്നും വഴിയില്ലെങ്കിലും സദസ്യർ അദ്ദേഹത്തെ ഒരു പഞ്ചാനനനെയെന്നവണ്ണം ഭയപ്പെട്ടിരുന്നുവെന്നു വേണം കരുതാൻ. ഗംഗാജലംപോലെ മേൽക്കുമേൽ അലതല്ലിക്കൊണ്ടിരുന്ന ആ വാഗ്ധോരണിയിൽ വ്യാധൂതമാകാതൊന്നും ഉണ്ടായിരുന്നില്ല. ആർ കൊടുത്തു അദ്ദേഹത്തിനു പഞ്ചാനനപട്ടം? എന്നു ക്ഷോഭിച്ചു ചോദിച്ചിരുന്നവർ കൂടി അന്നു നിരുദ്ധകണ്ഠരായിപ്പോയി.

മി. പി. കെ. യുടെ പ്രഭാഷണപടുത്വം ഇരിക്കട്ടെ. സാഹിത്യത്തിനു് അദ്ദേഹം അന്യാദൃശമായ അനർഘമായ സേവനം ചെയ്യിട്ടുണ്ടു്. മലയാളത്തിൽ സാഹിത്യനിരൂപണത്തിനു വല്ല നിലയും ഉണ്ടെങ്കിൽ അതിനുത്തരവാദപ്പെട്ടവരിൽ കനിഷ്ഠികാധിഷ്ഠിതൻ അദ്ദേഹമാണെന്നു്

ആരും സമ്മതിക്കും. കെ. രാമകൃഷ്ണപിള്ള, സി. അച്യുതമേനോൻ, വേങ്ങയിൽ കുഞ്ഞുരാമൻനായർ, സി. അന്തപ്പായി, എന്നിങ്ങിനെ കഴിഞ്ഞ പുരുഷാന്തരത്തിൽപ്പെട്ട മഹാരഥന്മാർ പുതുതായി വെട്ടിത്തെളിച്ച നിരൂപണസരണിയിൽ കരുത്തോടും കരളുറപ്പോടും കൂടി സുദൂരം സഞ്ചരിച്ചവൻ മി. പി. കെ.യാണ്. പൌരസ്ത്യാചാര്യന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ള കാവ്യകലാതത്വങ്ങളെ തികഞ്ഞ തന്റേടത്തോടുകൂടി വേണ്ടേടത്തോളം മാത്രം കൈക്കൊണ്ടു്, അവയെ പാശ്ചാത്യനിരൂപണസമ്പ്രദായത്തോടിണക്കി തദനുസാരേണ, എഴുത്തച്ഛന്റേയും ചെറുശ്ശേരിയുടേയും നമ്പ്യാരുടേയും ഉണ്ണായിയുടേയും കൃതികളെ സനിഷ്കർഷം വിമർശിച്ച് അവയുടെ വ്യതിരിക്തധർമ്മങ്ങളെ സഹൃദയന്മാൎക്കു് അവധേയങ്ങളാക്കുവാൻ മി. പി. കെ. ചെയ്തിട്ടുള്ള യത്നം ഒന്നു മാത്രം മതി, അദ്ദേഹത്തെ ഭവ്യസ്മരണാർഹനാക്കുവാൻ. തങ്ങൾ പഠിച്ചിട്ടുള്ള അലങ്കാരഗ്രന്ഥങ്ങൾ തിരിച്ചും മറിച്ചും എഴുതി, അലങ്കാരവിചാരണകളിലും വ്യംഗ്യാദിവിഭാഗങ്ങളിലും മററും ബ്രഹ്മാണ്ഡം വിറപ്പിക്കത്തക്ക പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്നു ഭാവിച്ചു് ഈ ഇരുപതാംനൂററാണ്ടിൽ സാഹിത്യനിരൂപകപട്ടംകെട്ടുന്ന ഔദ്ധത്യമൂൎത്തികൾ മി. പി. കെ.യുടെ നിരൂപണങ്ങൾ എത്രയാവൃത്തി വായിച്ചാലും അധികമാവുകയില്ല. ആരു കീറിയാലും പൊളിയാത്തവയായിട്ടോ എന്തുകൊണ്ടെറിഞ്ഞാലും വഴിയിൽനിന്നു നീങ്ങാത്തവയായിട്ടോ ഗ്രന്ഥങ്ങളെഴുതണമെന്നായിരുന്നില്ല മി. പി. കെ.യുടെ സിദ്ധാന്തം. ചെറിയ പുസ്തകങ്ങൾ! എങ്കിലും അവയിൽ ഔചിത്യഭാസുരമായ ഭാഷയിൽ കവിനിബന്ധനങ്ങളുടെ ഗുണദോഷങ്ങൾ നല്ല വകതിരിവോടുകൂടി പ്രതിപാദിക്കുവാൻ മി. പി. കെ.ക്കു കഴിഞ്ഞിട്ടുണ്ടു്. ചുരുക്കത്തിൽ സാഹിത്യനിരൂപണം വെറുമൊരു ശാസ്ത്രമല്ല അത്യുൽകൃഷ്ടമായൊരു കലയാണെന്നു് അദ്ദേഹത്തിന്റെ ഓരോ നിരൂപണവും വിളിച്ചു പറയുന്നതാണ്.

മൺമറഞ്ഞ മഹാകവികളുടെ കാലവും നാമവും നിൎണ്ണയിപ്പാൻ മി. പി. കെ. ശ്ലാഘനീയമായ യത്നം ചെയ്തിട്ടുണ്ടു്. അപ്രതിഷേധ്യങ്ങളായ തെളിവുകൾ ഇല്ലാത്ത സംഗതികളെസംബന്ധിച്ചു്, മനോധൎമ്മംപോലെ എന്തെങ്കിലും പറഞ്ഞു് അഭിപ്രായങ്ങളുടെ എണ്ണം വൎദ്ധിപ്പിക്കുന്ന പ്രകൃതി മി. പി. കെ. ക്കുണ്ടായിരുന്നില്ല. മുമ്പേ പുറപ്പെട്ടിട്ടുള്ള വാദങ്ങൾ യുക്തിയുക്തവും പരിസ്ഫുടവുമായ രീതിയിൽ പരി

ശോധിച്ച് അവയെക്കാറം കൂടുതൽ സംഗതമായ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ അദ്ദേഹം വിശേഷിച്ച ശ്രദ്ധിച്ചിരുന്നു. ചെറുശ്ശേരിയെപ്പററി അദ്ദേഹം നടത്തിയിട്ടുള്ള വാദം അതിനുദാഹരണമാണ്.

ഡോൿടർ ജോൺസണെന്നപോലെ മി. പി. കെ. ക്കും കാവ്യാസ്വാദനത്തിൽ ചില രുചിഭേദങ്ങറം ഉണ്ടാകാതിരുന്നില്ല. ആധുനികന്മാരുടെ കൃതികറം പരിശോധിച്ചപ്പോഴാണ് അവ അദ്ദേഹം വെളിപ്പെടുത്തിയതു്. മഹാകവി കുമാരനാശാൻെറ കരുണയെപ്പററി അദ്ദേഹം ചെയ്യ ചില പ്രസ്താവങ്ങറം നോക്കിയാൽ അതു മനസ്സിലാക്കാം. വാൎദ്ധക്യത്തിൻെറ കൂടപ്പിറപ്പാണ യാഥാസ്ഥിതികത്വം എന്നുള്ള ചൊല്ലല്ല കരുണാവിമൎശം ഉദാഹരിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഡോൿടർ ജോൺസണ് തോമസ് ഗ്രേയെ നിശിതമായാക്ഷേപിക്കുവാൻ പ്രേരകമായെന്നു പറയപ്പെടുന്ന വികാരം മി. പി. കെ. ക്കുണ്ടായിരുന്നുവെന്നു വിശ്വസിക്കുവാൻ തെളിവുകറം മതിയാവുന്നില്ല.

നിരൂപണങ്ങറംക്കു പുറമെ വേറെയും പല ഉൽകൃഷ്ടപ്രബന്ധങ്ങറം മി. പി. കെ. എഴുതിയിട്ടുണ്ടു്. എല്ലാററിലും അദ്ദേഹത്തിൻെറ ഗൌരവം നിറഞ്ഞ രീതി സ്പഷ്ടമാണ്. ഗീൎവ്വാണം പ്രയോഗിക്കുന്നതിൽ അദ്ദേഹത്തിനു കണക്കിലധികം കൌതുകമുണ്ടു്. പക്ഷേ ആ ഗീൎവ്വാണത്തിനു മററെങ്ങും കാണാത്തൊരു സ്വാരസ്യവും ഗാംഭീൎയ്യവുമുണ്ടെന്നു പറഞ്ഞേ തീരൂ. സംസ്കൃതശബ്ദങ്ങറം അമിതമായി ഉപയോഗിക്കുന്നവരിൽ പലൎക്കും പിഴ ധാരാളം പററാറുണ്ടു്. വൈയാകരണശിഖാമണിയായ മി. പി. കെ. സുശബ്ദസ്വീകാരത്തിൽ ദത്തമതിയായിരിക്കുക പതിവായിരുന്നു. പ്രബന്ധം വായിച്ചിട്ടു സംസ്കൃതശബ്ദപ്രയോഗത്തിൽ തെററു വരാതിരിക്കുമെന്നു വിശ്വസിച്ചു വിദ്യാൎത്ഥികറംക്കു ശുപാൎശ ചെയ്യാവുന്ന ചുരുക്കം ചില മലയാളഗദ്യഗ്രന്ഥങ്ങളിൽ മുന്നണിയിൽ നില്ക്കുന്നവയാകുന്നു മി. പി. കെ. യുടെ പ്രബന്ധമാലികകറം.

കേരളപാണിനിയുടെ ശിഷ്യനും സഹപ്രവൎത്തകനും സുഹൃത്തുമായിരിക്കാൻ ഭാഗ്യമുണ്ടായ മി. പി. കെ. വ്യാകരണവിഷയകമായും ഭാഷക്കു കൈങ്കൎയ്യം ചെയ്തിട്ടുണ്ടു്. അടുത്തു പ്രസാധിതമായ പ്രയോഗദീപികയാണ് അക്കൂട്ടത്തിൽ കാൎയ്യപ്പെട്ട കൃതി. പാണിനീയസൂത്രങ്ങറം സിദ്ധാന്തകൌമുദിയിലെ സമ്പ്രദായമനുസരിച്ചു വ്യാഖ്യാനിച്ചു മലയാളത്തിലേക്കാവശ്യമായ സംസ്കൃതവ്യാകരണം—എന്നുവെച്ചാൽ ലിപി, സന്ധി, ലിംഗപ്രത്യയങ്ങറം, കൃത്തദ്ധിതസമാസങ്ങറം, എന്നി

വയെക്കുറിച്ചുള്ള ഭാഗങ്ങൾ—അതിൽ അദ്ദേഹം സരസമായി പ്രതിപാദിച്ചിരിക്കുന്നു. ഗണങ്ങളുടെ പട്ടികയില്ലായ്മ, മലയാളത്തിൽ അർത്ഥാന്തരം വന്നിട്ടുള്ള ശബ്ദങ്ങളുടെ സ്വീകാര്യത ആലോചിക്കായ്ക, മുതലായി ഏതാനും ദോഷങ്ങൾ അതിനെപ്പററി പറയാനുണ്ടാകാം. എന്നിരുന്നാലും മലയാളത്തിൽ ഉപയോഗപ്പെടുന്ന സംസ്കൃതശബ്ദങ്ങളുടെ സ്വഭാവംഎറെക്കുറെ ധരിക്കുവാൻ ഭാഷാഭിമാനികൾക്കു പ്രയോഗദീപിക ഒരു നല്ല ദീപികയാണെന്നു വിചാരിക്കണം.

ജ്യോതിഷം മുതലായ വിഷയങ്ങളെ അധികരിച്ചുള്ള പല സംസ്കൃതഗ്രന്ഥങ്ങളും വ്യാഖ്യാനിക്കുവാൻ മി. പി. കെ. ക്കിടയായിട്ടുണ്ട്. ഒടുവിൽ കുറച്ചു കവിതയും (കീമപികാവ്യം) അദ്ദേഹം എഴുതിയിട്ടില്ലെന്നില്ല. പക്ഷേ അവയെല്ലാം അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങളിൽ ദ്വിതീയസ്ഥാനമേ അർഹിക്കുന്നുള്ളു.

ഒരു മലയാളം മുൻഷിയുടെ നിലയിൽനിന്നു് ഉയൎന്നു നിരൂപകൻ, വൈയാകരണൻ, അഭിഭാഷകൻ, ജഡ്ജി, സമുദായധുരന്ധരൻ, എന്നീ സ്ഥിതിഭേദങ്ങൾ കൈക്കൊണ്ടു പ്രബുദ്ധനും പ്രശസ്തനുമായി ജീവിതംനയിച്ചു നിൎയ്യാതനായ നമ്മുടെ സാഹിത്യപഞ്ചാനനനു് നിത്യവിശ്രാന്തി ലഭിക്കുമാറാകട്ടെ.

ജോസഫ് മുണ്ടശ്ശേരി എം. എ.

# അമ്മായിയമ്മ.

## (ഒരു ഭാഷാപ്രഹസനം.)

### രംഗം ൧.

കഥാപാത്രങ്ങൾ:—

(1) മല്ലികാരാമത്തുവീട്ടിലെ കാരണവൻ ഗോപാലപ്പണിക്കർ.

(2) ഭാര്യ, പാർവ്വതിയമ്മ.

(3) വാലിയക്കാരൻ ശങ്കരൻ.

[മല്ലികാരാമത്തുവീട്ടിലെ നാലിറയം. ഗോപാലപ്പണിക്കർ മച്ചിൻെറ താക്കോല്ല തിരഞ്ഞു കാണാതെ, ശുണ്ഠിയെടുത്തു്, കണ്ടവരെയെല്ലാം വായിൽതോന്നിയതു ചീത്തപറഞ്ഞുകൊണ്ടു കലി കയറിയ മട്ടിൽ പ്രവേശിക്കുന്നു.]

ഏ്ംകള്ള്! ഏ്ംകള്ള്! വെച്ച സാധനം ഒന്നെങ്കിച്ചും എപ്പഴെങ്കിലും കാണേംാ ഇവിടെ, കാണേംാ? എവട്ാ എവട്ാ 'വറെയ്യാക്കെ? ശങ്കരാ! പാറോതി!......ഉവ്വ്! വിളിച്ചാ കാണ്ണൂ! ഒരെണ്ണത്തിനെ കാണേംാ? വെച്ച സാധനോം, വിളിച്ച ആളും, ഒക്ക ഒരുപോലെ! എട ശങ്കരാ! പാറോതീ! പാ-റോ-തീ! ശങ്കരാ!

ശങ്കരൻ:—[അണിയറയിൽനിന്നു്] ഏ്ന്തു്...!

ഗോപാ: പണി:—എന്തു്! ഒന്നൂല്യാ! 'വ്ടെ വാവ്ടെ. ഏതു പെരുച്ചാഴിമടേലാടാ ചെന്നിരുന്നേന്നേ? ചെവി ചെത്തി ചെരുപ്പുകുത്താൻ കൊടുക്ക്ാ വേണ്ടു്. ഈ വിളിച്ചതൊന്നും കേട്ടില്യാ 'ന്നോ? 'ൻെറ തൊണ്ട പൊട്ടി!

ശങ്കരൻ:—ഞാൻ 'വ്ടേന്നേണ്ടോർന്നു.

ഗോപാ: പണി:—ഞാൻ 'വ്ടേന്നേണ്ടാർന്നു! 'ൻെറ താക്കോലുണ്ടാർന്നു 'വ്ടെ. നോക്ക്യാ കാണിലാന്നേള്ളു ഒന്നിനേം; വിളിച്ചാലും.

ശങ്കരൻ:—ഏതു താക്കോലാവോ പോയ്യേ്?

ഗോപാ: പണി:—ഏതു താക്കോലാവോ പോയ്യേ! ഒന്നും രൂപല്ല്യാ നിനക്കു്? മച്ചിൻേറയ് മച്ചിൻെറ. എവട്ാ നിശ്ശണ്ടോ? കാണേണ്ടായേ ാ വല്ലപ്പഴും?

ശങ്കരൻ:—ഞാൻ കണ്ടതായിട്ടു് എനിക്കു തോന്നണില്യാ.

ഗോപാ: പണി:—ഛേ:! കൊശവാ! പൊളിം പറേണോ്? നീയ്യ കണ്ടിട്ട ന്നൊല്ല്യേ മച്ചിന്റെ താക്കോല്?

ശങ്കരൻ:—കണ്ടിട്ടില്ല്യാ 'ന്നല്ലാ ഞാൻ പറഞ്ഞേ.

ഗോപാ: പണി:—എടാ ശപ്പാ, പിന്നെ 'ന്തേ നിയ്യ പറഞ്ഞേ? നിന്നെപ്പോലെ 'ന്റേം ചെവി പൊട്ടീരിക്ക്ണൂന്നേ നീയ്യ വിചാരിച്ചേ? ഞാൻ കേട്ടില്ല്യേ നിയ്യ പറഞ്ഞത്?

ശങ്കരൻ:—പോയ താക്കോല്യ പിന്നെ കണ്ടില്ല്യാന്നേ ഞാൻ പറഞ്ഞേ.

ഗോപാ: പണി:— 'ന്നേ പറഞ്ഞേ! ഓ! നിന്റെ് ഒരു വ്യാഖ്യാനിക്കല്! വല്ല്യ ശാസ്ത്ര്യാളന്നെ! എവട്ാ, എവട്ാ, 'നി, ആ മ3റ അതെവട്ാ?

ശങ്കരൻ:—ഇനി ഏതാവോ?

ഗോപാ: പണി:—താക്കോലല്ലട പൊട്ടാ! ആ മറോ ജന്തൂല്ല്യേ, പെരും ജന്തു, അതിനേ'ങ്ങട്ട വിളിക്ക്!

ശങ്കരൻ:—[ബുദ്ധിമുട്ടി] അതിച്ട്ടേന്നേണ്ട്. കൃഷ്ണൻനായരേ!

ഗോപാ: പണി:—കിട്ട്ണൻനായരേ! 'ന്ത് കിട്ട്ണൻനായര്? കിട്ട്ണൻനായരേ ഞാൻ വിളിക്കാൻ പറഞ്ഞേ?

ശങ്കരൻ:—കുഞ്ചോ!

ഗോപാ: പണി:—എട പ്രാന്ത:! ആരെയാ നിയ്യ വിളിക്കണ്? മറേ ആ അതില്ല്യേ, ആ ഏറ്? അതിനേ'ങ്ങട്ട വിളിക്ക്.

ശങ്കരൻ:—കാള്ള്യേമ്മേ!

ഗോപാ: പണി:—ഉവ്വോ! ഇനി വിളിക്കോ? അധികപ്രസംഗി! [ശങ്കരന്റെ നേക്ക് അട്ടഹസിച്ചൊരു ചാട്ടം ചാടി അവന്റെ രണ്ടു ചെവീയും പിടിച്ച് ഇടത്തോട്ടും വലത്തോട്ടും ആട്ടിയാട്ടി പല്ലു കടിച്ചുകൊണ്ട്] കിട്ട്ണൻനായരും, കുഞ്ചൂം, കാള്ള്യേമ്മേം ഒന്നല്ലാ, പാറോദ്യമ്മേ വിളിക്ക്, പാറോദ്യമ്മേ.

പാർവ്വതിയമ്മ:—[പെട്ടെന്നു മറുഭാഗത്തുനിന്നു പ്രവേശിച്ച്] അയ്യായി. എന്തു സാഹസാ ഈ കാട്ടണ്? ഇത്ര അന്ധാളിത്തായിട്ട് എന്താ കാട്ട്ാ?

ഗോപാ: പണി:—ഓ:, 'പ്പൊ 'ങ്ങട്ട കിണുങ്ങാൻ വരേ്!

പാർവ്വതിയമ്മ:—സൊന്തം പിണ്ണാക്കത്തു തിരികീരിക്കണെ താക്കോല്യ ചങ്കരന്റെ ചെവി പിടിച്ചു തിരുമ്മിപ്പിഴിഞ്ഞാ കിട്ട്വോ?

ഗോപാ: പണി:—എന്തേ പാറ്തി പറഞ്ഞേ? താക്കോല് 'ന്റെ പിണ്ണാക്കത്തോ? [കഴുത്തു പിന്നാക്കം തിരിച്ചു ചെരിഞ്ഞുനോക്കി

താക്കോലെടുക്കുന്നു. മുഖം വല്ലാതെയാവുന്നു. ശങ്കരനെ കരുണാപൂർണ്ണമായ ദൃഷ്ടികളോടുകൂടി നോക്കുന്നു.] ശങ്കരാ, പൊയ്ക്കോ. പാവം, പാവം. ഒക്കെ ബുദ്ധിമുട്ടായി. നിവൃത്തില്യ പാറതി. എനിക്കിതു സഹജാ. എടയ്ക്കെടയ്ക്കൊക്കെ കൊറേശ്ശ് ങ്ങനെ പററം. എനിക്കു പാറോദൃന്നേ' ഉള്ളൂട്ടോ, പാറോദൃന്നേ ഉള്ളൂ. നല്ലോണം മനസ്സിരുത്തണേ. നാരായണ, നാരായണ.........................കുട്ടനുള്ള പണം 'പ്പൊത്തന്നെ അയച്ചുള്ളാം, അല്ലേ? എന്താ........

പാർവ്വതിയമ്മ:—ഓ.

ഗോപാ: പണി:—ഇന്നന്നെ പൊയ്ക്കോട്ടേ. നാരായണ, നാരായണ......
[പോകുന്നു.]

[തിരശ്ശീല.]

## രംഗം ൨.

കഥാപാത്രങ്ങൾ:—

(1) അയൽവക്കക്കാരി ചിരുതേയ്യമ്മ.
(2) ഗോപാലപ്പണിക്കരുടെ മകൾ മീനാക്ഷി.
(3) പാർവ്വതീയമ്മ.

[ഗോപാലപ്പണിക്കരുടെ പത്തായപ്പുരയിൽ മീനാക്ഷിയുടെ മുറി. ചിരുതേയിയമ്മയും മീനാക്ഷിയുംകൂടി സംസാരിച്ചുകൊണ്ടിരിക്കുന്നു.]

ചിരു: അമ്മ—അത്രേ്ാണ്ടും പറേണ്ടാ. 'ന്റെ മോളക്ക്' പ്പൊന്താ 'ഒരു കൊറവു്? പൊന്നുംകൊടം പോലിരിക്കുണു. അച്ഛനാണെങ്കി സ്രീമാനായിട്ടൊരാളു്. പെരപ്പത്തിലേയ് ധാരാളം കൂട്ടമേണ്ടോന്നു. അതങ്ങനെ വലത്തേ ചെന്നിക്കെ ചെരിച്ചു കെട്ടീട്ടു് അമ്പലക്കൊളത്തീന്നു കുളിച്ചു വരുമ്പഴത്തേ ഒരു ഭങ്ങി! ഒന്നും പറേണ്ടോട്ടോ. ഇപ്പഴും കുട്ടമേ്ാന്തൊല്യേങ്കിലും ആ സ്രിയൊന്നും പോയിട്ടില്ല്യോ. പിന്നെ'ന്താ? പെട്ടീ'ങ്ങനെ നമ്മടെ പൂവാലിപ്പയ്യിന്റെ അവിടുപോലെ എപ്പഴും നറഞ്ഞുംകൊണ്ടല്ലേ? 'നി'ന്റെ മോളക്കു് ആ ഓയിന്നൻകുട്ടൻ ഥമ്മത്തോം കൂട്യായാ ഥർവ്വോം തെകഞ്ഞില്ലേ?

മീനാക്ഷി—ആയ്ായി, ചിരുതേയ്യമ്മയ്ക്കു് എപ്പഴാ 'ദന്നേ വിചാരള്ളൂ? ഭൂമീല്യ മനുഷ്യേക്കു വേണ്ടതു് ഇനി വേറൊന്നും ല്യാന്നു തോന്നും ഇവരടെ മട്ടു കണ്ടാൽ. 'ന്നോടിതൊന്നും പറയാൻ വരണ്ടാ. എങ്ങനൊക്കോ വരാൻ പോണേന്നതിനെക്കുറിച്ചു മനോരാജ്യം വിചാരിച്ചുംകൊണ്ടിരിക്കല്യു് എനിക്കത്രേക്കേ രസള്ളൂ.

ചിരു: അമ്മ—അയ്യോ, 'ന്റെ മോളേ, ഞാനതൊന്നും നിരീച്ചു പറഞ്ഞതല്ലാട്ടോ.

മീനാക്ഷി—അച്ഛന്റെ ശുണ്ഠി നെലച്ചുന്നാ തോന്നണേ. ന്താ അമ്മേ ഇന്നിം കാണാത്തതു്?

പാർവ്വതിയമ്മ—[പ്രവേശിച്ചു്] 'ന്താ കാട്ട്വാ? ഒരു നാഴിക്കെങ്കിൽ ഒരു നാഴിക, ഒരു സൈ്വരം വേണ്ടേ'ന്റെ ചിരുതേയ്യമ്മേ, ഒരു മനുഷ്യനായ്വാ? എപ്പഴ്'ങ്ങനെ—

ചിരു: അമ്മ—'ന്തേപ്പോ?

പാർവ്വതിയമ്മ— 'ദേപാക്ക്വോ, ആ ശങ്കരന്റെ ചെവി. മൊളകരച്ചു തേച്ചു കൂട്ടത്തില്, പാവം! ചൊവന്നു നീറിക്കെടന്നങ്ങനെ തുള്ള്വാ. തൊട്ടേനോക്കെ ഒപ്പല്ല്യെങ്കിൽ—

ചിരു: അമ്മ— 'ന്തിനോത്തു്?

പാർവ്വതി അമ്മ—എന്തിനേന്നു ചോദിച്ചു, എന്തിനാന്നാ പറേണ്ടു്? കുട്ടനു പണയസ്സാനാത്രേ; മച്ചിന്റെ താക്കോല്യ തെരഞ്ഞൂത്രേ; കണ്ടില്യാത്രേ— സൊന്തം പിന്നൊക്കത്തു തിരുകീരിക്കണ താക്കോലേയ്—'ന്നിട്ടുണ്ടു് ആ ചെക്കന്റെ ചെവി പിടിക്കണു, തിരുമ്മണു, വലിക്കണു. ദൈവാധീനം! ഞാനപ്പോഴെയ്ക്കും അങ്ങട്ടു ചെന്നു. അതോണ്ടാ ചെക്കന്റെ ചെവി പറിയാണ്ടു കഴിഞ്ഞു.

മീനാക്ഷി—അയ്യോ പാവം! എന്നിട്ടാരേ, താക്കോല്യ കണ്ടുപിടിച്ചതു് ഒടുക്കം?

പാർവ്വതിയമ്മ—ഞാൻ, അല്ലാണ്ടാരാ? അപ്പഴയ്ക്കും കാണണ്ടതല്ലേന്നു് പാറതി പഞ്ചാരക്കുഞ്ഞ്യായതു്? പറേണതു കേട്ടില്യലോ? "പാറദീ, എനിക്കു പാറദ്യന്നേള്ളൂട്ടോ, പാറദ്യന്നേ'ള്ളൂ." 'നിക്കും അപ്പൊ പറയാൻ തോന്നായേ'ല്യ. വേണ്ടാ വേണ്ടാന്നു വെച്ചു ക്ഷമിയ്ക്കു.

മീനാക്ഷി—എന്താ അമ്മേ, ഇത്ര്യൊക്കെ വേണ്ടാന്നു വെയ്ക്കാനും ക്ഷമിക്കാനും അച്ഛൻ അമ്മ്യോടൊന്നു ചെയ്തിട്ടുള്ളതു്? ഇത്ര്യൊക്കെ അമ്മയ്ക്കു ശുണ്ഠിയെടുക്കാൻ 'ണ്ടെങ്കിൽ, ആ ഗോവിന്നേട്ടനൊക്കെ എത്രത്തോളം ശുണ്ഠിടുക്കണം അച്ഛന്റെ നേക്ക്വ്?

ചിരു: അമ്മ—അതു കാര്യം തന്ന്യാ'ന്റെ മോളു പറേണു്.

പാർവ്വ: അമ്മ— എന്തു കാര്യാ ചിരുതേ്യമ്മേ, എന്തു കാര്യാ ഇവളു പറേണു്? നിങ്ങളു പറേൻ. മല്ലികാരാമത്തോരടേം 'ന്റേം കാര്യങ്ങളു് ഒരുപോല്യാ? അതുക്കുവേണ്ടീട്ടാ ഞാൻ 'ത്ര്യൊക്കെ ബുദ്ധിമുട്ടണു്? വല്ലതും അറീണുണ്ടോ ഇവളു്?

ചിരു: അമ്മ—അതും കാര്യം തന്ന്ാ ച്ചോള്വ. കുട്ട്യല്ലേ?

പാർവ്വ: അമ്മ:—എന്തു കുട്ടി? പത്തുപതിനെട്ടു വയസ്സായിട്ട് ഇന്നീം കുട്ട്യേ്യാ? ഒന്നിടനാക്കേ്ണം പോന്നില്ല്യേ ഇവള്ക്ക്?

ചിരുതേയ്യമ്മ:—അതുല്ല്യായേല്യ.

മീനാക്ഷി:—'ന്നാ, എനിക്കിതൊന്നറിഞ്ഞേ കഴിയൂ. അമ്മ എനിക്കു വേണ്ടീട്ടാ അച്ഛനോ്ങനെ ഞെക്കിപ്പിടിയ്ക്ക്യണേ? എന്നാൽ......

പാർവ്വ: അമ്മേ:—എന്തെടീ! ഞെക്കിപ്പിടിയ്ക്ക്യേ? എന്തു ഞെക്കിപ്പിടിയ്ക്ക്യണേ? 'ദിന്നൊക്കെ ഒരു കാലത്തു നീയനുഭവിക്കും, നോക്കിടക്കോ! സംശയോന്നുല്യാ. അപ്പൊപ്പറേണ്ട് ഞാൻ.

മീനാക്ഷി·—ന്താ അമ്മേ, നമുക്കും ഒരു വീടൊക്കെല്ല്യേ?

പാർവ്വ: അമ്മ:—ഇല്ല്യാ, പിന്നെ നട്ടുച്ചയ്ക്കു പാറപ്പൊറത്തു പെറുറ പുല്ലും വെള്ളോം കാട്ടി വളർത്തീതാ നിങ്ങളെയൊക്കെ ഞാൻ.

മീനാക്ഷി:—പട്ടിണികെടക്കാണെങ്കിലും വല്ലോരടേം മൊതല്യ് ആവശ്യത്തിലധികം അന്യായായി അനുഭവിക്കണേക്കാളും ഭേദാണ്.

പാർവ്വ: അമ്മ—ന്തന്യായായിട്ട്? എന്താ അന്യായം? ഓ ന്യായം പറേണ ഒരു വക്കീലൻ! യഫേം ബീയേം ഒക്കെ പഠിച്ചു പഃസ്സായി പ്പൊ വട്ടന്നക്കണതാ! അച്ഛൻെറ മൊതലിനു മക്കൾക്കൊരവകാശോ ല്യാന്നോ?

മീനാക്ഷി—അച്ഛൻെറ മൊതലാണെങ്കിൽ അവകാശണ്ടാവും. അതിൻ മല്ലികാരാമത്തെ സ്വൊത്തു മുഴുവൻ അച്ഛൻ സമ്പാദിച്ചതായണം.

പാർവ്വതിയമ്മ—അച്ഛൻ സമ്പാദിച്ചതായാലും അല്ലെങ്കിലും, ഇപ്പൊ, അച്ഛൻെറന്ന്യല്ലേ സൊത്ത്?

മീനാക്ഷി—എന്നാൽ മര്യാദയ്ക്ക് അച്ഛൻെറ കാരണോന്മാരു അച്ഛനെ ഏല്പിച്ചപോലെ ആ സൊത്തു വർദ്ധിപ്പിച്ചില്ലെങ്കിലും നശിപ്പിക്കാണ്ടെ അച്ഛൻ അച്ഛൻെറ അനന്തരോന്മാരേം ഏല്പിച്ചുകൊടുക്കണം.

പാർവ്വതിഅമ്മ—അതച്ഛൻെറ കാലശേഷല്ലേ?

മീനാക്ഷി—ഇതൊക്കെ ഇപ്പൊപ്പറേണ ഈ അമ്മ തന്ന്യല്ലേ നമ്മുടെ മരിച്ച കുഞ്ഞാരനമ്മാമൻ മക്കൾക്കു പണം അധികം കൊടുക്കുണു തറവാട്ടുസൊത്തു നശിപ്പിക്കുണൂന്നെല്ലാം പറഞ്ഞു അമ്മാമൻെറ കൈകാര്യം ഒഴിപ്പിക്കാൻ കോടതീല് കേസിനും കൂട്ടത്തിനും ഒക്കെ പോയത്? മതിമതി എനിക്കു കേക്കണ്ട. ഇതു രണ്ടും ഒരേ നാവുകൊണ്ടന്ന്യാണോ അമ്മ പറേണ്?

പാർവ്വതിഅമ്മ—പോടീ അസത്തേ! ഓ, ഇവളൊരു വാക്കുമാറാത്ത ഹരി

ച്ചന്ദ്രൻെറ കടപ്പെറന്നോള്! ഉവ്വ്വ്, ഒരു മെക്കനെ ഒന്നിനെപ്പാ ക്കോണം ആക്കാനും ഒരു പെണ്ണിനു് ഇത്തിരി ഭേദായിട്ട് ഒരു സമ്മന്തക്കാരനെണ്ടാക്കാൻ മാകന്ദത്തെ പത്തായോം പണപ്പെട്ടീം പെററിട്ട് ൻറമ്മൂനു് ശ്ശി തരാവും കാത്തിരുന്നോ! എനിക്കു കേക്കണ്ട ഒന്നും. ഞാൻ പോവ്വാ, നിങ്ങള് വരുന്നേപ്പാ ചിരുതേയ്യമ്മേ [പോകുന്നു.]

ചിരു: അമ്മ—അയ്യോ! ങ്ങടന്യാരോന്നു പറഞ്ഞു ൻെറാ മോള് അമ്മേ വെറുതെ വ്യസനിപ്പിക്കരുതു് ട്ടോ. കണ്ണില് വെള്ളം നറച്ചിട്ട പ്പൊ ങ്ങട്ട് പോയേ്യ. ചിരുതേയ്യമ്മേം പോട്ടേട്ടോ മോളേ. ഒന്നു മുറുക്കാ ലോച്ചിട്ടാ. [പോകുന്നു.]

മീനാക്ഷി— പാവം അച്ഛൻ. സാധു ഗോവിന്ദേട്ടൻ. ഉണ്ണിമായമ്മേടേം ചേച്ചീടേം സ്ഥിതിത്യാ? അമ്മടെ ഈ ദുരപിടിച്ച മട്ടു നിത്താൻ ഞാൻ എത്രോക്കെ ശ്രമിക്കണുണ്ട്? വല്ല കാര്യോണ്ടോ? ഇവരടെ ബുദ്ധിമുട്ടുകള് കാണുമ്പൊ........അച്ഛനെന്തെങ്കിലും അറിണുണ്ടോ? അച്ഛനോട്ട് ഇനി കൊറേശ്ശ ഞാൻതന്നെ പറഞ്ഞുതൊടങ്ങട്ടെ. എന്തായാലും ഒഴിക്കാൻ ഭാവല്യ. നേര്യാവണെങ്കിൽ നേര്യാവട്ടെ.

[തിരശ്ശീല] (തുടരും)

സി. എ. കുഞ്ഞുണ്ണിരാജാ ബി. എ.

---

നിരൂപണപംക്തി.

## ശ്രീമദ് ഭാഗവതം (മാർഗ്ഗദർശി എന്ന വ്യാഖ്യാനത്തോടുകൂടിയതു്.)

സംസ്കൃതത്തിലെ ഉൽകൃഷ്ടഗ്രന്ഥങ്ങൾ മലയാളത്തിൽ പദാനുപദമായോ പദ്യാനുപദ്യമായോ തർജ്ജമചെയ്യുവാൻ ക്ലേശിക്കുന്നവർ നമ്മുടെ നാട്ടിൽ ധാരാളമാണു്. അവരേക്കാൾ പതിന്മടങ്ങു കേരളീയർക്കു പകാരം ചെയ്യുന്നവർ ആ വക ഗ്രന്ഥങ്ങൾ ലളിതഭാഷയിൽ വ്യാഖ്യാനിക്കുന്നവരാണെന്നു നിസ്സംശയം പറയാം. ഈയിടെ ശ്രീഹർഷപ്രണീതമായ മഹാകാവ്യത്തിൽ ഏതാനും സർഗ്ഗങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്തതു് ഞങ്ങൾ വായിക്കയുണ്ടായി. ശ്രീഹർഷൻെറ കവിതയെ മോശമാക്കുവാൻ അതിൽപരമൊന്നും ചെയ്യേണ്ടതില്ലെന്നാണു് ഞങ്ങൾക്കു തോന്നിയതു്. വളരെക്കാലം മുമ്പുതന്നേ മലയാളത്തിൽ ഉണ്ടായിട്ടുള്ള നൈഷധീയചരിതവ്യാഖ്യാനം പ്രസ്തുതവിവർത്തനത്തെക്കാൾ

എത്രയോ അധികം ശ്രീഹർഷപ്രതിഭോന്മീലകമായിട്ടുണ്ട്. അതിരിക്കട്ടേ. സംസ്കൃതഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്ന വിഷയത്തിൽ അനന്യോപലഭ്യമായ വിജയം പണ്ഡിതോത്തമനായിരുന്ന കൈക്കുളങ്ങര രാമവാരിയർക്കേ കൈവന്നിട്ടുള്ളു. അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ എത്രയായിരം കേരളീയരെയാണ് സംസ്കൃതസാഹിത്യാസ്വാദനത്തിനു സമർത്ഥരാക്കിയിട്ടുള്ളതെന്നു ഊഹിക്കുവാൻ പ്രയാസം. അദ്ദേഹത്തിനുശേഷം ആ വിഷയത്തിൽ ചക്രവർത്തിപദം അലങ്കരിക്കുവാൻ ഒരാളുണ്ടെങ്കിൽ അദ്ദേഹം വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സതവർകളാകുന്നു. സവിസ്തരമായ അമരകോശവ്യാഖ്യാനംകൊണ്ടുതന്നെ അദ്ദേഹം കേരളീയരുടെ മുക്തകണ്ഠമായ പ്രശംസക്കു പാത്രീഭവിച്ചിട്ടുണ്ട്. മൂസ്സതവർകൾക്ക് ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്നതിനു് അസാമാന്യമായ അഭിനിവേശവും പരിണതമായ ജ്ഞാനവും ഉണ്ടെന്നു പണ്ടേ വെളിപ്പെട്ടിട്ടുള്ളതാണു്. ഇപ്പോൾ ശ്രീമൽഭാഗവതവ്യാഖ്യാനംകൊണ്ട് അതു് ഒന്നിക്കൂടി വിശദീഭവിച്ചിരിക്കുന്നു.

വ്യാഖ്യാനത്തിന്റെ ഔചിത്യം.

മൂസ്സതവർകൾ ഉപക്രമത്തിൽ പറയുംപോലെ ലോകായതികത്വം സർവ്വത്ര പടർന്നുപിടിച്ചിട്ടുള്ള ഇക്കാലത്തു മനുഷ്യരെ സദ്ധർമ്മപരായണരാക്കുവാൻ ഭക്തിഗ്രന്ഥങ്ങളുടെ അനുവാചനം മാത്രമേ പ്രത്യൗഷധമായുള്ളു. ഹിന്ദുപുരാണങ്ങളിൽ പലതുകൊണ്ടും പ്രധാനതമമെന്നു പറയാവുന്ന ശ്രീമൽഭാഗവതം, ആ ഉദ്ദേശ്യത്തോടുകൂടി തജ്ജ്ഞന്മാർ തിരഞ്ഞെടുത്തിട്ടുള്ളതു വളരെ ഉചിതമായിരിക്കുന്നു. പ്രഥമസ്കന്ധമേ ഇപ്പോൾ പുറത്തിറങ്ങിയിട്ടുള്ളു. 6-12-0 വിലയുണ്ടായിരുന്നതു് 2ക യായി ചുരുക്കിയിട്ടുള്ള സ്ഥിതിക്കു പ്രഥമസ്കന്ധം വാങ്ങി മൂസ്സതവർകളെ പ്രോത്സാഹിപ്പിക്കുവാനും അനന്തരസ്കന്ധങ്ങൾ പുറപ്പെടുവിക്കുവാൻ അദ്ദേഹത്തെ ശക്തനാക്കുവാനും മഹാജനങ്ങൾ കനിയേണ്ടതാണു്.

വ്യാഖ്യാനസമ്പ്രദായവും ഭാഷയും.

അന്വയം, പദാർത്ഥം, ഭാവം, വിവരണം— ഈ ക്രമത്തിലാണു വ്യാഖ്യാനം. വിവരണത്തിൽ മൂസ്സതവർകളുടെ പാണ്ഡിത്യം നല്ലവണ്ണം സ്പഷ്ടമായിരിക്കുന്നു. വേദം, ഉപനിഷത്തു, ദർശനം, ഇത്യാദിയിൽ അദ്ദേഹത്തിനുള്ള അവഗാഹം വിവരണത്തിന്റെ സ്വാതന്ത്ര്യവും സജീവവും ആയ ഗതിയിൽനിന്നു മനസ്സിലാക്കാം. ഇടക്കു പൊടിക്കൈകൾ പ്രയോഗിക്കാൻ അദ്ദേഹം മടിച്ചിട്ടില്ല. തത്വചിന്തയുടെ ശുഷ്കതയെ പരിഹരിക്കുവാൻ അവ വിശേഷിച്ചുപകരിക്കുന്നുണ്ടു്.

മൂസ്സതവർകളുടെ ഭാഷ ലളിതകോമളമാണെന്ന് അതിശയോക്തികൂടാതെ പറയാം. ചെറിയ വാക്യങ്ങൾ; അവതന്നെ അസമാസഹതങ്ങൾ. അപ്രസിദ്ധശബ്ദങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നതേയില്ല. തത്വവേദാന്തം പറയുന്നേടങ്ങളിൽകൂടി ഭാഷ സാങ്കേതികമാകാതിരുന്നതിനു വ്യാഖ്യാതാവു വിശിഷ്യ അഭിനന്ദനീയനാണ്. ചിലേടത്തു സംഭാഷണശൈലിയിലെന്നപോലെ, അനന്വിതവാക്യഖണ്ഡങ്ങൾ കടന്നുകൂടിയിട്ടുള്ളതു മുഴുവൻ ഭംഗിയായിട്ടില്ല.

വിവരണത്തിന്റെ മാതൃകകൾ കാണണമെങ്കിൽ അഷ്ടമാധ്യായത്തിലും നവമാധ്യായത്തിലും ഉള്ള സൂക്തികൾ നോക്കിയാൽ മതി. സ്വതന്ത്രമായും ബഹുജനാവേദ്യമായും അഗാധവിഷയങ്ങൾകൂടി വിവരിക്കുന്നതിനു മൂസ്സതവർകൾക്കു സ്വതസ്സിദ്ധമായുള്ള വൈദഗ്ദ്ധ്യത്തിനു അവ ഉത്തമലക്ഷ്യങ്ങളാകുന്നു.

(മേൽവിലാസം:—വാചസ്പതി പരമേശ്വരൻ മൂസ്സത്,
കടവല്ലൂർ, പഴഞ്ഞി.)

**ഭാരതരമണി.** സി. ഗോവിന്ദക്കുറുപ്പ്.

ക്രിയാവൈരളല്യവും പദ്യബാഹുല്യവും നിമിത്തം പഴയ നാടകങ്ങൾ രംഗത്തു ശോഭിക്കാതായിട്ടു കാലം വളരെയായി. സംസ്കൃതാവലംബം തേടികഴിഞ്ഞുകൂടിയ ഭാരതീയഭാഷകളിലശേഷം അങ്ങനെയായി അനുഭവം. സ്വയംകല്പനാധനന്മാരായ നാടകകർത്താക്കൾ ഇല്ലായ്കയാൽ ആ ദോഷം ഇതേവരെ മിക്കദേശഭാഷകളിലും പരിഹരിക്കപ്പെട്ടിട്ടില്ല. ബങ്കാളിയിൽമാത്രം രണ്ടോ നാലോ നാടകനിർമ്മാണവിദഗ്ദ്ധന്മാർ പുതിയ സമ്പ്രദായത്തിൽ ചിലതൊക്കെ ചെയ്തു. അവരിൽ അഗ്രഗണനീയനാകുന്നു ബാബു ദ്വിജേന്ദ്രലാൽ റായി. അദ്ദേഹത്തിന്റെ കൃതികൾ ഭാരതമൊട്ടുക്കു പ്രചരിച്ചിട്ടുണ്ട്. മലയാളത്തിലാണെങ്കിൽ അദ്ദേഹത്തിന്റെ ഇതിഹാസവിരാജിതങ്ങളായ നൂർജിഹാൻ, ഷാജിഹാൻ, ദുർഗ്ഗാദാസൻ, മേവാഡ്പതനം, മുതലായ നാടകങ്ങൾ വിവർത്തനംചെയ്യപ്പെട്ടിട്ട് നാളേറെയായി. സമകാലികങ്ങളായ സമുദായദോഷങ്ങളെ അധികരിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ചുരുക്കം നാടകങ്ങളിൽ ഒന്നായ 'വംഗനാരി' ഇതാ 'ഭാരതരമണി' എന്ന പേരിൽ മലയാളത്തിൽ അവതരിച്ചിരിക്കുന്നു. മഹാകവി വള്ളത്തോളിന്റെ തൃതീയപുത്രനായ ശ്രീമാൻ ഗോവിന്ദക്കുറുപ്പവർകളാണ് അനുവാദകൻ.

ദ്വിജേന്ദ്രലാലിൻെറ പ്രത്യേകതകൾ.

നാടകനിർമ്മാണത്തിൽ ഷേക്സ്പീയറെ അനുകരിക്കുവാൻ കൃതമതികളായിത്തീർന്ന ഔത്തരാഹന്മാരിൽ ഒന്നാംസ്ഥാനത്തിനർഹൻ ദ്വിജേന്ദ്രലാൽറോയിയാണ്. അഞ്ചങ്കങ്ങളിലായി കഥയെ വിധാനം ചെയ്യുക, ഓരോ അങ്കത്തിലും അഞ്ചോ ആറോ രംഗങ്ങൾ നിബന്ധിക്കുക, വിവിധസ്വഭാവങ്ങളോടുകൂടിയ ഒട്ടേറെപ്പാത്രങ്ങളെക്കല്പിക്കുക, ക്രിയാവൈചിത്ര്യം സാധിക്കുക, ജീവിതത്തിൻെറ ശോകാകുലങ്ങളായ വശങ്ങൾ ചിത്രീകരിക്കുക, ഏവിടേയും സ്വഭാവായത്തമാണു ജീവിതപരിണാമമെന്നുള്ള പാഠം ഉദാഹരിക്കുക—ഇങ്ങനെ ഷേക്സ്പീയർക്കുള്ള പ്രത്യേകതകളെല്ലാംതന്നെ ദ്വിജേന്ദ്രലാൽ സ്വാധീനിച്ചിട്ടുണ്ട്. മററു കൃതികൾപോലെ 'ഭാരതരമണി'യും അവക്കു ലക്ഷ്യമാകുന്നു.

'ഭാരതരമണി'യുടെ ഇതിവൃത്തം.

"മക്കത്തായത്തിൻെറ സൈ്വരംകെടുത്തുന്ന കന്യാദാനസമ്പ്രദായത്താലും കഠോരങ്ങളായ കഷ്ടപ്പാടുകളാലും ഇളവില്ലാതെ ഞെരുക്കപ്പെട്ട്" ലോകത്തേയും കാലത്തേയും ഒന്നിച്ചു ശപിച്ചു കഴിഞ്ഞുകൂടുന്നൊരു 'ദേവേന്ദ്ര'ൻെറ ജീവിതമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. 'വേണ്ടുംവിധം ചികിത്സിക്കാൻ നിവൃത്തിയില്ലായ്കയാൽ ആപ്പെട്ടുപോകുന്ന മരണം, സ്ത്രീധനം കൊടുക്കാൻ കഴിവില്ലാതെ പെൺമക്കളെ കന്യകകളാക്കിവെക്കുന്ന മഹാപരാധത്തിനു സമുദായം കല്പിക്കുന്ന കൊട്ടംശിക്ഷ, ദാരിദ്ര്യത്തിൻെറ ഭയങ്കരച്ചക്കിലിട്ട് അരക്കപ്പെടുന്ന മനുഷ്യാത്മാവിൻെറ അപാരതയോടുള്ള ശൃംഖിപിടിച്ച വിലാപം, മുരച്ച മുതലാളിത്തത്തിൻെറ ഒരിക്കലും നിറയാത്ത വൻപണസ്സഞ്ചി കുത്തിനിറക്കുവാനുള്ള അത്യാർത്തിയുടെ അറക്കുന്ന മരണഗോഷ്ഠികൾ, എന്നിങ്ങിനെ ഔത്തരാഹന്മാരിൽ മക്കത്തായക്കാർക്കുള്ള അനുദിനാനുഭവങ്ങൾ അത്യന്തം ഹൃദയാവർജ്ജകമാംവണ്ണം ഗ്രന്ഥകാരൻ ചിത്രീകരിച്ചിട്ടുണ്ട്. മക്കത്തായക്കാർ വേണ്ടുവോളം ഉള്ള കേരളവും ഉത്തരഭാരതത്തെപ്പോലെ, ആ ചിത്രങ്ങളിൽ സ്വദോഷങ്ങളെ അവയുടെ യഥാർത്ഥരൂപത്തിൽ ദർശിക്കുമെന്നുപറയാം.

'ആപത്തു വരുമ്പോൾ കൂട്ടത്തോടെ' എന്നുള്ള ചൊല്ല്, King Lear നാടകത്തിലെന്നപോലെ ഷാജിഹാനിലും മററും ദ്വിജേന്ദ്രലാൽ ദൃഷ്ടാന്തീകരിച്ചിട്ടുണ്ട്. 'ഭാരതരമണി'യിൽ ആ ചൊല്ല് മർമ്മഭേദകവും ഒട്ടൊക്കെ പ്രത്യയാതീതവുമായ മട്ടിൽ ഉദാഹരിക്കപ്പെട്ടിരിക്കുന്നു. എന്നി

രുന്നാലും 'നൈതദുപപദ്യതേ' എന്നു് യാതൊരു സംഭവത്തെക്കുറിച്ചും ഖണ്ഡിച്ചുപറയുവാൻ തരമില്ല.

## പാത്രങ്ങൾ.

ആമുഖകാരനായ അമ്മാമൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു പറയുംപോലെ, 'ആദർശഗീതായോഗി'യായ കേദാരിന്റെ നിഷ്കാമകർമ്മം, വിശേഷജ്ഞാനശാലിയായ സദാനന്ദന്റെ "ആപദി സുഖേ ച സമക്രിയ"യായ മൈത്രി, സ്വാർത്ഥമൂർത്തിയായ ഉപേന്ദ്രന്റെ പൂർവ്വസ്സന്യാസിത്വം, പരമശുദ്ധനായ ദേവേന്ദ്രന്റെ മതിഭ്രമം, ഭാരതരമണിയായ വിനോദിനിയുടെ ദിവ്യചൈതന്യം, നവീനവിദ്യാഭ്യാസമാതൃകയായ സുശീലയുടെ പ്രഗത്ഭത, ഇത്യാദി ഒരിക്കൽ മനസ്സിരുത്തി വായിക്കുന്നവന്റെ ഉള്ളിൽനിന്നു 'തേച്ചാലും മാച്ചാലും' പോകാത്തവിധം ചേതനയോടെയാണു നാടകത്തിൽ വർണ്ണിച്ചിരിക്കുന്നതു്. ഒരേ അച്ചിൽ വാർത്തെടുത്ത സാലഭഞ്ജികാപ്രായങ്ങളായ പാത്രങ്ങളെക്കണ്ടു മുഷിഞ്ഞ വായനക്കാർക്കു് ഇതിലെ പാത്രങ്ങൾ ഒരു നവോന്മേഷം പ്രദാനം ചെയ്യുന്നതായിരിക്കും.

ഉജ്ജ്വലകല്പനകൾകൊണ്ടു ലോകത്തെ കോൾമയിർക്കൊള്ളിച്ചിട്ടുള്ള കവികുഞ്ജരന്മാർ സാംഗത്യത്തിന്റെ അങ്ങേയറ്റത്തു വിളങ്ങുന്ന പാത്രങ്ങളെക്കൊണ്ടു കൈകാര്യം ചെയ്തു വിജയം പ്രാപിക്കുമെന്നു പറയാറുണ്ടു്. ചില്ലറക്കാരോടു പെരുമാറി കാര്യം നേടിയിട്ടു് അവർക്കു മേന്മ വരുവാനില്ലല്ലോ. ഇങ്ങനെയൊരഭിപ്രായം ദ്വിജേന്ദ്രലാലിനെക്കുറിച്ചും പറയാം. 'ഭാരതരമണി'യിലെ പാത്രങ്ങൾ ഒട്ടുമുക്കാലും അനുഭവത്തിന്റെ അങ്ങേയറ്റത്തും ആദർശത്തിന്റെ ഇങ്ങേയറ്റത്തും തൊട്ടുനില്ക്കുന്നവയാണു്. ഇതിഹാസഖ്യാപകങ്ങളായ മററു നാടകങ്ങളിലെന്നപോലെ ഈ നാടകത്തിൽ അങ്ങനെയുള്ള പാത്രങ്ങളെ തികച്ചും സഹൃദയസമ്മതങ്ങളാക്കുവാൻ ദ്വിജേന്ദ്രലാൽ ശക്തനായിട്ടുണ്ടോ? ഉണ്ടെന്നു പറയാൻ സംശയിക്കണം. ഒരു പക്ഷേ വംഗദേശത്തിലെ സമുദായസ്ഥിതിഗതികളോടുള്ള പരിചക്കുറവായിരിക്കാം ഈ സംശയത്തിനു നിദാനം.

## കവിത.

ദ്വിജേന്ദ്രലാൽ അനുഗൃഹീതനായൊരു കവിയാണു്. വികാരോത്തേജകങ്ങളായ ആത്മഗതങ്ങളിൽ മാത്രമല്ല വെറും സംഭാഷണങ്ങളിലും ഭാവനാഭാസുരങ്ങളായ കഥനങ്ങൾ ചെയ്യുവാൻ അദ്ദേഹം

മടിക്കാറില്ല. അങ്ങനെയുള്ള മിക്ക ഭാഗങ്ങളും വായനക്കാരെ ആനന്ദപുളകം കൊള്ളിക്കുന്നവയാണു്. എന്നാൽ നാടകീയമായ അപേക്ഷിതങ്ങളെ പുരസ്കരിച്ചു നോക്കുമ്പോൾ അവയിൽ ചിലതു കണക്കിലധികമായിപ്പോയെന്നു തോന്നും. രംഗത്തു് പ്രയോഗിക്കുമ്പോൾ ദീർഘമായും കവിതാമയങ്ങളായ പ്രഭാഷണങ്ങൾ വെട്ടിക്കുറക്കേണ്ടിവരുമല്ലോ.

<u>വിവർത്തനം.</u>

ഇക്കാര്യത്തിൽ അഭിനന്ദനമേ രേഖപ്പെടുത്തുവാനുള്ളൂ. മഹാകവി വള്ളത്തോളിന്റെ ഉൽപ്പകപ്പായിട്ടുണ്ടു് താനെന്നു് മി. കുറുപ്പു് ഓരോ വാക്യത്തിലും പ്രകടമാക്കിയിട്ടുണ്ടു്. സംഭാഷണങ്ങൾ ഒട്ടുമുക്കാലും "പൊടിപാറി" യിരിക്കുന്നു. ദീർഘഖണ്ഡികകളിൽ വികാരഗതിയനുസരിച്ചു വാക്യങ്ങളെ നിയന്ത്രിക്കുവാൻ വിവർത്തകൻ ഉദ്യമിച്ചിട്ടുണ്ടു്. അപരിചിതങ്ങളോ അസുന്ദരങ്ങളോ ആയ ശബ്ദങ്ങൾ അദ്ദേഹം പ്രയോഗിച്ചിട്ടില്ലതന്നെ

കൈരളി.

## രാജഹംസത്തിലെ രാധാകൃഷ്ണൻ.

കാവ്യജീവിതവൃത്തിയെപ്പററി "കൈരളി" ചെയ്ത നിരൂപണത്തെ എതിർത്തുകൊണ്ടു ഒരു മി. രാധാകൃഷ്ണൻ എം. എ. 'രാജഹംസത്തിൽ എഴുതിയിരുന്ന ലേഖനം ഞങ്ങൾ സസന്തോഷം വായിച്ചു. 'രാജർഷി' യിൽ മി. കൃഷ്ണൻനായർ മി. ശാസ്ത്രികളെ എതിർത്തുകൊണ്ടെഴുതിയ ലേഖനത്തോടു് അതിനെ സാമ്യപ്പെടുത്തുമ്പോൾ

ആബദ്ധകൃത്രിമസടാജടിലാംസഭിത്തി-
രാരോപിതോ മൃഗപതേഃ പദവീംയദി ശ്വാ
മത്തേഭകുംഭതടപാടനലമ്പടസ്യ
നാദം കരിഷ്യതി കഥം ഹരിണാധിപസ്യ.

എന്ന പദ്യം ഓർമ്മയിൽ പെടുന്നു. ഈ പൌണ്ഡ്രകന്റെ ചാപല്യത്തിനു് മറുപടി എഴുതി സ്ഥലം മുടക്കാൻ നിവൃത്തില്ലാത്തതിൽ വ്യസനിക്കുന്നു.

കൈ. പ.

# ഭാഷാവിജയം.

## കാവ്യജീവിതവൃത്തിയിലെ ചില പ്രയോഗങ്ങൾ.

(മദിരാശി സർവ്വകലാശാലയിൽ മലയാളം ലക്ച്ചററായ വ്യാകരണശിരോമണി മി. പി. കൃഷ്ണൻനായരുടെ ഗ്രന്ഥത്തിൽ കാണുന്ന ഏതാനും പ്രയോഗങ്ങളെക്കുറിച്ചു ഒരു വിദ്യാർത്ഥി അയച്ചുതന്നിട്ടുള്ള ലേഖനം ഈ പംക്തിയിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

കൈ.പ.)

വിദ്യാർത്ഥികൾക്കു് കണക്കിലധികം ഉപയുക്തമായ ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പിൽ (അതു വേഗം വരുമെന്നു പ്രതീക്ഷിക്കുന്നു.) താഴെ പറയുന്ന പ്രയോഗങ്ങൾ തിരുത്തിയാൽക്കൊള്ളാമെന്നു സവിനയം പ്രാർത്ഥിക്കുന്നു.

വാല്യം. 1. പേജ്. 1. (പ്രസ്താവന)

'മേലും ഇതുപോലെ ബാക്കിയുള്ള വിഷയങ്ങളെ...വിവരിക്കണമെന്നാണുദ്ദേശിക്കുന്നതു്.'—ഇതിലെ 'മേലും' അത്ര പന്തിയായില്ല. കിഴക്കൻപ്രദേശങ്ങളിൽ ഈ പ്രയോഗം ഉണ്ടോ ആവോ.

വാല്യം 1. പേജ് 11. "......അർത്ഥചിത്രത്തിനും, ശബ്ദചിത്രത്തിനും തമ്മിലുള്ള താരതമ്യം സ്പഷ്ടമായിരിക്കെ, രണ്ടിനേയും ഒരുപോലെ അധമകോടിയിൽ പ്രവേശിപ്പിച്ചതു നന്നായിട്ടില്ലെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഉത്തമോത്തമം, ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങിനെ നാലുവകയാക്കിയാണു പിരിച്ചിരിക്കുന്നതു്." കയറുപിരിക്കുക, ജടപിരിക്കുക, നികുതി പിരിക്കുക എന്നൊക്കെ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇവിടെ 'വിഭജിച്ചിരിക്കുന്നതു്' എന്നു സാഹിത്യവിദ്യാർത്ഥികൾ ഊഹിച്ചുകൊള്ളണമെന്നായിരിക്കാം കൃഷ്ണൻനായരുടെ വിവക്ഷ.

വാല്യം 1. പേജ് 147.

പരമാമോദം പ്രിയ മധുവരികിൽ
പരമാമോദം പ്രിയമധുവരികിൽ
സ്മര കേളീ സത്തതിമതിരുചിട്ടു
സ്മരകേളീ സത്തതിമതിരുചിട്ടു.

ഇതിന്റെ വ്യാഖ്യാനത്തിൽ സത്തതികളുടേയും=നക്ഷത്രപംക്തികളുടേയും എന്നു് അർത്ഥം പറഞ്ഞിരിക്കുന്നു. സത്തതിക്കു നക്ഷത്രപംക്തിയെന്നർത്ഥം നിഘണ്ടുക്കളിൽ കാണ്മാനില്ല. വിശദമാക്കിയാൽ ഉപകാരം.

വാല്യം 2. പേജ് 215. "ലക്ഷ്യധർമ്മികോപമ"—ധർമ്മത്തിന്റെ കഴുത്തിലിട്ടിട്ടുള്ള 'വള്ളി' വ്യാകരണനിയമങ്ങൾക്കു തൂങ്ങിച്ചാവാനുള്ളതാണോ? ഒരേ സന്ദർഭത്തിൽ മൂന്നുപ്രാവശ്യമാവർത്തിച്ചു കാണുന്നതുകൊണ്ടു അച്ചടിപ്പിഴയാവാൻ വയ്യ. 'ലക്ഷ്യധർമ്മകോപമ' എന്നാണു ശരിയായ പാഠം.

5 വാളിയം 2. പേജ് 248. "ഏകകർത്തൃകമായ ഉത്തരോത്തര ഭ്രാന്തിപല്ലവം"—ഏകകർത്തൃകമായ എന്ന പദം പല്ലവത്തിനോടെങ്ങനെയാണന്വയിക്കുക? ഭ്രാന്തിയോടാണ് അന്വയിക്കേണ്ടതു്.

6 വാളിയം 2. പേജ് 264. "തുല്യബലമായ ഭാവാഭാവകോടികളമാ." 'തുല്യബലമായ' എന്ന വാക്യം ഭാവാഭാവകോടിയിലാണു ചേരേണ്ടതു്; കോടികത്തിലല്ല.

7 വാളിയം 2. പേജ് 308. "ഏണികിശോരമിഴിമാരുടെ സജ്ജനാർത്ഥം"—അശ്ലീലം. സർഗ്ഗം, സജ്ജനം രണ്ടും വ്യാകരണമനുവദിക്കുന്നുണ്ടു്. സൃഷ്ടി എന്ന അർത്ഥത്തിൽ 'സജ്ജനം' പ്രയോഗിച്ചു കണ്ടിട്ടില്ല. ശ്രീമാൻ നായർ വിസർഗ്ഗത്തിന്നു വിസജ്ജനമെന്നു പ്രയോഗിക്കുന്നതാണോ?

8 വാളിയം. 2. പേജ്. 451. "വ്യാകീർണ്ണമായൊരു തുഷാപരിപാടിപോലെ, വ്യാപിച്ചിട്ടുണ്ടവി ശീതകരാംശുപുഞ്ജം"—വ്യാഖ്യാനത്തിലും "തുഷാ" എന്നു പ്രയോഗിച്ചുകാണുന്നു. ഇതു രാഷ്ട്രഭാഷയായിവരുന്ന ഹിന്ദിയിൽ സ്വീകാര്യമാവാം.

വാളിയം 2. പേജ്. 541.

9 കുട, ചൂഡാമണി, തിലകം,
കൗസ്തുഭ, മരി, നാഭി പദ്മമെന്നിവയായ്
വിക്രമനായി വളർന്നൊരു
ശക്രകനിഷ്ഠനഹോ ക്രമാലക്കൻ.

സഹസ്രനാമത്തിൽ വിഷ്ണുവിന്നു വിക്രമനെന്നും പേരുകാണുന്നുണ്ടു്. കവിതയിൽ ത്രിവിക്രമനെന്നേ പ്രയോഗിച്ചു കണ്ടിട്ടുള്ളൂ.

10 വാളിയം. 2. പേജ്. 563. "യുവതിയുവാക്കന്മാർക്കു് ഏകശേഷം വന്നാണ് യുവാക്കളെന്നായിരിക്കുന്നതു്"—അസംബന്ധം. യുവതീശബ്ദം യുവത് എന്നതിൽ നിന്നുണ്ടായതാണു്. ഇവിടെ ഏകശേഷം വരുന്നതു വ്യാകരണസൂത്രംകൊണ്ടോ ഇന്ദ്രജാലംകൊണ്ടോ?

11 വാളിയം. 2. പേജ്. 591.

പ്രായം നല്ല പെരുപ്പമുന്മദപരം; മാസം മരം കോച്ചിടും
വ്യായത്യുദ്ധതരാത്രിചേർന്ന മകരം ദുർവ്വാരമാരാക്രമം
നായർസ്ത്രീമണി, വിപ്രനാം പതി വിദൂരസ്ഥൻ സമീപേ സജാ-
തീയൻ സുന്ദരനാം യുവാ; വിനി വൃഥാപഖ്യാതി സൂക്ഷിക്കുക.

ഇതിലെ 'നായർസ്ത്രീമണി'യുടെ ഔചിത്യം വ്യക്തമല്ല. ദ്വിതീയാക്ഷരപ്രാസത്തിന്നുവേണ്ടി ചിലപ്പോൾ അർത്ഥം വേണ്ടെന്നുവെയ്ക്കാം; എന്നാൽ ഒരു സമുദായത്തെ നിന്ദിക്കുന്നതു സാഹസമാണു്. 'വ്യായത്യുദ്ധതരാത്രി'—അർത്ഥം വല്ലതും വിചാരിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കണം. വ്യായതി=വ്യായാമം. ആയതി എന്നായാൽ കഷ്ടിച്ചു ഒപ്പിക്കാം.

പി. ദാമോദരമേനോൻ.